# വേദ ദർശനം




## മതഭീകരവാദവും പൗരോഹിത്യ രാഷ്ട്രീയവും

## മീർസ പ്രവാചകനോ?

ഖുർആനിൽ നിന്നകന്ന മുസ്‌ലിം സമൂഹം





# ബുർഖയ്ക്കെതിരെ പാക്കിസ്ഥാൻ നാടകസംഘം

ശക്തമായ സന്ദേശങ്ങളുള്ള കലാസൃഷ്ടിയെ തളയ്ക്കാൻ ഒരു നിരോധനത്തിനുമാവില്ലെന്ന് തെളിയിച്ച് 'ബുർഖാ വഗൻസ' എന്ന പാക്കിസ്ഥാനി നാടകം രാജ്യത്തിന്റെ അതിർത്തികൾ ഭേദിച്ച് ജൈത്രയാത്ര തുടരുന്നു. പ്രൊഫഷണൽ നാടക ട്രൂപ്പായ അജോക തിയേറ്ററിന്റെ ഈ നാടകം 2007ൽ ആണ് പാക്കിസ്ഥാനിൽ നിരോധിച്ചത്. ബുർഖകളുടെ അപായ സൂചനയെക്കുറിച്ച് പ്രതിപാദിക്കുന്ന 'ബുർഖാ വഗൻസ'യ്ക്ക് പാക്കിസ്ഥാന് പുറത്ത് നല്ല സ്വീകരണമാണ് ലഭിക്കുന്നത്. ഈയിടെ തൃശൂരിൽ നടന്ന അന്താരാഷ്ട്ര നാടകോത്സവത്തിലും അവതരിപ്പിച്ച ഈ നാടകം ഏറെ പ്രശംസ പിടിച്ചുപറ്റി.

മനുഷ്യന്റെ വികാര വിചാരങ്ങൾ അടിച്ചമർത്തപ്പെടുന്ന വേഷമാണ് ബുർഖ എന്ന് 'ബുർഖാ വഗൻസ' ചൂണ്ടിക്കാട്ടുന്നു. ഇസ്‌ലാമിക രാഷ്ട്രങ്ങളിൽ ബുർഖ തീവ്രവാദത്തിന്റെ മുഖംമൂടിയാവുന്നു. മാരകായുധങ്ങൾ ഒളിപ്പിച്ചുവയ്ക്കാനും സംസ്കാരങ്ങളെ ഉന്മൂലനം ചെയ്യാനുമുള്ള വേഷവിധാനമായിരിക്കുന്നു അത്. ഇസ്‌ലാമിക ജീവിതത്തിൽ മുഖവും ശരീരവും മറയ്ക്കുന്ന ബുർഖയുടെ പ്രസക്തിയെന്തെന്ന ചോദ്യം നാടകം പ്രേക്ഷകർക്ക് മുന്നിൽ വയ്ക്കുന്നു.

ഖുസ്രു, ഹസീന എന്നിവരുടെ പ്രണയത്തിലൂടെയാണ് നാടകം തുടങ്ങുന്നത്. രംഗത്ത് എത്തുന്നവരെല്ലാം പൊലീസും തീവ്രവാദികളും മാതാപിതാക്കളും ബുർഖാ ധാരികളുമാണ്. മനുഷ്യന്റെ മുഖം മാത്രം കാണാനില്ല. ബുർഖാ വിഷൻ എന്ന ടി വി ചാനലിന്റെ വാർത്താ വായനക്കാരിയും സീരിയൽ അഭിനേതാക്കളും ബുർഖാ ധാരികളാണ്. ഇവിടെ വികാരങ്ങൾ മൂടിവയ്ക്കപ്പെടുന്ന പരിഹാസം സംവിധായകൻ വെളിപ്പെടുത്തുന്നു. സ്വന്തം കാമുകിയുടെ സൗന്ദര്യം കാണാനാവാത്ത കാമുകൻ, മകളെ തിരിച്ചറിയാനാവാത്ത മാതാപിതാക്കൾ, ആരാണ് തീവ്രവാദിയെന്ന് മനസ്സിലാക്കാനാവാതെ കുഴങ്ങുന്ന പൊലീസ്.

സ്ത്രീക്കും പുരുഷനും എത്രത്തോളം, എങ്ങനെയൊക്കെ ബുർഖ ധരിക്കാമെന്ന ചർച്ചയ്ക്ക് മനുഷ്യവംശത്തിന്റെ ചരിത്രത്തിന്റെ പിൻബലം നൽകാൻ മതപണ്ഡിതർ ശ്രമിക്കുന്നുണ്ട്. ജനാധിപത്യത്തിന്റെ അംശങ്ങൾ ചോർന്നുപോയ സമൂഹത്തിൽ ബുർഖയെ മറയാക്കി യാഥാസ്ഥിതികതയും അമേരിക്കൻ മോഹങ്ങളും എങ്ങനെ ഐക്യപ്പെടുന്നുവെന്ന സന്ദേശവും നാടകം നൽകുന്നു.

ബുർഖയ്ക്കിടയിൽ ഒളിഞ്ഞുകയറുന്ന യാങ്കിപ്പതാകയുടെ ദൃശ്യം മാത്രം മതി ബുർഖയുടെ പ്രത്യയശാസ്ത്രം സാർവലൗകികമെന്ന് തെളിയിക്കാൻ. ബുർഖ ഒരു പ്രത്യയശാസ്ത്രമെന്ന നിലയിൽ ഏതേത് തലങ്ങളെ പ്രതിനിധാനം ചെയ്യുന്നുവെന്ന് സാക്ഷാത്കാരകൻ ഷാഹിദ് നദീം ചൂണ്ടിക്കാട്ടുന്നു.

ബുർഖയ്ക്ക് ലിംഗമില്ല. അത് പുരുഷനോ സ്ത്രീയോ ആകാം. ഖുസ്രുവിനും ഹസീനയ്ക്കും പിറക്കുന്ന കുഞ്ഞും ബുർഖയ്ക്ക് അടിയിലാണ്. അത് ആണോ പെണ്ണോ? ചർച്ചകളും തർക്കങ്ങളും തുടരുമ്പോൾ ഒരാൾ പറയുന്ന ഉത്തരം 'അത് മൂന്നാംലോക പൗരനാണ്' എന്നാണ്. ഇങ്ങനെ സാർവദേശീയമായ ഉയർന്ന വിതാനത്തിലേക്ക് കൂടി നാടകത്തെ വികസ്വരമാക്കുമ്പോൾ 'ബുർഗാ വഗൻസ' പാക്കിസ്ഥാന്റെ മാത്രം അനുഭവമല്ലെന്നാണ് അണിയറ പ്രവർത്തകർ സൂചിപ്പിക്കുന്നത്.



നൃത്തവും പാട്ടും ചേർന്ന് പരിഹാസത്തിന്റെ അകമ്പടിയോടെ അവതരിപ്പിച്ച നാടകം കാണികളുടെ പ്രതീക്ഷകളെ കെടുത്തിയില്ല. പോരാട്ടത്തിന്റെ ഒരു തിയേറ്റർ തന്നെയായ 'ബുർഖാ വഗൻസ' സജീവമായ ചർച്ചകൾക്ക് വഴിയൊരുക്കുന്നതാണ്.

*(കടപ്പാട്: ജനയുഗം)*



ഫെബ്രുവരി
2010


# വേദ ദർശനം

പുസ്തകം-1 ലക്കം-2

ഖുർആൻ സുന്നത്ത് സൊസൈറ്റി മുഖപത്രം



## പത്രാധിപ സമിതി

മുതൂർ അബൂബക്കർ
(ചീഫ് എഡിറ്റർ)

കെ.കെ. സാലിം ഹാജി
(പ്രിന്റർ & പബ്ലിഷർ)

എൻ.ടി.എ. കരീം
(കോ-ഓർഡിനേറ്റർ)

കെ. ശാഹുൽ ഹമീദ്
ഡോ. അബ്ദുൽ ജലീൽ പുറ്റെക്കാട്
ബീരാൻകുട്ടി കുനിയിൽ
അബ്ദുൽ റഹ്മാൻ കുത്തുപറമ്പ്
കെ.ടി. മുഹമ്മദ് കുട്ടി
ബി.വി. സക്കീർ
(എഡിറ്റർമാർ)



ഡി.ടി.പി.
നാഷണൽ ഗ്രാഫിക്സ്
കോഴിക്കോട് - 4

ഡിസൈനിംഗ് & പ്രിന്റിംഗ്
ഗുരു ഓഫ്സെറ്റ് & ഗ്രാഫിക്സ്
കോഴിക്കോട്. Ph: 9388678779



വിലാസം:
വേദ ദർശനം, പി.ബി. നമ്പർ143
കോഴിക്കോട് - 673001
E-mail: vedadarsanam@mail.com


## അകത്താളുകളിൽ


| | |
|---|---|
| ബുർഖയ്ക്കെതിരെ പാക്കിസ്ഥാൻ നാടകസംഘം | 2 |
| നിലപാട് | 4 |
| കേൾക്കേണ്ട ശബ്ദം | 5 |
| ഇൻബോക്സ് | 5 |
| ഖുർആനിൽ നിന്നകന്ന മുസ്‌ലിം സമൂഹം | 6 |
| മതഭീകരതയും പൗരോഹിത്യ രാഷ്ട്രീയവും | 10 |
| തീവ്രവാദത്തിന്റെ വേരുകൾ കേരളത്തിലും | 14 |
| ഒറ്റക്കെട്ടായി നിൽക്കണം | 14 |
| അലൈസല്ലാഹു ബി അഹ്കമിൽ ഹാകിമീൻ | 17 |
| ചേകനൂർ വധത്തിൽ ഐഎസ്ഐക്ക് പങ്ക്? | 18 |
| അക്ഷരാഭ്യാസം: ഒന്നാമത്തെ ഇസ്‌ലാംകാര്യം | 20 |
| മീർസാ ഗുലാം അഹമ്മദ് പ്രവാചകനോ? | 24 |
| ഹെൽപ്പ്ലൈൻ | 26 |
| ഖുർആനും മുസ്‌ലിം പിന്തുടർച്ചാവകാശവും | 27 |
| സർവമത സത്യവാദം ഖുർആനിൽ | 28 |
| ഹദീസ് നിരൂപണം ഖുർആനിലൂടെ | 33 |
| മതേതര ഇന്ത്യയിൽ മതന്യൂനപക്ഷങ്ങളുടെ പങ്ക് | 34 |
| പ്രസ്ഥാന വാർത്തകൾ | 37 |



ഒറ്റപ്രതി സംഭാവന : 12 രൂപ.
വാർഷിക സംഭാവന : 120 രൂപ.
വിദേശത്തേക്ക് : 540 രൂപ.

എം.ഒ. അയക്കുമ്പോൾ മണി ഓർഡർ ഫോറത്തിൽ സന്ദേശം എഴുതാനുള്ള ഭാഗത്ത് വ്യക്തമായ വിലാസം (പിൻകോഡ് സഹിതം) എഴുതേണ്ടതാണ്. അപൂർണമായ വിലാസം കാരണം വേദ ദർശനം തപാലിൽ കിട്ടാതെ വന്നാൽ ഞങ്ങൾ ഉത്തരവാദികളായിരിക്കില്ല.

കോ-ഓർഡിനേറ്റർ

**INTERNAL CIRCULATION ONLY**

***(വീണ്ടും നാം ഉപദേശിക്കുന്നു) ഇത് (ഈ ഖുർആൻ) തന്നെയാകുന്നു നേരായ മാർഗം. നിങ്ങൾ അതിനെ പിന്തുടരുക. (മതപരമായ വിഷയങ്ങളിൽ) മറ്റു മാർഗങ്ങൾ നിങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽ നിന്ന് നിങ്ങളെ വ്യതിചലിപ്പിച്ചു കളയും. നിങ്ങൾ സൂക്ഷ്മത പാലിക്കാൻ അവൻ നിങ്ങൾക്ക് നൽകിയ ഉപദേശമാണിത്.***

***(വി.ഖു. 6:153)***

## നിലപാട്

# 'അല്ലാഹു' മുസ്‌ലിംകളുടെ മാത്രം കുത്തകയോ ?

അല്ലാഹു എന്ന പദം മുസ്‌ലിംകളല്ലാത്തവർക്കും അവരുടെ പ്രഭാഷണങ്ങളിലും ലേഖനങ്ങളിലും ഉപയോഗിക്കാമെന്ന് ഒരു മലേഷ്യൻ ജഡ്ജി ഈയിടെ വിധിക്കുകയുണ്ടായി. അത് പ്രാവർത്തികമാക്കുന്നതിനു മുമ്പു തന്നെ ആ വിധി പ്രസ്താവം അതേ ന്യായാധിപന് പിൻവലിക്കേണ്ടി വന്നു. മുസ്‌ലിംകൾക്ക് മാത്രമേ അല്ലാഹു എന്ന പദപ്രയോഗത്തിന് അർഹതയുള്ളൂവെന്നും ദൈവം എന്ന അർഥത്തിൽ മറ്റുള്ളവർ ഇതുവരെ ഏത് പദമാണോ ഉപയോഗിച്ചത് മേലിലും അങ്ങനെത്തന്നെയേ ഉപയോഗിക്കാൻ പാടുള്ളൂവെന്നുമുള്ള മുറവിളിയുടെ അടിസ്ഥാനത്തിലാണ് നീതിപീഠത്തിന്റെ പിൻവലി. മേൽവിലാസമില്ലാത്ത ഈ മുറവിളിക്ക് നേതൃത്വം നൽകിയത് അവിടത്തെ മുസ്‌ലിം സംഘടനകളാണത്രെ. ദൈവത്തെ കുറിച്ചും ഇസ്‌ലാമിനെ കുറിച്ചും ഒരു പിടിപാടുമില്ലാത്ത 'ഉത്തമ വിശ്വാസികൾ' അങ്ങ് മലേഷ്യയിലുമുണ്ടെന്ന് ചുരുക്കം. അല്ലാഹു എന്നത് മുസ്‌ലിംകളുടെ ദൈവം ആണെന്ന ഒരടിസ്ഥാനവുമില്ലാത്ത ചിന്തയുടെ പശ്ചാത്തലത്തിലാണ് പലരും ഇത്തരം വിശ്വാസങ്ങൾ വച്ചുപുലർത്തുന്നത്.

യഥാർഥത്തിൽ അല്ലാഹു മുസ്‌ലിംകളുടെ മാത്രം ദൈവത്തിന്റെ മൊത്തത്തിലുള്ള പേരല്ലെന്നും പ്രത്യുത ദൈവത്തിന് അറബിയിൽ പറയുന്ന പേര് മാത്രമാണെന്നുമുള്ള ബാലപാഠം ഇനിയും വേണ്ടവിധം പഠിപ്പിക്കപ്പെടേണ്ടതുണ്ട്. അല്ലാഹു, ഈശ്വരൻ, ദൈവം, ആണ്ടവൻ, യഹോവ എന്നിവയെല്ലാം യഥാർഥത്തിൽ ഒരേ ഒരു ശക്തിയിലേക്ക് ചേർത്തിപ്പറയുന്ന വ്യത്യസ്ത പേരുകളാണെന്നും ഏതൊരാൾക്കും ജാതി-മത-വർണ-വർഗ-ദേശ വ്യത്യാസമന്യേ അവന്റെ ഭാഷയ്ക്കും മറ്റും പൊരുത്തപ്പെടുന്ന തരത്തിൽ യഥേഷ്ടം ഉപയോഗിക്കാവുന്നതാണെന്നും നാമിനിയും മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഒരു പ്രത്യേക മതക്കാർ, ജാതിക്കാർ അല്ലെങ്കിൽ ഭാഷക്കാർ മാത്രമേ അല്ലാഹു എന്ന നാമത്തെ ഉപയോഗിക്കാൻ പാടുള്ളൂ എന്ന ശാഠ്യം പാടില്ല. തന്റെ പേരിലുള്ള ഇത്തരം അനാവശ്യ ബഹളങ്ങൾ ദൈവം ഒരിക്കലും ഇഷ്ടപ്പെടില്ല. ഇത്തരം സങ്കുചിത ചിന്തകൾക്ക് കടിഞ്ഞാണിട്ടില്ലെങ്കിൽ അല്ലാഹുവിന്റെ ഭവനങ്ങളായി പറയപ്പെടുന്ന മുസ്‌ലിം പള്ളികൾ മാത്രമേ സംരക്ഷിക്കപ്പെടേണ്ടതുള്ളൂവെന്നും മറ്റു സഹോദര സമുദായങ്ങളുടെ ആരാധനാലയങ്ങൾക്ക് അർഹിക്കുന്ന അംഗീകാരവും സംരക്ഷണവും വേണ്ടതില്ലെന്നുമുള്ള വഴിമാറിയ ചിന്തയിലേക്ക് ഒരു വിഭാഗമെങ്കിലും നയിക്കപ്പെടും. എല്ലാ ആരാധനാലയങ്ങളും സംരക്ഷിക്കപ്പെടേണ്ടതുണ്ടെന്ന വിശുദ്ധ ഖുർആന്റെ വ്യക്തമായ പ്രഖ്യാപനത്തിനെതിരായിരിക്കുമതെന്ന് പറയാതെ വയ്യ.

ഏതൊരു രാജ്യത്തും മാനവസൗഹാർദവും സഹിഷ്ണുതയും പൂത്തുലയുന്ന നല്ല വിധികൾ കോടതികൾ പ്രഖ്യാപിക്കുമ്പോൾ അത്തരം വിധികൾ സ്വീകരിക്കുകയും അതിന് പ്രചാരം നൽകുകയുമാണ് ജനം ചെയ്യേണ്ടത്. "നൻമയോട് നിങ്ങൾ സഹകരിക്കുകയും തിൻമയോട് നിങ്ങൾ പ്രതികരിക്കുകയും ചെയ്യുക" എന്ന ഖുർആൻ സൂക്തം ഇത്തരം സന്ദർഭങ്ങളിൽ ശ്രദ്ധേയമാണ്. ⊘






മൗലവി ചേകനൂരിനെ തട്ടിക്കൊണ്ടുപോയി വധിച്ചത് ആരാണെന്ന് മാലോകർക്കെല്ലാം സുവ്യക്തമായി അറിയാമെങ്കിലും ആ മതകിങ്കരന്മാരെ അരിയിട്ടുവാഴിക്കുന്ന ഇടതന്മാരും വലതന്മാരുമാണിപ്പോൾ തീവ്രവാദത്തെ പ്രതിരോധിക്കുന്നതിൽ തങ്ങളാണ് മുൻപന്തിയിൽ എന്ന് നിർലജ്ജം അവകാശപ്പെടുന്നത്.

***ഹമീദ് ചേന്നമംഗലൂർ***



ഖുർആൻ പഠിപ്പിക്കുന്ന മൂല്യങ്ങൾ ലോകത്തിന് മുന്നിൽ അവതരിപ്പിക്കാൻ മുസ്‌ലിം യുവജനം തയ്യാറാവണം.

***ഡോ. ചന്ദ്രാ മുസഫർ***
(മലേഷ്യൻ സാമ്പത്തികശാസ്ത്ര വിദഗ്ധൻ)



അറിവിന് വേണ്ടിയുള്ള അർപ്പണത്തിന് ഏറ്റവും പ്രാധാന്യം നൽകിയ മതമാണ് ഇസ്‌ലാം.

***സൽമാൻ ഖുർഷിദ്***
(കേന്ദ്ര മന്ത്രി)



മാനവസൗഹാർദംതകർക്കാനും വർഗീയത വളർത്താനും കേരളത്തിൽ മുൻകാലങ്ങളിലും ശ്രമം നടന്നിട്ടുണ്ട്. മലപ്പുറം ജില്ലാ രൂപവത്കരണ സമയത്ത് ഒരു പത്രവും ചില രാഷ്ട്രീയ പ്പാർട്ടികളും ഇതിന് കൊണ്ടുപിടിച്ച ശ്രമം നടത്തിയിരുന്നു.

***ശൈഖ് മുഹമ്മദ് കാരക്കുന്ന്***



സ്ത്രീകൾക്ക് വളരെയേറെ പ്രാധാന്യം നൽകുന്ന മതമാണ് ഇസ്‌ലാം. കുടുംബബന്ധം ശക്തമാക്കുന്നതിൽ ഇസ്‌ലാം മതം കൈക്കൊള്ളുന്ന കാഴ്ചപ്പാട് മററുള്ളവർ മാതൃകയാക്കണം.

***കെ.വി. തോമസ്***
(കേന്ദ്ര മന്ത്രി)

## ലേഖകരുടെ ശ്രദ്ധയ്ക്ക്

വേദ ദർശനത്തിലേക്ക് അയയ്ക്കുന്ന സൃഷ്ടികൾ കടലാസിന്റെ ഒരു വശത്ത് മാത്രം വൃത്തിയായി, വരികൾക്കിടയിൽ വേണ്ടത്ര അകലമിട്ട് എഴുതാൻ ശ്രദ്ധിക്കുക. ടൈപ്പ് ചെയ്ത് ഇ-മെയിലായും അയയ്ക്കാം. ലേഖനങ്ങൾ സ്വീകരിക്കാനോ തിരസ്കരിക്കാനോ ഉള്ള അവകാശം പത്രാധിപ സമിതിയിൽ നിക്ഷിപ്തമായിരിക്കും.

വിലാസം:
പി.ബി. നമ്പർ 143
കോഴിക്കോട് - 673 001.
E-mail: vedadarsanam@mail.com

## ഇൻബോക്സ് Inbox

### അഭിനന്ദനങ്ങൾ

വേദ ദർശനം കണ്ടു. ഒത്തിരി വൈകിയാണെങ്കിലും ഇറങ്ങിയല്ലോ. കെ.എസ്.എസ്സിന്റെ പേരിൽ മറ്റൊരു നാണക്കേട് മാസിക ഇറങ്ങുന്നുണ്ട്. അതിന്റെ സർക്കുലേഷൻ ചുരുങ്ങിച്ചുരുങ്ങി ഇപ്പോൾ 240 കോപ്പിയിൽ എത്തിയെന്ന് വണ്ടൂരുകാർ പറയുന്നു. അതെന്തായാലും ആ നാണക്കേട്, വേദ ദർശനത്തിന്റെ മേന്മകൊണ്ട് മാറിക്കിട്ടണം. നമ്മുടെ ഭാഷ ഖുർആനിക ശാസനകൾക്ക് വിരുദ്ധമാവാതിരിക്കാൻ ശ്രദ്ധിക്കുക. ആരെയും വ്യക്തിപരമായി അധിക്ഷേപിക്കാനാവരുത് കെ.എസ്.എസ്സിന്റെ മുഖപത്രം. തെറി എഴുതുന്നവർ അത് നിർബാധം തുടരട്ടെ. രണ്ടും വിലയിരുത്തുമ്പോഴാണല്ലോ വ്യത്യാസം ജനത്തിന് മനസ്സിലാവുക. ആശംസകളോടെ...

**ഇഖ്ബാൽ, കുമരനെല്ലൂർ**
iqbalkkd@yahoo.com

# ഖുർആനിൽ നിന്നകന്ന മുസ്‌ലിം സമൂഹം




**വി.കെ. എഞ്ചിനീയർ, മുടവനൂർ**

വിശുദ്ധ ഖുർആനിലെ ഓരോ വാക്കിനും വ്യത്യസ്ത അർഥങ്ങളുണ്ടെന്നും അത് പഠിക്കാൻ പോയാൽ സമയം കളയാനേ ഉപകരിക്കൂ എന്നും ഖുർആൻ ജീവിതത്തിൽ പകർത്താനുള്ള എളുപ്പ വഴി നബിചര്യ എന്ന് പേരിട്ടു വിളിക്കുന്ന ഹദീസുകൾ അനുസരിച്ച് ജീവിതം ക്രമപ്പെടുത്തുകയാണെന്നും വിശ്വസിക്കുന്നവരാണ് ഇസ്‌ലാം മതക്കാരിൽ ബഹുഭൂരിഭാഗവും. അങ്ങനെ ഭൂമിയിലുള്ള ഏതാണ്ട് മുഴുവൻ ആളുകളും ബഹുഭൂരിപക്ഷത്തെ അനുകരിക്കുകയും ഖുർആൻ വിരുദ്ധ ആശയങ്ങളിലേക്ക് അവർ അറിയാതെ പടുകുഴിയിൽ വീഴുകയും ചെയ്യുന്ന കാഴ്ചയാണ് ഖുർആൻ ആശയങ്ങൾ പഠിക്കുന്ന ഒരു സത്യാന്വേഷിക്ക് കാണാൻ കഴിയുന്നത്.

"ഭൂമിയിലുള്ളവരിൽ അധികപേരെയും താങ്കൾ അനുസരിക്കുന്നപക്ഷം അല്ലാഹുവിന്റെ വഴിയിൽ നിന്നു അവർ തെറ്റിച്ചുകളയുന്നതാണ്. ഊഹം മാത്രമാണ് അവർ പിന്തുടരുന്നത്. അവർ അനുമാനിക്കുക മാത്രമാണ് ചെയ്യുന്നത്'' എന്ന് 6:116ൽ അല്ലാഹു വ്യക്തമാക്കുന്നു.

ഇന്ന് നമ്മുടെ നാട്ടിൽ വിവിധ ഇസ്‌ലാം മത സംഘടനകളുണ്ട്. (രണ്ട് സുന്നികൾ, രണ്ടു മുജാഹിദുകൾ, ജമാഅത്തെ ഇസ്‌ലാമിക്കാർ, അഹ്മദിയാക്കൾ, തബ്‌ലീഗുകാർ, ഷിയാക്കളിൽ തന്നെ പല വിഭാഗങ്ങൾ). അവരെല്ലാം വിഭാഗീയ മതക്കാരാണ്. "തീർച്ചയായും തങ്ങളുടെ മതത്തിൽ ഭിന്നതയുണ്ടാക്കുകയും കക്ഷികളായിത്തീരുകയും ചെയ്തവരാരോ അവരുമായി താങ്കൾക്ക് ഒരു ബന്ധവുമില്ല." (6:159).

ഇന്ന് നബി നമ്മുടെ കൂടെ ഉണ്ടായിരുന്നെങ്കിൽ 6:159 പ്രകാരം അദ്ദേഹം ആരുടെയും പക്ഷത്ത് ചേരാതെ ഇസ്‌ലാം ദീൻ അഥവാ ഖുർആനിക നിർദേശമനുസരിച്ച് ഈ ജീവിതക്രമം പിന്തുടരുമായിരുന്നു.

വിഭാഗീയ ചിന്താഗതിക്കാരായ ഇസ്‌ലാം മതവിഭാഗങ്ങളെയല്ല; ഒന്നിച്ചു നിൽക്കുന്ന 'ഇസ്‌ലാം ദീൻ' എന്ന ദൈവിക ജീവിതക്രമത്തെയാണ് അല്ലാഹു ഉദ്ദേശിച്ചത്.

പ്രവാചക ശ്രേഷ്ഠനും സൽസ്വഭാവങ്ങളുടെ മൂർത്തീഭാവവുമായിരുന്ന മുഹമ്മദിനെ ഈ ഭൂമിയിൽ ഖുർആൻ അനുസരിച്ച് ജീവിതക്രമം പടുത്തുയർത്താനാണ് നിയോഗിച്ചത്.

"നിന്നെ (നബിയെ) മനുഷ്യർക്കാകമാനം സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീതു നൽകുന്നവനും ആയിട്ടാണ് അയച്ചിട്ടുള്ളത്. പക്ഷേ മനുഷ്യരിൽ അധികപേരും ഈ സത്യം അറിയുന്നില്ല" (34:28) എന്ന് ഖുർആൻ പറയുന്നു.

"നൂഹിനോടു കൽപ്പിച്ചതും നിനക്ക് നാം ബോധനം നൽകിയതും ഇബ്രാഹിം, മൂസ, ഈസ എന്നിവരോടു നാം കൽപ്പിച്ചതുമായ കാര്യം നിങ്ങൾ നേരാം വിധത്തിൽ നിലനിർത്തുക. അതിൽ നിങ്ങൾ ഭിന്നിക്കാതിരിക്കുക. ഈ കാര്യം നിങ്ങൾക്ക് നിയമമാക്കിയിരിക്കുന്നു. എന്നാൽ ബഹുദൈവ വിശ്വാസികൾക്ക് (വിശ്വാസത്തിൽ മായം കലർത്തുന്നവർക്ക്) ഇത് വളരെ അസഹ്യമായി തോന്നുന്നു. താൻ ഉദ്ദേശിക്കുന്നവരെ (ശരിയായ സത്യവിശ്വാസികളെ) അല്ലാഹു തന്റെ അടുത്തേക്ക് തിരഞ്ഞെടുക്കുന്നു. താഴ്മയോടെ ഖേദിച്ചു മടങ്ങുന്നവരെ അവനിലേക്കുള്ള മാർഗത്തിൽ നയിക്കുകയും ചെയ്യുന്നു." (42:13).

ഇബ്രാഹിം നബിയുടെ മില്ലത്തിനെ പിൻപറ്റുക എന്നു പറഞ്ഞാൽ കറകളഞ്ഞ ഏകദൈവ വിശ്വാസം നിലനിർത്തുകയും ദൈവ കൽപനകളിൽ മായംകലർത്താതിരിക്കുകയും ചെയ്യലാണ്.

പ്രവാചകന്റെ കാലത്ത് തന്നെ ദൈവകൽപ്പനകളിൽ മായം കലർത്താൻ അവിടെയുള്ള സ്വാർഥമതികളായ പുരോഹിതവർഗവും അവരുടെ അനുയായികളും ശ്രമിച്ചിരുന്നു എന്ന സത്യം ഖുർആൻ വിവരിക്കുന്നുണ്ട്.

"നിനക്ക് ബോധനം നൽകിയിട്ടുള്ളതിൽ നിന്നു അവർ നിന്നെ മാറ്റാൻ ഒരുങ്ങിയിരിക്കുന്നു.

**ഖുർആനെ ഓതാൻ മാത്രം ഉപയോഗിച്ച കാലം കഴിഞ്ഞു. അർഥവും അട്ടിമറികളും കണ്ടുപിടിക്കുന്ന വലിയൊരു വിഭാഗം ഇന്ന് ലോകത്തിന്റെ നാനാ ഭാഗത്തും ഉണ്ട് എന്നത് വളരെ ആശ്വാസകരം തന്നെ. ഖുർആനിലെ യഥാർഥ ആശയങ്ങൾ പുറത്തുവരുന്ന കാലം വിദൂരമല്ല.**

നീ നമ്മുടെ മേൽ അതല്ലാത്ത വല്ലതും കെട്ടിച്ചമയ്ക്കാനാണ് അവർ ആഗ്രഹിക്കുന്നത്. (അങ്ങനെ നീ ചെയ്യുന്നപക്ഷം) അവർ നിന്നെ മിത്രമായി സ്വീകരിക്കുക തന്നെ ചെയ്യും." (17:73).

അവരുടെ ശ്രമം, പിൽക്കാലത്ത് വിജയിച്ചതായി നമുക്ക് സാക്ഷ്യം വഹിക്കാൻ കഴിയുന്നുണ്ട്. നബിയോട് ഇക്കാര്യത്തിൽ ജാഗരൂകരായിരിക്കാൻ പറയുന്ന വേറെയും ആയത്തുകൾ ഖുർആനിൽ നമുക്ക് വായിക്കാം. ഇസ്‌ലാമിന്റെ ശത്രുക്കൾ നടത്തിയ അട്ടിമറികൾ എന്തൊക്കെയാണെന്ന് ഫുർക്കാൻ (സത്യാസത്യ വിവേചന ഗ്രന്ഥം) നമ്മുടെ കയ്യിലുള്ളപ്പോൾ കണ്ടുപിടിക്കാൻ വലിയ പാണ്ഡിത്യമൊന്നും ആവശ്യമില്ല. ഖുർആനിൽ അല്ലാഹു ലളിതമാക്കിയ ആശയങ്ങളിലേക്ക് ഒന്നു കണ്ണോടിച്ചാൽ മാത്രം മതി.

അല്ലാഹു പറയുന്നു. "(ഈ ഖുർആൻ) ലോകനാഥനിൽ നിന്നു അവതരിപ്പിച്ചതാകുന്നു. നമ്മുടെ പേരിൽ എന്തെങ്കിലും കെട്ടിയുണ്ടാക്കിയാൽ നാം പ്രവാചകനെ വലതുകൈ കൊണ്ട് (ശക്തമായി) പിടിക്കുമായിരുന്നു. പിന്നെ ജീവനാഡിയെ നാം മുറിച്ചുകളയുമായിരുന്നു. അപ്പോൾ നിങ്ങളിൽ ആരുംതന്നെ അദ്ദേഹത്തിൽനിന്നു (ആ ശിക്ഷ) തടയുന്നവരായി ഉണ്ടാവുകയില്ല." (69:41-47).

ഖുർആൻ വിരുദ്ധ ആശയങ്ങൾ ഇസ്‌ലാം മതത്തിൽ കൂട്ടിച്ചേർക്കുക, ഖുർആനിലെ വാക്കുകൾക്ക് പല വ്യത്യസ്ത അർഥങ്ങൾ കൊടുക്കുക എന്നീ അട്ടിമറികൾ ചെയ്താണ് 17:73ലും മറ്റും പറഞ്ഞ കാര്യങ്ങൾ ഇസ്‌ലാമിന്റെ ശത്രുക്കൾ സാധിച്ചെടുത്തത്.

അതുകൊണ്ട് തന്നെ അല്ലാഹു പ്രവചിക്കുന്നതു വായിക്കുക. "അന്ന് (അന്ത്യനാളിൽ) നബി പറയും; എന്റെ ജനത ഈ ഖുർആനെ അഗണ്യമായി തള്ളിയിരിക്കുന്നു." (25:30). രണ്ടു കാര്യങ്ങൾ നബി വിട്ടേച്ചുപോയി എന്നു സദാ പ്രസംഗങ്ങളിൽ ഉരുവിടുന്ന പണ്ഡിതന്മാർ ഈ സൂക്തം കണ്ടില്ലെന്നോ? അതോ, ഓതുമ്പോൾ അവർക്കു അന്ധത ബാധിച്ചുവോ?

ഖുർആനെ ഓതാൻ മാത്രം ഉപയോഗിച്ച കാലം കഴിഞ്ഞു. അർഥവും അട്ടിമറികളും കണ്ടുപിടിക്കുന്ന വലിയൊരു വിഭാഗം ഇന്ന് ലോകത്തിന്റെ നാനാ ഭാഗത്തും ഉണ്ട് എന്നത് വളരെ ആശ്വാസകരം തന്നെ.

ഖുർആനിലെ യഥാർഥ ആശയങ്ങൾ പുറത്തുവരുന്ന കാലം വിദൂരമല്ല. ഇസ്‌ലാമിന്റെ ശത്രുക്കളാൽ പടുത്തുയർത്തിയ ഖുർആൻ വിരുദ്ധ വിഭാഗീയ മതങ്ങളാണ് ഇന്ന് ലോകത്ത് അധികവും. ഇസ്‌ലാം ദീൻ ഖുർആനിൽ ഒരിക്കലും മായ്ക്കപ്പെടാതെ കിടക്കുകയും ചെയ്യുന്നു.

ഖുർആൻ പറയുന്ന ഒരു ആയത്ത് ശ്രദ്ധിക്കുക. "അല്ലാഹുവിന്നു പുറമെയുള്ളവരെ (അത് ആരായിരുന്നാലും; പ്രവാചക ശ്രേഷ്ഠനാണെങ്കിൽക്കൂടി) അവനു സമമാക്കുന്ന ചില ആളുകളുണ്ട്. അല്ലാഹുവിനെ സ്നേഹിക്കുന്നതുപോലെ അവർ അവരെയും സ്നേഹിക്കുന്നു. പക്ഷേ ശരിയായ സത്യവിശ്വാസികൾ അല്ലാഹുവിനോട് ശക്തമായ സ്നേഹമുള്ളവരത്രെ." (2:165).

ഈ വചനം ഒരു സത്യവിശ്വാസി ഏറ്റവുമധികം സ്നേഹിക്കേണ്ടത് അല്ലാഹുവിനെയാണ് എന്ന് വ്യക്തമാക്കുന്നു. അതുപോലെ പല പ്രവാചകന്മാരും കഴിഞ്ഞുപോയിട്ടുണ്ടെന്നും അവർക്കെല്ലാം ഒരേ ഉപദേശമാണ് അല്ലാഹു കൊടുത്തതെന്നും അവർ തമ്മിൽ ഒരു വ്യത്യാസവും ഒരു സത്യവിശ്വാസി കാട്ടരുതെന്നും 2:285, 4:152, 42:13ലൂടെയും മറ്റും അല്ലാഹു പറയുന്നു.

വിഭാഗീയ മതക്കാർ നബിയോടുള്ള സ്നേഹം വർധിപ്പിക്കാനായി പ്രത്യേക രീതിയിലുള്ള സലാത്തു ചൊല്ലുകയും നബിയുടെ ഉപ്പാപ്പമാരുടെ പേരുകൾ പഠിപ്പിക്കുകയും നബിദിനം കൊണ്ടാടുകയും ദുആകളിലും മറ്റും, നമ്മുടെ ശുപാർശകനായ നബിക്ക് അല്ലാഹുവിന്റെ രക്ഷ ഉണ്ടാകട്ടെ എന്ന് പറയുകയും ചെയ്യുന്നു!

17:73ൽ അല്ലാഹു പ്രവചിച്ച "കൂട്ടിച്ചേർത്താൽ അവർ താങ്കളുടെ ഉത്തമ സുഹൃത്തുക്കളായിരിക്കും" എന്നതിന്റെ തുടർച്ചയാണ് അത് എന്നു മനസ്സിലാക്കാൻ പ്രയാസമില്ല. ശരിയായ സത്യവിശ്വാസം 4:136ൽ വിവരിച്ചിരിക്കുന്നു.

"സത്യവിശ്വാസികളേ, അല്ലാഹുവിലും അവന്റെ ദൂതനിലും, അവന്റെ ദൂതന് അവൻ അവതരിപ്പിച്ച ഗ്രന്ഥത്തിലും അതിന് മുമ്പ് അവതരിപ്പിച്ച ഗ്രന്ഥങ്ങളിലും നിങ്ങൾ വിശ്വസിക്കുവിൻ. അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ ഗ്രന്ഥങ്ങളിലും (തൗറാത്ത്, ഇഞ്ചീൽ, ഖുർആൻ മുതലായവ) അവന്റെ ദൂതന്മാരിലും അന്ത്യദിനത്തിലും ആരെങ്കിലും അവിശ്വസിക്കുന്ന പക്ഷം നിശ്ചയമായും അവൻ പിഴച്ചുപോയിരിക്കുന്നു." (4:136).

42:13, 2:136, 3:84 എന്നിവിടങ്ങളിലെല്ലാം തന്നെ വിശ്വാസകാര്യങ്ങൾ അല്ലാഹു ഉണർത്തുന്നു. ഇവയൊക്കെയാണ് ശരിയായ സത്യവിശ്വാസം. ഖുർആൻ മാത്രം പോരാ എന്നു പറയുന്നവർ, ഖുർആൻ പരിപൂർണമാണ് എന്നു പറയുമെങ്കിലും വിശ്വാസത്തിൽ മായം കലർത്തിയവരാണ്.

പ്രവാചക സ്നേഹം, അല്ലാഹുവിനോടുള്ള



സ്നേഹത്തേക്കാൾ കൂടുമ്പോൾ ഈസാ നബിയുടെയും മറ്റും അനുയായികൾ ശിർക്കിലേക്കും കുഫ്‌രിലേക്കും പോയതുപോലെ വിശ്വാസികളും അകപ്പെടുന്നു.

നബിയുടെ 30 ഉപ്പാപ്പമാരുടെ പേരുകൾ പഠിപ്പിക്കുന്നതിന് പകരം ഖുർആന്റെ മുപ്പതിലധികം നാമങ്ങൾ (വിശേഷണങ്ങൾ) നമ്മെ പഠിപ്പിച്ചിരുന്നുവെങ്കിൽ ഖുർആനിക ആശയങ്ങൾ മനസ്സിലാക്കാൻ ഓരോ സത്യവിശ്വാസിയേയും അത് സഹായിക്കുമായിരുന്നു.

അല്ലാഹു ഖുർആനെ അൽ ഹക്ക് എന്നു വിളിക്കുന്നത് പലയിടങ്ങളിലും കാണാവുന്നതാണ്. "എന്തുകൊണ്ടെന്നാൽ സത്യനിഷേധികൾ അസത്യത്തെയാണ് പിന്തുടരുന്നത്. വിശ്വസിച്ചവരാകട്ടെ തങ്ങളുടെ രക്ഷിതാവിൽ നിന്നുള്ള സത്യത്തെയാണ് പിൻപറ്റിയത്. അല്ലാഹു ജനത്തിന് അവരുടെ മാതൃകകൾ വിവരിക്കുന്നു." (47:3).

ഇവിടെ അല്ലാഹു വിവരിക്കുന്നു എന്നെഴുതിയത് ശ്രദ്ധേയമാണ്. ആ സത്യനിഷേധികൾ ആരായിരുന്നു? ഖുർആന്റെ കൂടെ കുറേക്കൂടി കാര്യങ്ങൾ കൂട്ടണമെന്ന് 10:15ലും 17:73ലും ആവശ്യപ്പെട്ടവർ!

"നിശ്ചയമായും അവരുടെ ചരിത്രത്തിൽ ബുദ്ധിമാന്മാർക്ക് പാഠമുണ്ട്. ഇത് കെട്ടിയുണ്ടാക്കാവുന്ന വാർത്തയല്ല. അതിന് മുമ്പുള്ളതിനെ ശരിവയ്ക്കുന്നതും, എല്ലാ കാര്യങ്ങളെ സംബന്ധിച്ച വിവരണവും, വിശ്വസിക്കുന്നവർക്കു മാർഗ ദർശനവും ആകുന്നു അത്." (12:111).

ഇവിടെ, കെട്ടിയുണ്ടാക്കിയ ഒരു ഹദീസ് ഇറക്കാൻ പോകുന്നു എന്നു സൂക്ഷ്മ ജ്ഞാനിയായ അല്ലാഹു ആ പ്രയോഗത്തിലൂടെ നമുക്ക് സൂചന തരുന്നു. ഇനി ജനത്തിന് ഹദീസ് തന്നെ വേണമെന്നു ശാഠ്യമുണ്ടോ? എങ്കിൽ അല്ലാഹു പറയുന്നത് ശ്രദ്ധിക്കുക.

"അല്ലാഹുവാണ് ഏറ്റവും ഉത്തമമായ വാർത്തകൾ (അഹ്സനൽ ഹദീസ്) അവതരിപ്പിച്ചിരിക്കുന്നത്. അഥവാ വചനങ്ങൾക്ക് പരസ്പരം യോജിപ്പുള്ളതും ആവർത്തിക്കപ്പെടുന്ന വചനങ്ങളു

ള്ളതുമായ ഒരു ഗ്രന്ഥം.” (39:23). മേലെഴുതിയത് സത്യാന്വേഷികൾ ഖുർആന്റെ ശരിയായ ആശയങ്ങൾ മനസ്സിലാക്കാൻ ഉപകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട വചനമത്രെ. ആശയങ്ങൾ വൈരുധ്യമാവാൻ പാടില്ല; ആവർത്തിക്കപ്പെടുന്ന വചനങ്ങളിൽ എന്നു പറയുമ്പോൾ ഓരോ വാക്കിനും ഒഹദ് മലയോളം വിവിധ അർഥങ്ങളുണ്ട് എന്ന വ്യാജപ്രചാരണത്തെ തകർക്കാനാണ് അല്ലാഹു ഇങ്ങനെ പ്രയോഗിച്ചത് എന്നു ബുദ്ധിയുള്ളവർക്ക് മനസ്സിലാവുന്നു.

ഖുർആന്റെ വിശേഷനാമങ്ങൾ നമുക്കിങ്ങനെ സംഗ്രഹിക്കാം: 1) അൽ ഹക്ക്. 2) ഹദീസ്.
3) അഹ്സനൽ ഹദീസ്. 4) കിത്താബ്.
5) ഹുദ. (മാർഗ ദർശനം).
6) ബസാഇൗ ലിന്നാസി. (ജനമനസ്സുകളുടെ കണ്ണു തുറപ്പിക്കുന്നത്).
7) റഹ്മത്ത്. (കാരുണ്യം).
8) ബയ്യിനാത്തും മിനൽ ഹുദ. (നേർവഴി തെളിക്കുവാനുള്ള വെളിപ്പെടുത്തലുകൾ).
9) അൽ ഫുർക്കാൻ. (സത്യാസത്യ വിവേചന പ്രമാണം).
10) ആയാത്ത്, ആയാത്തും ബയ്യിനാത്ത്. (ദൈവിക വചനങ്ങൾ, അമാനുഷികമായി വെളിപ്പെടുത്തപ്പെട്ട വചനങ്ങൾ).
11) സിറാത്തുൽ മുസ്ത്തക്കീം. (നേരായ മാർഗം).
12) കഴിഞ്ഞുപോയവരുടെ ഉപമ വിവരിക്കുന്ന അവതരണം.
13) മൗഇളത്ത്. (സാരോപദേശം).
14) അൽ ബലാഗ്. (വ്യക്തമായ ഉൽബോധനം).
15) അൽ ബുർഹാൻ. (ന്യായപ്രമാണം).
16) ഹബ്ലുല്ലാഹി. (അല്ലാഹു ഇട്ടുതന്ന പാശം).
17) ബയാൻ. (വിളംബരം).
18) അൽ ഹിക്മ. (ജ്ഞാനം).
19) അൽ ഇൽമ്. (വിജ്ഞാനം).
20) അദ്ദിക്ക്ർ. (സന്ദേശം).
21) അൽ മീസാൻ. (തെറ്റും ശരിയും തൂക്കുന്നത്).
22) ഇമാം. (പിന്തുടരുന്നത്).
23) ഷിഫാഉൻ ലിമാ ഫീസുദൂരിന്നാസി. (മനസ്സുകളിലുള്ള രോഗത്തിന്നു ശമനം).
24) കലിമാത്തില്ലാഹി. (അല്ലാഹുവിന്റെ വാക്കുകൾ).
25) അൽ ഖൗൽ. (വചനം).
26) ഖൗലുസ്സാബിത്ത്. (സത്യവിശ്വാസത്തിൽ ഉറപ്പിച്ചുനിർത്തുന്ന വചനം).
27) മാ ഉൻസില ഇല റസൂൽ. (നബിക്കിറങ്ങിയത്).
28) മാ ഊഹിയ ഇല റസൂൽ. (പ്രവാചകനു വഹ്യ് കിട്ടിയത്).
29) ഹുജ്ജത്തുല്ലാഹി. (അല്ലാഹുവിന്റെ ന്യായവാദം).
30) അർറഹ്മ. (അനുഗ്രഹം).
31) അൽ ഖുർആൻ. (വായിച്ചു പഠിക്കാനുള്ളത്).
32) ഖൗലു റസൂലിൻ കരീം. (ഉദാരനായ നബിയുടെ വചനങ്ങൾ).
33) നൂർ. (പ്രകാശം).

ഖുർആന്റെ മേൽ കൊടുത്ത വിശേഷ നാമങ്ങൾ പഠിക്കുന്ന ആൾക്ക്, ആശയങ്ങളുടെ സമഗ്രവും വിശാലവുമായ വിജ്ഞാനം ലഭ്യമാവുന്നു. സുന്ദരവും ഉത്തമവുമായ ഹദീസ് അല്ലാഹുവിന്റെ കിത്താബാണെന്നും അതിലല്ലാതെ പിന്നെ ഏത് ഹദീസിലാണ് നിങ്ങൾ വിശ്വസിക്കുന്നതെന്നുമുള്ള ആവർത്തിച്ചുള്ള ചോദ്യം വിഭാഗീയ ചിന്താധാരക്കാരായ ഇസ്‌ലാം മതവിശ്വാസികളോടല്ലാതെ വേറെ ആരോടാണ് ചോദിക്കുന്നത്? അല്ലാഹു വിശ്വസിക്കാൻ പറഞ്ഞ ദൈവിക ഗ്രന്ഥങ്ങളിലല്ലാതെ മറ്റു മനുഷ്യ നിർമിത കിത്താബുകളെ വിശ്വസിക്കരുതെന്നാണ് 45:6, 7:185, 77:50 എന്നീ ആയത്തുകളിൽ അല്ലാഹു പറയുന്നത്. വിശ്വാസത്തിൽ മായം കലർത്തുന്നത് ശിർക്കും കുഫ്റും ആകുന്നു. അല്ലെങ്കിൽ പ്രസ്തുത വചനങ്ങളെ നിഷേധിക്കുന്നു എന്ന് അവർക്ക് പറയാൻ ഒക്കുമോ? നിഷേധിക്കുന്നു എന്നാണെങ്കിലും ചിലത് വിശ്വസിക്കുകയും ചിലത് നിഷേധിക്കുകയും ചെയ്യുന്നവർ തീർച്ചയായും 'കാഫിർ' എന്ന 4:150-151 ആയത്തുപ്രകാരമാണ് അത് സ്ഥാപിക്കുന്നത്.

ഖുർആൻ മുറുകെ പിടിക്കണമെന്നു അല്ലാഹു പറയുമ്പോൾ അത് പോരാ, നബിയുടെ ഹദീസും വേണം എന്നു നിർബന്ധമുള്ളവരെ എന്തു ചെയ്യണമെന്ന് ദൈവം മുന്നറിയിപ്പ് നൽകുന്നത് ഇങ്ങനെയാണ്:

''അതുകൊണ്ട് എന്നെയും ഈ സന്ദേശത്തെയും (ഖുർആനെ) തള്ളിക്കളയുന്നവരെ വിട്ടേക്കുക. തങ്ങളറിയാത്തവിധം നാം അവരെ പടിപടിയായി പിടിക്കുന്നതാണ്. (68:44).

ഇതേ സൂറയിൽ തന്നെ 37-ാം വാക്യത്തിൽ അല്ലാഹു ചോദിക്കുന്നത് “അതോ നിങ്ങൾക്ക് വേറെ വല്ല ഗ്രന്ഥവുമുണ്ടോ (ഖുർആൻ അല്ലാതെ!)'' എന്നാണ്. ഇന്നത്തെ ജമാ-മുജാ-സുന്നികൾ “ഉണ്ട്; ബുഖാരി, മുസ്‌ലിം എന്നിവരുടെ ഗ്രന്ഥങ്ങൾ” എന്നായിരിക്കുമല്ലോ മറുപടി പറയുന്നത്!

അപ്പോൾ കാര്യം വ്യക്തമാണ്. ഖുർആൻ അനുസരിച്ച് ജീവിക്കുന്നവരെ മുസ്‌ലിം എന്നും ബുഖാരി, മുസ്‌ലിം പ്രകാരം ജീവിക്കുന്നവരെ മുജ്‌രിം (കുറ്റവാളികൾ) എന്നും അല്ലാഹു ഇവിടെയും വേർതിരിക്കുന്നു.

തങ്ങളുടെ സ്ഥാനം എവിടെയെന്ന് ബുഖാരിയെയും മുസ്‌ലിമിനെയുമൊക്കെ വാരിപ്പുണരുന്നവർ ഇനിയെങ്കിലും മനസ്സിലാക്കട്ടെ.





# മത ഭീകരതയും പൗരോഹിത്യ രാഷ്ട്രീയവും

**കുറ്റം ചെയ്തവരുടെ മേൽ കൈവയ്ക്കുമ്പോൾ ഭരണവർഗ ത്തിന്റെ തുറിച്ചുനോട്ടം നിയമപാലകരെ മൗനപാലകരാക്കി മാറ്റുന്നു. ഇവിടെ രാഷ്ട്രീയ-മത കൂട്ടുകെട്ടിന്റെ ലക്ഷ്യം നിറവേറ്റപ്പെടുകയും ചെയ്യുന്നു. ഇത്തരം സാഹചര്യങ്ങളിൽ അറബി നാമധാരികൾ പിടിക്കപ്പെടുന്നുവെങ്കിൽ അതിന്റെ പൂർണ ഉത്തരവാദിത്തം പൗരോഹിത്യത്തിന് തന്നെയാണ്.**

**എം.പി.എം. കോയ, പെരുമണ്ണ**

ഭീകരാക്രമണങ്ങളുടെയും നിരപരാധികളെ ഉൻമൂലനം ചെയ്യുന്ന ബോംബ് സ്ഫോടനങ്ങളുടെയും ഞെട്ടിപ്പിക്കുന്ന വാർത്തകൾ കണ്ടും കേട്ടും ലോകജനത നൊമ്പരപ്പെടുകയാണിന്ന്. രാഷ്ട്രങ്ങൾ രാഷ്ട്രങ്ങളുടെ നേരെയും സമൂഹങ്ങൾ സമൂഹങ്ങളുടെ നേരെയും വംശനാശം വരുത്തുന്ന മാരകായുധങ്ങൾ പ്രയോഗിച്ചുകൊണ്ടിരിക്കുന്നു. കറുത്തവന്റെയും വെളുത്തവന്റെയും ജാതിയുടെയും മതത്തിന്റെയും കക്ഷിരാഷ്ട്രീയത്തിന്റെയും പേരിൽ വർഗീയതയുടെ വൻമതിലുകൾ ഉയർന്നുകൊണ്ടിരിക്കുന്നു. പലപ്പോഴും തീവ്രവാദവുമായി ബന്ധപ്പെട്ട് പിടിക്കപ്പെടുന്നത് അറബി നാമധാരികളാണ്.

ഇത്തരം ഭയാനകമായ നാശത്തിലേക്ക് വഴുതിവീണ മുസ്‌ലിം സഹോദരങ്ങളെ കൈപിടിച്ചുയർത്താൻ എന്തുണ്ട് മാർഗം എന്ന് ചിന്തിക്കുന്നതിനൊപ്പം അവരെ ഈ അവസ്ഥയിലെത്തിച്ചതിൽ മതപൗരോഹിത്യത്തിന് എത്രമാത്രം പങ്കുണ്ട് എന്ന് നാം വിലയിരുത്തേണ്ടതുണ്ട്. ഇത് ചർച്ച ചെയ്യുമ്പോൾ മുസ്‌ലിംകൾ മാത്രമാണ് ഭീകരവാദികൾ എന്നർഥമാക്കുകയല്ല. മത



ഒരു പ്രത്യേക മതവിഭാഗത്തിന്റെ മാത്രം ഗ്രന്ഥമല്ല ഖുർആൻ. അത് വിശ്വസിക്കുകയും ജീവിതത്തിൽ പകർത്തുകയും ചെയ്യുന്നവർ ഭീകരവാദികളാവുകയല്ല; ശാന്തിയുടെയും സമാധാനത്തിന്റെയും വക്താക്കളായി മാറുകയാണ് ചെയ്യുക

പൗരോഹിത്യം എന്ന് നാം അർഥമാക്കുന്നത് വിശ്വാസികളുടെ മേൽ ദൈവിക മതത്തെ തങ്ങളുടെ നിശ്ചിത താൽപര്യങ്ങൾക്കനുസരിച്ച് വളച്ചൊടിക്കുന്നവർ എന്നാണ്. അവരുടെ നിക്ഷിപ്ത താൽപര്യങ്ങൾ പ്രചരിപ്പിക്കണമെങ്കിൽ യഥാർഥ ദൈവിക ഗ്രന്ഥമായ വിശുദ്ധ ഖുർആൻ ലോകജനതയിൽ നിന്ന് മറച്ചുവയ്ക്കപ്പെടേണ്ടത് അവരുടെ ആവശ്യമാണ്. ഖുർആനും അതിന്റെ ആശയങ്ങളും ലോകജനതയുടെ മുന്നിൽ 14 നൂറ്റാണ്ടുകളോളം മറച്ചുവച്ചതും അവരവരുടെ മാതൃഭാഷയിൽ വായിച്ചു ഗ്രഹിക്കാനുതകുന്ന തരത്തിൽ പരിഭാഷപ്പെടുത്താനനുവദിക്കാതെ ഇത്രയും കാലം തടഞ്ഞുവച്ചതും പൗരോഹിത്യത്തിന്റെ തടസ്സവാദം ഒന്നുകൊണ്ട് മാത്രമായിരുന്നു.

ഖുർആൻ ലളിത സമ്പൂർണമാണ്. മനുഷ്യ നൻമയ്ക്ക് വേണ്ടി തിരിതെളിയിച്ച ദിവ്യ ജ്യോതിസ്സാണത്. അതിന്റെ പ്രകാശം കെടാതെ സൂക്ഷിക്കുന്നത് അല്ലാഹു തന്നെയാണ്. ഖുർആനെ സ്നേഹിക്കുന്നവർ അതിനെ ഒരു നിരുപദ്രവ ഗ്രന്ഥമായിക്കാണുന്നു. ഒരു ക്രൂരതയും ആർക്കും അതിനു മേൽ ആരോപിക്കാനാവില്ലതന്നെ. എന്നാൽ പൗരോഹിത്യം ഖുർആനെ മുഖംമൂടി അണിയിച്ചാണ് ജനത്തിന് മുന്നിൽ പ്രദർശിപ്പിച്ചു വന്നത്. അതിനെ മെരുക്കാൻ നിരവധി പാപ്പാൻമാരെയും തോട്ടികളെയും കാലാകാലങ്ങളിലായി അണിനിരത്തി. "ശുദ്ധിയില്ലാത്ത ജനമേ, നിങ്ങൾ അതിന് നേരെ അടുക്കരുത്. ഞങ്ങളല്ലാതെ അതിനെ ആരും തൊട്ടുപോകരുത്. അതിനുള്ളിൽ എന്താണെന്ന് ചോദിക്കുകയുമരുത്. ആ പരിശുദ്ധ വചനങ്ങൾ നമ്മുടെ ഭാഷയിൽ നിർവചിക്കുന്നത് വൻ കുറ്റങ്ങളിൽ ഒന്നാണ്" എന്നൊക്കെ ഇവർ പ്രചരിപ്പിച്ചുകൊണ്ടിരുന്നു. ഇവരുടെ ആദ്യകാല ഗുരുനാഥന്മാർ നബിയുടെ കാലശേഷം ഇസ്‌ലാമിലേക്ക് ചേക്കേറിവന്ന ജൂത പുരോഹിതന്മാരാണ് എന്ന് കാണാം. അവരുടെ അതിനിഗൂഢ പ്രവർത്തന ഫലമായി ഹിജ്റ ഒന്നാം നൂറ്റാണ്ടിൽ തന്നെ മത വിഷയത്തിൽ ദൂരവ്യാപകമായ തെറ്റിദ്ധാരണകൾക്ക് വഴിയൊരുക്കുകയും ഖുർആന്റെ അനുയായികളെ വിവിധ മദ്ഹബുകളായി തെറ്റിപ്പിരിയാൻ ഇടവരുത്തുകയും ചെയ്തു. തുടർന്ന് വന്ന വിരുദ്ധ ചേരികൾ തമ്മിൽ കലഹിക്കുകയും ചിലത് വളർന്ന് വരാതെ നശിക്കുകയും ശേഷിച്ചവ ഈ വർത്തമാന കാലത്തും വിവിധ കക്ഷികളായി പ്പിരിയുകയും പിളർന്നവരിൽ നിന്ന് വീണ്ടും പിളർന്ന് സംഘടനാബലം ക്ഷയിക്കുകയും പിളർന്നവരിൽ തങ്ങളാണ് ആദർശം മുറുകെപ്പിടിക്കുന്നവർ എന്ന് തെളിയിക്കാൻ ലക്ഷങ്ങൾ മുടക്കി സമ്മേളന മാമാങ്കം നടത്തുകയും ചെയ്യുന്ന കാഴ്ച നാം ഇപ്പോഴും കണ്ടുകൊണ്ടിരിക്കുന്നു.

ഇത്തരത്തിൽ കിടമത്സരം നടത്തുന്ന സംഘടനകൾ പിളരുംതോറും മറുചേരിയോടുള്ള




ശത്രുത എക്കാലത്തും തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇവർ യഥാർഥത്തിൽ ഖുർആന്റെ അനുയായികളായിരുന്നുവെങ്കിൽ, അവർ ഭിന്നിച്ച വിഷയത്തിൽ ഖുർആൻ കൊണ്ടുതന്നെ തീരുമാനം കൈക്കൊള്ളുമായിരുന്നു. എന്നാൽ ഖുർആൻ നിഷേധികൾ ഒരിക്കലും അവരുടെ പൗരോഹിത്യ ചട്ടക്കൂടുകൾക്കെതിരായി നിലകൊള്ളില്ല.

ഇത്തരം സംഘടനകൾ മത പഠനത്തിന് മദ്രസ മുതൽ കോളജ് വരെ നടത്തുന്നു. ഓരോ വിഭാഗത്തിനും വിദ്യാഭ്യാസ ബോർഡും കരിക്കുലവുമുണ്ട്. നമ്മുടെ പിഞ്ചുമക്കളെ അഞ്ചുവയസ്സു തികഞ്ഞാൽ മദ്രസാ പഠനത്തിന്നയക്കുന്നു. എതിർ ഗ്രൂപ്പുകളിലേക്ക് ആരും ആകർഷിക്കപ്പെടരുതെന്ന ചിന്താഗതിമൂലം തങ്ങളുടെ വിശ്വാസാദർശത്തിന്നനുകൂലമല്ലാത്തവരെ കണ്ടാൽ സലാം പറയരുതെന്നും അവർ സലാം പറഞ്ഞാൽ മടക്കരുതെന്നും ഈ കുഞ്ഞുങ്ങളെ പഠിപ്പിച്ചുവരുന്നു. ഇതിന്റെ പരിണിത ഫലം സ്വസമുദായത്തിലെ ഐക്യം എന്നെന്നേക്കുമായി തകരുക എന്നതാണ്.

സമസ്ത കേരള ഇസ്‌ലാം മത വിദ്യാഭ്യാസ ബോർഡ് അംഗീകരിച്ച നാലാം തരത്തിലെ അൽ അഹ്‌ലാഖ് എന്ന മദ്രസാ പാഠപുസ്തകത്തിലെ ആദാബുസ്സലാം എന്ന പാഠം കുട്ടികളെ പഠിപ്പിക്കുന്നത് കാണുക. "മുസ്‌ലിം സഹോദരൻമാരിൽ ആരെ കണ്ടുമുട്ടിയാലും സലാം പറയണം. അതു സുന്നത്താണ്. ഇസ്‌ലാമിലെ ഏറ്റവും പുണ്യമായ കാര്യം ഏതാണെന്ന് നബിയോട് ചോദിച്ചപ്പോൾ, ഭക്ഷണം നൽകലും നീയുമായി പരിചയമുള്ളവർക്കും അല്ലാത്തവർക്കും സലാം ചൊല്ലലുമാകുന്നു എന്നാണ് അവിടുന്ന് മറുപടി പറഞ്ഞത്. എന്നാൽ മുജാഹിദ്, ജമാഅത്തെ ഇസ്‌ലാമി മുതലായ പുത്തൻവാദികൾക്ക് സലാം പറയരുത്. ഇത് ഹദീസ് കൊണ്ട് സ്ഥിരപ്പെട്ടതാണ്." നബിയുടെ കാലത്ത് തന്നെ ജമാഅത്തെ ഇസ്‌ലാമിയും മുജാഹിദ് വിഭാഗവും പുത്തൻവാദികളും ഉണ്ടായിരുന്നുവോയെന്ന് ഇത് പഠിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾ പോലും ചിന്തിക്കാതെ പോവുന്നു! മുജാഹിദ് വിഭാഗവും ജമാഅത്തെ ഇസ്‌ലാമിയും തങ്ങളുടെ ആദർശ പ്രസ്ഥാനത്തിന് നബിയുടെ കാലത്തെ പാരമ്പര്യമുണ്ടെന്ന് ഭൂരിപക്ഷ വിഭാഗമായ സുന്നികൾ സമ്മതിക്കുന്നുവെന്ന് പ്രസംഗിച്ചു സന്തോഷം കൊള്ളുകയും ചെയ്യുന്നു.

ഈ പൗരോഹിത്യ മതം പഠിച്ചവർ ഈ 'സദുപദേശം' മരണംവരെ കാത്തുസൂക്ഷിക്കാൻ ശ്രമിക്കുകയും മുജാഹിദോ ജമാഅത്തോ ആയ മാതാപിതാക്കളോടോ ബന്ധുമിത്രാദികളോടോ അയൽവാസികളോടോ സുഹൃത്തുക്കളോടോ, ആരായിരുന്നാലും അവരോട് വിരോധം വച്ചുപുലർത്തുകയും

**ഭരണക്കസേരയിൽ കയറിയിരിക്കാൻ എന്തു നെറികേടും ചെയ്തുകൂട്ടാൻ മടിക്കാത്തവരാണ് രാഷ്ട്രീയക്കാർ. ഇവരുമായി മതസംഘടനകൾ കൈകോർക്കുമ്പോൾ ആ അവിശുദ്ധ കൂട്ടുകെട്ടിൽ നിന്ന് രൂപംകൊള്ളുന്ന ഒറ്റപ്പെട്ട കൊലപാതകമോ അവ സമൂഹത്തിൽ സൃഷ്ടിക്കുന്ന ഭീകരാന്തരീക്ഷങ്ങളോ പലപ്പോഴും വർഗീയ കലാപത്തിലേക്കും സ്ഫോടന പരമ്പരയിലേക്കും വഴിമാറുന്നു.**



ചെയ്യുന്നു. പുത്തൻവാദികളുടെ പള്ളികളിൽ കയറി ജമാഅത്ത് നമസ്കാരങ്ങളിൽ പങ്കെടുക്കരുതെന്നും അവരുടെ പള്ളിയിൽ നിന്ന് ബാങ്ക് വിളി കേട്ടാൽ നോമ്പ് തുറക്കരുതെന്നും അവർ ബലി അറുത്ത മാംസം സ്വീകരിക്കരുതെന്നും അവരുടെ ദാനധർമങ്ങൾ ബഹിഷ്കരിക്കണമെന്നും അവരുടെ മയ്യിത്ത് കാണുകയോ സംസ്കരണച്ചടങ്ങുകളിൽ പങ്കെടുക്കുകയോ പാടില്ലെന്നും അവരുമായി വിവാഹബന്ധം പോലും പാടില്ലെന്നും പറയുന്നവർ യഥാർഥ സുന്നികളായി അറിയപ്പെടുന്നു.

തന്റെ മത സങ്കല്പങ്ങൾക്കെതിരായ ഏതു മതസ്ഥരെ കണ്ടാലും അകമേ വെറുപ്പും പുറമെ മന്ദഹാസവും ചൊരിയുന്ന തലമുറയെ സൃഷ്ടിക്കാൻ മാത്രമാണ് മതപൗരോഹിത്യത്തിന് സാധിച്ചത്. സത്യത്തിന്റെയും കാരുണ്യത്തിന്റെയും സമത്വത്തിന്റെയും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും മതമായ ഇസ്‌ലാം ലോകത്ത് വരുത്തിയ ചരിത്രം കുറിച്ച മാറ്റങ്ങൾ വരും തലമുറ ഇവരിൽ നിന്നാണോ അതോ പൗരോഹിത്യം തൊട്ടുതീണ്ടാത്ത ഖുർആനിൽ നിന്നാണോ പഠിക്കേണ്ടത് എന്ന് സമുദായം തിരിച്ചറിയണം.

ഇത്തരം മത നേതാക്കളുടെയും അനുയായികളുടെയും കപട ജൽപ്പനങ്ങൾ ജനം തിരിച്ചറിയുമ്പോൾ തങ്ങളുടെ സ്ഥാനമാനങ്ങൾ നിലനിർത്താൻ ഓരോ പുരോഹിത സംഘടനയും രാഷ്ട്രീയക്കാരുടെ ചട്ടുകമായി വർത്തിക്കുന്നു. ഇന്ന് പൗരോഹിത്യത്തിന് നിലനിൽക്കണമെങ്കിൽ കക്ഷിരാഷ്ട്രീയം അനിവാര്യമാണ്. അതുകൊണ്ടു തന്നെ ഓരോ മത സംഘടനയും അവരുടേതായ രാഷ്ട്രീയ കാഴ്ചപ്പാടുകൾ വച്ചുപുലർത്തുന്നു. ഭരണക്കസേരയിൽ കയറിയിരിക്കാൻ എന്തു നെറികേടും ചെയ്തുകൂട്ടാൻ മടിക്കാത്തവരാണ് രാഷ്ട്രീയക്കാർ. ഇവരുമായി മതസംഘടനകൾ കൈകോർക്കുമ്പോൾ ആ അവിശുദ്ധ കൂട്ടുകെട്ടിൽ നിന്ന് രൂപംകൊള്ളുന്ന ഒറ്റപ്പെട്ട കൊലപാതകമോ അവ സമൂഹത്തിൽ സൃഷ്ടിക്കുന്ന ഭീകരാന്തരീക്ഷങ്ങളോ പലപ്പോഴും വർഗീയ കലാപത്തിലേക്കും സ്ഫോടന പരമ്പരയിലേക്കും വഴിമാറുന്നു. കുറ്റം ചെയ്തവരുടെ മേൽ കൈവയ്ക്കുമ്പോൾ ഭരണവർഗത്തിന്റെ തുറിച്ചുനോട്ടം നിയമപാലകരെ മൗനപാലകരാക്കി മാറ്റുന്നു. ഇവിടെ രാഷ്ട്രീയ-മത കൂട്ടുകെട്ടിന്റെ ലക്ഷ്യം നിറവേറ്റപ്പെടുകയും ചെയ്യുന്നു. ഇത്തരം സാഹചര്യങ്ങളിൽ അറബി നാമധാരികൾ പിടിക്കപ്പെടുന്നുവെങ്കിൽ അതിന്റെ പൂർണ ഉത്തരവാദിത്തം പൗരോഹിത്യത്തിന് തന്നെയാണ്.

ഇസ്‌ലാമിന്റെ ഏക പ്രമാണമായ ഖുർആൻ ജീവിതത്തിൽ പകർത്തി മുസ്‌ലിമായി ജീവിക്കുന്നവർക്ക് യഥാർഥ ഇസ്‌ലാമിനെ ജനത്തിന് പരിചയപ്പെടുത്താൻ തീർച്ചയായും അവകാശമുണ്ട്. ഇസ്‌ലാം എന്താണെന്നും അത് മാനവ ചരിത്രത്തിൽ വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയാണെന്നും ഖുർആനിൽ നിന്ന് തന്നെ തിരിച്ചറിയണം. അല്ലാതെ പൗരോഹിത്യത്തിന്റെ പാപപുസ്തകത്തിൽ നിന്നോ എണ്ണത്തിലും വണ്ണത്തിലുമുള്ള ഹദീസ് ഗ്രന്ഥങ്ങളിൽ നിന്നോ മദ്ഹബുകളുടെ വ്യാഖ്യാന പ്രമാണങ്ങളിൽ നിന്നോ ആയിരിക്കരുത്. ഇസ്‌ലാം അഥവാ ശാന്തിമാർഗം സ്വീകരിക്കുന്നവരുടെ പ്രമാണം ഖുർആൻ മാത്രമാണ്. അതിന്റെ നിയമ നിർദേശങ്ങൾ ജീവിതത്തിൽ പകർത്തുമ്പോഴാണ് നാം മുസ്‌ലിം അഥവാ ദൈവത്തിന് കീഴ്പ്പെട്ടവൻ ആയിത്തീരുന്നത്. ഒരു പ്രത്യേക മതവിഭാഗത്തിന്റെ മാത്രം ഗ്രന്ഥമല്ല ഖുർആൻ. അത് വിശ്വസിക്കുകയും ജീവിതത്തിൽ പകർത്തുകയും ചെയ്യുന്നവർ ഭീകരവാദികളാവുകയല്ല; ശാന്തിയുടെയും സമാധാനത്തിന്റെയും വക്താക്കളായി മാറുകയാണ് ചെയ്യുക.



# തീവ്രവാദത്തിന്റെ വേരുകൾ കേരളത്തിലും

■ അബീഷ് കൃഷ്ണൻ വെസ്റ്റ്ഹിൽ
abeeshkrishnan@gmail.com

തീവ്രവാദം എന്ന പദത്തിന്റെ പര്യാമായി മാറിയിരിക്കുന്നു ഇന്ന് മതമൗലികവാദം. എന്നാൽ ഒരു പ്രത്യേക മതത്തിൽ മാത്രമേ തീവ്ര വാദമുള്ളൂ എന്ന് കരുതുന്നത് മൗഢ്യമാണ്. തീർച്ചയായും വിധ്വംസക പ്രവണത ഹിന്ദു, മുസ്‌ലിം അതിർവരമ്പുകൾക്കും അപ്പുറമുള്ള യാഥാർഥ്യമാണ്. ബാബ്‌രി മസ്ജിദ് തകർക്കലും മാറാട് സംഭവവു മൊക്കെ തീവ്രവാദവും മതമൗലികതയും ഒന്നാണെന്ന ധാരണയിൽ ചിലരെ കൊണ്ടെത്തിച്ചിട്ടുണ്ടെങ്കിൽ അവരെ കുറ്റം പറയാനൊക്കില്ല. ഇങ്ങനെയൊക്കെയാണെങ്കിലും നമുക്ക് ആശ്വസിക്കാൻ വകയുണ്ട്.

നമ്മുടെ രാജ്യത്തെ ഭൂരിപക്ഷം വരുന്ന ഹിന്ദുസമൂഹം മത

## ഒറ്റക്കെട്ടായി നിൽക്കണം

■ കെ.എം. ഷാജി
(സംസ്ഥാന പ്രസിഡന്റ്, മുസ്‌ലിം യൂത്ത് ലീഗ്)



ഏത് മതക്കാരനായാലും വൈകാരികത യിൽ നിന്നാണ് തീവ്രവാദം ആരംഭിക്കുന്നത്. ഹിന്ദുത്വ ഫാസിസത്തിന്റെ ബൈപ്രൊഡക്റ്റാണ് ന്യൂനപക്ഷ തീവ്രവാദം. ഇവയൊന്നും യഥാർഥ മത വുമായി ബന്ധപ്പെട്ടതല്ല. തീവ്രവാദികൾ അതിലേക്ക് എത്തിപ്പെടുന്ന സാഹചര്യങ്ങളും പരിശോധിക്കേണ്ട തുണ്ട്. തടിയന്റവിട നസീർ എന്ന ചെറുപ്പക്കാരൻ നമ്മുടെ കൊച്ചുകേരളവും കടന്ന് അങ്ങ് പാക്കിസ്ഥാ നിലും ബംഗ്ലാദേശിലും വരെ തന്റെ തീവ്രവാദ ബന്ധം വളർത്തിയെടുത്തു. അബ്ദുൽ നാസർ മഅ്ദനിയുടെ ഐ.എസ്.എസ്സിൽ ആകൃഷ്ടനായാണ്




ദേശീയതയുടെ വക്താക്കളെ നിഷ്ഠൂരം പരാജയപ്പെടുത്തുന്നത് ഇന്ത്യയുടെ മതനിരപേക്ഷതാബോധത്തിന്റെ തെളിവല്ലേ? അതേസമയം ശിക്ഷയ്ക്ക് അർഹരായവരെ ഒറ്റപ്പെടുത്തുവാൻ സാമുദായിക നേതൃത്വം തന്നെ തയ്യാറാവുന്ന സമീപനം വാഴ്ത്തപ്പെടും. മുസ്‌ലിം സമൂഹത്തെ ആകെ സംശയത്തിന്റെ നിഴലിൽ നിർത്തുന്ന വലതുപക്ഷ ഹിന്ദു വർഗീയവാദത്തിന് കേരളത്തിൽ വേരോട്ടമുണ്ടാക്കുവാനുള്ള ശ്രമം അനുവദിച്ചുകൂടാ. നിരപരാധികളായ വലിയ ശതമാനം വരുന്ന മുസ്‌ലിം സഹോദരന്മാരുടെമേൽ തീവ്രവാദം ആരോപിക്കുന്നതും നിഷ്പക്ഷരായ ഹിന്ദുജനതയെ ഭയചകിതരാക്കി മൈത്രി തകർക്കാൻ ശ്രമിക്കുന്നതും എന്തുവിലകൊടുത്തും ചെറുക്കേണ്ടതുണ്ട്.

കുറ്റവാളികൾക്കെതിരെ കർശന നടപടിയെടുക്കുമ്പോൾ അതിനെ ഭരണകൂട ഭീകരതയായി ചിത്രീകരിക്കുന്നത് തീവ്രവാദത്തിന്റെ ഇരുണ്ട മുഖമാണ്. ഭിന്നിപ്പിച്ചു ഭരിക്കുക എന്ന ബ്രിട്ടീഷ് ഭരണതന്ത്രത്തിന്റെ പ്രേതം ഇപ്പോഴും നമ്മെ വിട്ടുപോകുന്നില്ലെന്ന സത്യം നാം അംഗീകരിച്ചേ മതിയാവൂ. രാജ്യത്തിന് ഹിതകരമല്ലാത്തത് സ്വന്തം താല്പര്യത്തിനു വിധേയമായി ചെയ്യുന്നത് കേരളത്തിന്റെ

നസീർ രംഗത്തെത്തിയത്. അവസാനം അയാൾ എവിടെ വരെയെത്തിയെന്ന് നാമറിഞ്ഞു.

മുസ്‌ലിം സമുദായത്തിൽ തീവ്രവാദം ഇല്ല എന്ന് പറയുന്നത് സത്യത്തിന് നിരക്കുന്നതല്ല. ഇതെല്ലാം ആർ.എസ്.എസ്സിന്റെ അജണ്ടയാണ് എന്ന് പറഞ്ഞ് തള്ളാൻ കഴിയില്ല. സമുദായത്തിന്റെ പേരിൽ നടക്കുന്ന തീവ്രവാദത്തിനെതിരെ ശക്തമായി പ്രതികരിക്കുന്ന വ്യക്തിയാണ് ഞാൻ. മത ഭീകരതയ്ക്കിരയായ മൗലവി ചേകനൂരിന്റെ രക്തസാക്ഷിത്വ വാർഷിക ദിനത്തിൽ കോഴിക്കോട് ഇൻഡോർ സ്റ്റേഡിയം ഹാളിൽ ചേർന്ന അനുസ്മരണ സമ്മേളനത്തിലും ഞാനെന്റെ ഈ നിലപാട് വ്യക്തമാക്കിയിരുന്നു. തീവ്രവാദത്തോടുള്ള എന്റെ ഇത്തരം സന്ധിയില്ലാ സമരം കാരണം ഇന്ത്യയിൽ നിന്നും വിദേശത്തുനിന്നുമായി എനിക്ക് ഒരുപാട് ഭീഷണിക്കോളുകൾ വന്നിട്ടുണ്ട്. വയനാട്ടിൽ നടന്ന മുജാഹിദ് സമ്മേളനത്തിലെ ഒരു സെമിനാറിൽ പങ്കെടുത്ത് എൻ.ഡി.എഫിന്റെ നേതാവും 'തേജസ്' ദിനപത്രത്തിന്റെ എഡിറ്റോറിയൽ ബോർഡ് അംഗവുമായ ഒരാൾ എനിക്കെതിരെ പ്രസംഗിച്ചത് "ഞങ്ങൾ പട്ടിപിടിത്തം നിർത്തി; അതുകൊണ്ട് ഈ പട്ടിയെ വെറുതെ വിടുന്നു" എന്നാണ്!

കേരളത്തിൽ തീവ്രവാദം വളരാതിരിക്കാൻ ഇടയായത് ഹിന്ദു ഫാസിസത്തെ ഹിന്ദുക്കളും മുസ്‌ലിം ഭീകരതയെ മുസ്‌ലിംകളും ഒറ്റക്കെട്ടായി ചെറുത്തതുകൊണ്ടാണ്. അതുകൊണ്ടുതന്നെ നമ്മുടെ നാട്ടിൽ നിന്ന് ചോര കുടിക്കാൻ കാത്തിരുന്ന കുറുക്കന്മാർ നിരാശരായി. ഈ ഐക്യം ശക്തിപ്പെടുത്തലാണ് നാടിനെ സ്നേഹിക്കുന്നവരുടെ ബാധ്യത.

രാഷ്ട്രീയ നഗ്നതയാണ്. അതുകൊണ്ട് തന്നെ നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി (എൻ.ഐ.എ.) തീവ്രവാദക്കേസുകൾ അന്വേഷിച്ചതുകൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടാവുമോ എന്ന് കണ്ടറിയണം. ഭരണപക്ഷത്തിന്റെ രാഷ്ട്രീയ അജണ്ടകൾ നടപ്പിൽ വരുത്തുന്നവരായി പൊലീസ് അധഃപതിച്ചിരിക്കുന്നു. ഒന്നാം പൊലീസ് കമ്മീഷൻ രാഷ്ട്രീയ മുക്ത പൊലീസിനു വേണ്ടി വാദിച്ചിട്ട് വർഷം 30ലേറെ ആയിരിക്കുന്നു.

ഹിന്ദു തീവ്രവാദം മുസ്‌ലിം തീവ്രവാദം എന്ന പദത്തോളം കുപ്രസിദ്ധി നേടാത്തതിനു കാരണം അത് ഒരു ആഗോള പ്രതിഭാസമായി മാറാത്തതുകൊണ്ടാണ്. ആളുകളെ കൊന്നൊടുക്കുന്നതിന് കിരാത രീതികൾ അവലംബിക്കുക വഴിയാണ് ഈ കുപ്രസിദ്ധി. അത് വിഭിന്ന രാജ്യങ്ങളിലെ വിവിധ പ്രശ്നങ്ങളോട് നശീകരണ ത്വരയോടെ പ്രതികരിക്കുന്നു. കേരളത്തിലും ഈ പ്രവർത്തനത്തിനു പതിപ്പുകളുണ്ടെന്ന് സമകാലിക സൂചനകൾ ലഭിച്ചിട്ടുണ്ട്. ഹിന്ദു-മുസ്‌ലിം തീവ്രവാദത്തിനു വേരുറയ്ക്കാനുള്ള സാമൂഹിക പരിസരം വേരോടെ അറുക്കുവാനുള്ള ഉത്തരവാദിത്തമാണ് പൗരസമൂഹത്തിനുള്ളത്. വാസ്തവവിരുദ്ധമായ പ്രചാരണങ്ങൾ ഉന്നയിക്കുന്നത് ഇരു സമുദായങ്ങളുടെയും പരസ്പരമുള്ള ആദരവിന് മുറിവേൽപ്പിക്കുകയേയുള്ളൂ. കുറ്റകൃത്യങ്ങളിൽ അറബി നാമധേയം പരതുന്ന പത്രപാരായണക്കാരുണ്ട്. എന്നാൽ സാക്ഷരതയിലും സാമൂഹിക പുരോഗതിയിലും പിന്നാക്കമായ ഒരു സമുദായത്തെ ഉയർത്തേണ്ടതിന്റെ ബാധ്യത ആരും ഏൽക്കുന്നുമില്ല. മുസ്‌ലിം സമുദായക്കാർ കൂടുതലുള്ള മലപ്പുറം തന്നെയാണ് കേരളത്തിൽ സാക്ഷരതയിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന ജില്ലയും. വ്യാവസായികമായും സാമൂഹികമായും പിന്നാക്കാവസ്ഥയിൽ തന്നെ അവർ. മുസ്‌ലിംകൾ കോഴി

**ഭരണപക്ഷത്തിന്റെ രാഷ്ട്രീയ അജണ്ടകൾ നടപ്പിൽ വരുത്തുന്നവരായി പൊലീസ് അധഃപതിച്ചിരിക്കുന്നു. ഒന്നാം പൊലീസ് കമ്മീഷൻ രാഷ്ട്രീയ മുക്ത പൊലീസിനു വേണ്ടി വാദിച്ചിട്ട് വർഷം 30ലേറെ ആയിരിക്കുന്നു.**

ക്കോട്ടെ ആശുപത്രികളിൽ കൂടുതൽ പ്രവേശിപ്പിക്കപ്പെടുവാൻ കാരണം അവരുടെ മാംസാഹാര വ്യഗ്രതയാണെന്ന് പറഞ്ഞു പരിഹസിക്കുന്നത് ഈ ലേഖകൻ പലപ്പോഴും കേൾക്കാനിടയായിട്ടുണ്ട്. പച്ചക്കറി കഴിക്കുന്ന ബ്രാഹ്മണരെ ഒറ്റ ആശുപത്രികളിലും അവർ കണ്ടിട്ടില്ലത്രെ. എന്നാൽ എന്തടിസ്ഥാനത്തിലാണ് അവർ ഈ പ്രചാരണം നടത്തുന്നത്? കോഴിക്കോടിന്റെ സമീപജില്ലകളിൽ നിന്ന് മെച്ചപ്പെട്ട സേവനം തേടി വരുന്നവരാണിവർ എന്ന് ബോധപൂർവം ഇക്കൂട്ടർ മറച്ചുപിടിക്കുന്നു. മുസ്‌ലിം സമുദായത്തെ അപേക്ഷിച്ച് ഇവിടെ എത്ര ബ്രാഹ്മണരുണ്ട്? കൂടാതെ ബ്രാഹ്മണരെ ആശുപത്രികളിൽ വച്ച് എങ്ങനെ തിരിച്ചറിയും? അതേപോലെ മലപ്പുറത്തും മറ്റുമുള്ള ഉയർന്ന ജനസംഖ്യാ വർധനയെ കുറിച്ച് ആശങ്കപ്പെടുന്നവരുമുണ്ട്. കേരളം ഈ അടുത്തുതന്നെ മുസ്‌ലിം ഭൂരിപക്ഷ സംസ്ഥാനമാകുമത്രെ. എന്നാൽ യാഥാർഥ്യമോ? കഴിഞ്ഞ രണ്ട് ദശകങ്ങളിലെ ജനസംഖ്യാ വളർച്ചാനിരക്കിൽ 11 പോയിന്റിന്റെ കുറവാണ് രേഖപ്പെടുത്തിയത്.

ഇതേപോലെ വസ്തുതകളെ ശരിയായി മനസ്സിലാക്കാതെ വിശ്വസിക്കുന്നവരിൽ മുസ്‌ലിം ഭീകരത എന്ന വാക്ക് മുസ്‌ലിംകൾ മൊത്തം സംശയത്തിന്റെ നിഴലിൽ നിർത്തേണ്ടവരാണെന്ന ധാരണ സൃഷ്ടിച്ചേക്കാം. അത് പലരും രാഷ്ട്രീയ മുതലെടുപ്പിന് ഉപയോഗിക്കുന്നു.

19-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഉയർന്നുവന്ന ഹിന്ദു വർഗീയവാദികളുടെ ഒരു മുദ്രാവാക്യമുണ്ട്. "പ്രാഥമികമായി ഞാനൊരു ഹിന്ദുവാണ്. എന്നിട്ടേ ഒരു ഇന്ത്യക്കാരനാവുന്നുള്ളൂ" ഇത് കേരളത്തിന്റെ പ്രത്യേക ചുറ്റുപാടിൽ നമുക്ക് തിരുത്താം. "പ്രാഥമികമായി നാമെല്ലാവരും പരസ്പരം സ്നേഹിക്കുന്നവരാകുന്നു. എന്നിട്ടേ ഇന്ത്യക്കാരനാകുന്നുള്ളൂ. പിന്നീടേ മതം വരുന്നുള്ളൂ."

തീവ്രവാദത്തെ ന്യായീകരിക്കേണ്ട അവസ്ഥയിലേക്ക് മുസ്‌ലിം സമുദായത്തെ എത്തിക്കാതിരിക്കാനുള്ള ബാധ്യത ഇവിടത്തെ ഭൂരിപക്ഷ ഹിന്ദു സമൂഹത്തിനുണ്ട്. വർഗീയത, വിഘടനവാദം, വിധ്വംസകത്വം എന്നിവയ്ക്ക് പകരം നമുക്ക് സ്നേഹം എന്ന പദത്തെ പരിച്ചുനടാം. ⃠

## വേദ ദർശനം ഇ-മെയിലിൽ

വിദേശത്ത് വേദ ദർശനത്തിന്റെ കോപ്പികൾ തപാലിൽ ലഭിക്കാൻ കാലതാമസമുണ്ടാവുന്നത് കണക്കിലെടുത്ത് വിദേശ മലയാളികളുടെ അഭ്യർഥന മാനിച്ച് ആവശ്യക്കാർക്ക് അടുത്ത ലക്കം മുതൽ വേദ ദർശനം ഇ-മെയിലായി അയച്ചുകൊടുക്കുന്നതാണ്. ഒരു വർഷത്തേക്ക് ഇന്ത്യയിൽ ഈടാക്കുന്ന സംഭാവനയായ 120 രൂപ മാത്രം ഇതിന് നൽകിയാൽ മതി. താല്പര്യമുള്ളവർ സംഭാവനയോടൊപ്പം തങ്ങളുടെ ഇ-മെയിൽ വിലാസം കൂടി അറിയിക്കുക. ഈ സൗകര്യം ഇന്ത്യയിൽ ലഭ്യമല്ല.

വിലാസം:
പി.ബി. നമ്പർ 143, കോഴിക്കോട് - 673 001.
E-mail: vedadarsanam@mail.com



*അബ്ദുൽ നാസർ മഅ്ദനി*

# അലൈസല്ലാഹു ബി അഹ്കമിൽ ഹാകിമീൻ

■ ഫൈസി സലാം



*സൂഫിയാ മഅ്ദനി*

**മു**ആവിയാ മതക്കാർ വർഷങ്ങൾക്ക് മുമ്പ് വളരെ ആസൂത്രിതമായി, മുന്തിയ കോലത്തിൽ നടപ്പാക്കിയ കൊല. സാക്ഷര കേരളത്തെ വേദനിപ്പിച്ച, വിജ്ഞാനദാഹികളായ ബുദ്ധിജീവികളെ കരയിപ്പിച്ച കൊല. അതേ, കാലത്തിന്റെ ഖുർആൻ വഴികാട്ടിയായ മൗലവി ചേകനൂരിന്റെ കൊല. ആ വാർത്ത കേട്ടപ്പോൾ തന്റെ നീണ്ട താടി ഉഴിഞ്ഞു ഒരാൾ പൊട്ടിപ്പൊട്ടിച്ചിരിച്ചു.

"അൽഹംദുലില്ലാ... വളരെ നന്നായി. ഇത് എന്നോ ചെയ്യേണ്ടതായിരുന്നു."

വീണ്ടും ദൈവത്തെ സ്തുതിച്ച് കൊലാഘോഷം പങ്കിട്ട ഉസ്താദ് മഅ്ദനി പക്ഷേ മൗലവി ചേകനൂരിന്റെ പത്നിമാരുടെയും മക്കളുടെയും കണ്ണീരു കണ്ടില്ല. എന്നാൽ സൂഫിയാ മഅ്ദനിയെ അറസ്റ്റ് ചെയ്തതോടെ ഹേ ഉസ്താദ്, താങ്കളുടെയും കുടുംബത്തിന്റെയും വിളറിയ മുഖവും കലങ്ങിയ കണ്ണുകളും ഞങ്ങൾ കണ്ടു! ഉപ്പ് തിന്നവൻ വെള്ളം കുടിക്കും.

അറിവിന്റെ കാലികതാരങ്ങളെ തല്ലിത്തകർക്കാൻ കലിതുള്ളി ചാടുന്നവർ ഈ ദൈവവചനം ഒന്നാഴത്തിൽ വായിക്കുക.

"അലൈസല്ലാഹു ബി അഹ്കമിൽ ഹാകിമീൻ." (95:8). അല്ലാഹുവിനേക്കാൾ വലിയ വിധികർത്താവ് ആരുണ്ട്...

## കേരളത്തിലെ മത തീവ്രവാദ സംഘടനകൾ

1. ജംഇയ്യത്തുൽ ഇഹ്സാനിയ.
2. ഇസ്ലാമിക് ദഅ്‌വാ മൂവ്മെന്റ്.
3. നാഷണൽ ഡവലെപ്പ്മെന്റ് ഫ്രണ്ട്.
4. മജിലിസ് തർബിയത്തുൽ മുസ്ലിമീൻ.
5. ഇസ്ലാമിക സാംസ്കാരിക സമിതി. (ഐ.എസ്.എസ്).
6. ജമാഅത്തെ ഇസ്ലാമി ഹിന്ദ്.
7. മുസ്ലിം ഐക്യവേദി.
8. ഹിന്ദു ഐക്യവേദി.
9. വിശ്വഹിന്ദു പരിഷത്ത്.
10. രാഷ്ട്രീയ സ്വയംസേവക് സംഘ്.
11. ഇസ്ലാമിക് പ്രൊപ്പഗേഷൻ കൗൺസിൽ.
12. ശിവസേന.
13. ബജ്രംഗ്ദൾ.

**(23-07-2002ന് അന്നത്തെ മുഖ്യമന്ത്രി എ.കെ ആന്റണി നിയമസഭയിൽ പ്രഖ്യാപിച്ചത്)**

**തിരുത്ത്**

ജനുവരി ലക്കത്തിൽ 'മുഹമ്മദ് നബിയും വറക്കത്ത് ജ്യോത്സ്യനും' എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ച ലേഖനത്തിൽ വറക്കത്ത് ബ്നു നൗഫൽ ജൂത പുരോഹിതനാണ് എന്ന പരാമർശം പിശകാണ്. അദ്ദേഹം ക്രിസ്തീയ പുരോഹിതനായിരുന്നു. അതേപോലെ ഹെൽപ്പ്‌ലൈനിൽ 'നബി തിരുമേനിയുടെയും യഥാർഥ അനുയായികളുടെയും കാലം കഴിഞ്ഞ് നൂറ്റാണ്ടുകൾക്ക് ശേഷം ഹജ്ജാജ് ബ്നു യൂസഫ് എന്നയാളാണ് ഇത് ചെയ്തത്' എന്ന വാചകം 'പതിറ്റാണ്ടുകൾക്ക് ശേഷം...' എന്ന് തിരുത്തി വായിക്കാനപേക്ഷ.

-എഡിറ്റർ

# ചേകനൂർ വധത്തിൽ ഐഎസ്ഐക്ക് പങ്ക്?



കേരളത്തിൽ മതതീവ്രവാദത്തിന് വേരോട്ടമുണ്ടായത് 1993 ജൂലൈ 29 മുതലാണ്. അന്ന് രാത്രിയിലാണ് മൗലവി ചേകനൂരിന്റെ രക്തസാക്ഷിത്വമുണ്ടായത്. വെറുമൊരു 'മാൻ മിസ്സിങ്' കേസായി രജിസ്റ്റർ ചെയ്യുന്നതിന് പകരം അന്നുതന്നെ ശക്തമായ നടപടികളുമായി മുന്നോട്ട് പോയിരുന്നെങ്കിൽ ഒരുപക്ഷേ കേരളത്തിൽ തീവ്രവാദം ഇത്രത്തോളം വളരില്ലായിരുന്നു. ഏതാനും പരൽമീനുകളെ അകത്താക്കി വമ്പൻ സ്രാവിനെ വെറുതെ വിട്ടതും അകത്തായവർ തന്നെ ഇപ്പോൾ നാട്ടിലിറങ്ങി തലയുയർത്തി നടക്കുന്നതും ഇവിടെ എന്തുചെയ്താലും ഒന്നും സംഭവിക്കില്ല എന്ന ധാരണയാണുണ്ടാക്കിയിരിക്കുന്നത്. ഇത് തീവ്രവാദത്തിന് വളക്കൂറുള്ള മണ്ണാക്കി നമ്മുടെ സംസ്ഥാനത്തെ മാറ്റിയെടുത്തു.

ചേകനൂർ കേസിൽ കാന്തപുരം എ.പി. അബൂബക്കർ മുസ്ല്യാരെ പ്രതിയാക്കണമെന്ന കെ.എസ്.എസ്സിന്റെ വീണ്ടുമുള്ള അഭ്യർഥനയിന്മേൽ പ്രത്യേക കോടതിയിൽ സി.ബി.ഐ. സമർപ്പിച്ച സത്യവാങ്മൂലം മാത്രം മതി ഈ കേസിനോടുള്ള അവരുടെ താല്പര്യം എത്രത്തോളമുണ്ടെന്ന് വ്യക്തമാക്കാൻ. (കാന്തപുരത്തെ പ്രതിയാക്കാൻ മതിയായ തെളിവുകളില്ലെന്നാണ് ഇപ്പോഴും സി.ബി.ഐയുടെ വാദം). ലഭ്യമായ സൂചനകളുടെ അടിസ്ഥാനത്തിൽ അന്വേഷണം നീങ്ങിയിരുന്നുവെങ്കിൽ വ്യക്തമായ തെളിവ് ലഭിക്കുമായിരുന്നു. ഒട്ടേറെ ഊമക്കത്തുകൾ സിബിഐക്കും മൗലവിയുടെ കുടുംബാംഗങ്ങൾക്കും ലഭിച്ചിരുന്നുവെങ്കിലും അവ അന്വേഷണം വഴിതിരിച്ചുവിടാൻ മനപ്പൂർവം ചില കേന്ദ്രങ്ങളിൽ നിന്നയച്ചതാവാമെന്ന നിഗമനത്തിൽ അവഗണിച്ചു. എന്നാൽ 1994 നവംബർ അവസാനവാരം മൗലവി ചേകനൂരിന്റെ പത്നി ഹവ്വാ ഉമ്മയ്ക്ക് ലഭിച്ച ഒരു കത്ത് ഇങ്ങനെ അവഗണിക്കാൻ പറ്റുന്ന ഒന്നായിരുന്നില്ല. ഷാർജയിൽ നിന്നയച്ച ആ കത്തിൽ അയച്ചയാളുടെ പേരും വിലാസവുമുണ്ടായിരുന്നു. അതുകൊണ്ടു തന്നെ ഊമക്കത്തായി തള്ളാൻ പറ്റാത്ത അതിലെ ഉള്ളടക്കത്തെ അന്വേഷണ ഉദ്യോഗസ്ഥർ ഒന്ന് ഗൗരവമായി കണ്ടിരുന്നുവെങ്കിൽ ഒരുപക്ഷേ 16 വർഷമായിട്ടും എങ്ങുമെത്താതെ കിടക്കുന്ന മൗലവി കേസിന് തുമ്പുണ്ടായേനെ. ഈ കത്തിന്റെ കോപ്പി ലോക്കൽ പൊലീസ് മുതൽ സിബിഐ വരെയുള്ള



*ഹവ്വാ ഉമ്മയ്ക്ക് ഷാർജയിൽ നിന്ന് ലഭിച്ച കത്ത്*

എല്ലാ അന്വേഷണ ഏജൻസികൾക്കും ഹവ്വാ ഉമ്മ കൈമാറിയിരുന്നു. പ്രസ്തുത കത്ത് വായനക്കാരുടെ അറിവിലേക്കായി ഇവിടെ പ്രസിദ്ധീകരിക്കുന്നു.

*ഷാർജ*
*25-11-94*

*സലാമുൻ അലൈക്കും.*

*ബഹുമാനപൂർവം ഹവ്വാ ചേകനൂരിന്,*

*ഇമാം അബൂ ഹനീഫയ്ക്ക് ശേഷം മുസ്‌ലിം ലോകം കണ്ട ധീരനായ വിപ്ലവകാരി ഞങ്ങളുടെ പ്രിയങ്കരനായ ചേകനൂർ മൗലവിയുടെ തിരോധാനത്തിൽ ദുഃഖാകുലരായി കഴിയുന്ന കുടുംബത്തിന്റെ വേദനയിൽ ഞങ്ങളും പങ്കുചേരുന്നു.*

*പ്രിയ സഹോദരീ, മൗലവി സാഹിബിന്റെ തിരോധാനത്തിന്റെ ഉള്ളുകള്ളികൾ നമ്മളൊക്കെ കരുതുന്നതിലും എത്രയോ ആഴത്തിലും ആരെയും ഞെട്ടിപ്പിക്കുന്ന വിധത്തിലുമാണ്. മൗലവി സാഹിബിനോട് ആശയപരമായി വിരോധമുള്ള കേരളത്തിലെ ഏതെങ്കിലും മതതീവ്രവാദ സംഘടനകൾ മാത്രമാണ് ഈ തട്ടിക്കൊണ്ട് പോകലിന് പിന്നിലെന്ന് കരുതിയെങ്കിൽ നിങ്ങൾക്ക് തെറ്റിപ്പോയി.*

*മൗലവി സാഹിബിന്റെ ഖുർആനികാശയങ്ങൾ പ്രചരിക്കാനിടയായാൽ അത് കേരളത്തിലോ ഇന്ത്യയിലോ മാത്രം ഒതുങ്ങിനിൽക്കില്ലെന്നും ലോകവ്യാപകമായി മുസ്‌ലിംകൾക്കിടയിൽ അതിന് പ്രചാരം സിദ്ധിക്കുമെന്നും അത് നിലവിലുള്ള ഖുർആൻ വിരുദ്ധ 'മുആവിയാ' അനുകൂലികൾക്ക് ഭാവിയിൽ കടുത്ത ഭീഷണിയായി മാറുമെന്നും മുസ്‌ലിം ലോകത്ത് ഇന്ന് കാണുന്ന ഐക്യ മനോഭാവം ആകെ തകർന്ന് തരിപ്പണമാവുമെന്നും തെറ്റിദ്ധരിച്ച് പാക്കിസ്ഥാൻ കേന്ദ്രമായി അതിരഹസ്യമായി നടന്ന ഗൂഢാലോചനയുടെ അനന്തര ഫലമാണ് മൗലവിയെ തട്ടിക്കൊണ്ടുപോകൽ.*

*ഏതാണ്ട് ഒന്നര കോടി രൂപ കേരളത്തിൽ അവരുടെ 'കൈകളായി' പ്രവർത്തിച്ച മതസംഘടന കൈപ്പറ്റിയിട്ടുണ്ട്. സൗദി അറേബ്യയുടെ മതകാര്യവകുപ്പിന്റെ സഹായങ്ങൾ ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ട്. (പണ്ട് നിക്കരാഗ്വയിലെ ഓർട്ടഗോയുടെ കമ്യൂണിസ്റ്റ് വിരുദ്ധ പ്രതിവിപ്ലവകാരികൾക്ക് സൗദി അറേബ്യ ധനസഹായം നൽകിയിരുന്ന കാര്യം ഓർക്കുക). ദുബായ് കേന്ദ്രമാക്കിയാണ് ഈ തുക കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളത്. കൂടെക്കൂടെ ഗൾഫ് സന്ദർശനം നടത്തുന്ന കേരളത്തിലെ ഒരു മത പണ്ഡിതൻ മുഖേനയാണ് ഈ പണം കൈമാറിയിട്ടുള്ളത്. കൊലയാളികളെ രക്ഷപ്പെടുത്താനും കേസന്വേഷണം ഒതുക്കിത്തീർക്കാനും മൗലവിയെ തട്ടിക്കൊണ്ട് പോയതോടുകൂടി സമുദായ ശ്രദ്ധ മൗലവിയുടെ ആശയങ്ങളിലേക്ക് തിരിയാതിരിക്കാൻ മൗലവി മുങ്ങിയതാണെന്ന് പ്രചരിപ്പിക്കാൻ സമുദായത്തിലെ സ്വാധീനമുള്ള പത്രങ്ങളെ വിലക്കെടുക്കാനും പ്രമുഖ രാഷ്ട്രീയ പാർട്ടികളെ സംഭവത്തിൽ പ്രതികരിപ്പിക്കാതിരിക്കാനും മറ്റുമാണ് ഇത്രയും വലിയ തുക കൈപ്പറ്റിയിട്ടുള്ളത്.*

**ചേകനൂർ കേസ് വെറുമൊരു 'മാൻ മിസ്സിങ്' കേസായി രജിസ്റ്റർ ചെയ്യുന്നതിന് പകരം അന്നുതന്നെ ശക്തമായ നടപടികളുമായി മുന്നോട്ട് പോയിരുന്നെങ്കിൽ ഒരുപക്ഷേ കേരളത്തിൽ തീവ്രവാദം ഇത്രത്തോളം വളരില്ലായിരുന്നു. ഏതാനും പരൽമീനുകളെ അകത്താക്കി വമ്പൻ സ്രാവിനെ വെറുതെ വിട്ടതും അകത്തായവർ തന്നെ ഇപ്പോൾ നാട്ടിലിറങ്ങി തലയുയർത്തി നടക്കുന്നതും ഇവിടെ എന്തുചെയ്താലും ഒന്നും സംഭവിക്കില്ല എന്ന ധാരണയാണുണ്ടാക്കിയിരിക്കുന്നത്. ഇത് തീവ്രവാദത്തിന് വളക്കൂറുള്ള മണ്ണാക്കി നമ്മുടെ സംസ്ഥാനത്തെ മാറ്റിയെടുത്തു.**

*പാക്കിസ്ഥാൻ ചാരസംഘടനയായ ഐഎസ്ഐയുടെ (Inter Service Intelligence) നിർദേശം അനുസരിച്ചാണ് കാര്യങ്ങൾ നീങ്ങിയിരിക്കുന്നത്. അതിന് മുമ്പായി (1992 ഡിസംബർ മധ്യത്തിൽ) ഐഎസ്ഐ ആവശ്യപ്പെട്ട പ്രകാരം മൗലവി സാഹിബിന്റെ പ്രധാന ഗ്രന്ഥങ്ങൾ ദുബായിലേക്ക് എത്തിക്കുകയും അവിടെ നിന്നവ പാക്കിസ്ഥാനിലെ ഐഎസ്ഐ ഹെഡ് ക്വാർട്ടേഴ്സിലേക്ക് കൊണ്ടുപോവുകയും ചെയ്തിരുന്നു. അവിടെ വച്ച് ഭാഷാ വിദഗ്ധരുടെ മേൽനോട്ടത്തിൽ പഠനം നടത്തിയ ശേഷമാണ് ഐഎസ്ഐയുടെ കേന്ദ്രവിഭാഗം മൗലവിയെ ഉന്മൂലനം ചെയ്യാനുള്ള ഓപ്പറേഷന് അനുമതി നൽകിയത്. പിന്നീടവർ മൗലവിയെ തട്ടാനുള്ള ഓപ്പറേഷന്റെ ബ്ലൂ പ്രിന്റ് അവരുടെ ദുബായ് ഏജന്റ് മുഖേന കേരളത്തിലേക്ക് കൈമാറുകയും ചെയ്തു.*

*മൗലവിയുടെ വിവാദ ഗ്രന്ഥങ്ങളുടെ ഓരോ കോപ്പി ഇപ്പോഴും ഐഎസ്ഐ ഹെഡ് ക്വാർട്ടേഴ്സിൽ സൂക്ഷിച്ചിരിക്കയാണ്. മൗദൂതി സാഹിബിന്റേതിനേക്കാൾ പ്രചാരവും സ്വാധീനവും ഭാവിയിൽ മൗലവിയുടെ ഗ്രന്ഥങ്ങൾക്ക് ഉണ്ടാവുമെന്നവർ വിലയിരുത്തിയത്രെ.*

*പ്രിയ സഹോദരീ, ഈ കേസ് തെളിഞ്ഞാൽ സംഭവത്തിന് പിന്നിലെ യഥാർഥ ശക്തികൾ ആരാണെന്നും അവരുടെ ലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നുവെന്നും നമുക്ക് വ്യക്തമാവും. (ഇൻഷാ അള്ളാ). ഏതായാലും കേസ് സി.ബി.ഐക്ക് വിട്ടിരിക്കയാണല്ലോ. ഈ കത്തിലെ വിവരങ്ങൾ സി.ബി.ഐയുടെ ഇന്റലിജൻസ് വിഭാഗത്തിന് കൈമാറണമെന്ന് വിനീതമായി അഭ്യർഥിക്കുന്നു.*

(കത്തിൽ വ്യക്തമായ പേരും വിലാസവുമുണ്ടായിരുന്നുവെങ്കിലും പുറത്തുവിടരുതെന്ന അഭ്യർഥന മാനിച്ച് ഇവിടെ അതൊഴിവാക്കുന്നു).



# അക്ഷരാഭ്യാസം
## ഒന്നാമത്തെ ഇസ്‌ലാംകാര്യം

■ ഡോ. അബ്ദുൽ ജലീൽ പുറ്റെക്കാട്
abduljaleel1960@hotmail.com

പേന കൊണ്ടെഴുതാൻ പഠിപ്പിച്ച നിന്റെ നാഥൻ അത്യുദാരനാണ്. അതിനാൽ നീ വായിക്കണം. ഒരു മാംസപിണ്ഡത്തിൽ നിന്നാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്. അത്യുദാരനായ ആ റബ്ബിന്റെ നാമത്തിൽ നീ വായിക്കണം എന്നിങ്ങനെ രണ്ടുതവണ ഒരേസമയം നബിയോടും അറബികളോടും മാനവരാശിയോടും വായിക്കാൻ കൽപ്പിച്ചാണ് ഖുർആൻ ആരംഭിച്ചതു തന്നെ. (96:1-5).

നിരക്ഷരകുക്ഷികൾ, വിവരം കെട്ടവർ അഥവാ ഉമ്മിയ്യുകൾ എന്നു ലോകം കളിയാക്കിയിരുന്ന അറബികൾക്ക് ആദ്യമായി വേണ്ടതും വിദ്യാഭ്യാസം തന്നെയായിരുന്നു. ഖുർആനിലെ ആദ്യത്തെ വചനം വായിക്കാനും വായിച്ചു വളരാനുമുള്ള കൽപ്പനയാണെന്നിരിക്കേ, മരണം വരെ ഖുർആനിലെ പ്രഥമവും സുപ്രധാനവുമായ ആ കൽപ്പന നബി പോലും സ്വീകരിച്ചിട്ടില്ലെന്നും എഴുത്തും വായനയും അറിയാത്ത ഒരു കാട്ടറബിയായിരുന്നു നബിയെന്നുമാണ് കള്ള ഹദീസിലൂടെ അബൂഹുറൈറയും മുആവിയയും അറേബ്യൻ സുന്നികളെ പഠിപ്പിച്ചത്. ഇന്നും സുന്നി-മുജാഹിദ്-ജമാഅത്ത് മൗലവിമാർ അതു വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നു.

### ശ്രദ്ധേയമായ അശ്രദ്ധയോ ബുദ്ധിപരമായ മൗനമോ?

മനുഷ്യനെ ഞാൻ മണ്ണിൽ നിന്നു സൃഷ്ടിച്ചു (15:26, 23:12), ജീവനുള്ളവയെയെല്ലാം ഞാൻ വെള്ളത്തിൽ നിന്നു സൃഷ്ടിച്ചു (21:30, 24:45) എന്നൊക്കെ പഠിപ്പിച്ച ഖുർആൻ ഇവിടെ മാത്രം മനുഷ്യനെ ഞാൻ മാംസപിണ്ഡത്തിൽ നിന്നു സൃഷ്ടിച്ചു എന്നു പറഞ്ഞതിന്റെ പൊരുൾ ഒരൊറ്റ സുന്നി-ശിയാ തഫ്സീറിലും രേഖപ്പെടുത്തിയിട്ടില്ല എന്നറിയുക. നബി തിരുമേനിയുടെയും നാലു ഖലീഫമാരുടെയും കാലത്ത് അറേബ്യയിൽ നിലവിലുണ്ടായിരുന്ന ഈ അർഥവും വ്യാഖ്യാനവും പ്രചരിപ്പിക്കുന്ന ഖുർആൻ പണ്ഡിതൻമാരെ, അവരുടെ കുടുംബത്തോടൊപ്പം കൂട്ടക്കൊലചെയ്തു പറ്റേ നാമാവശേഷമാക്കി ആ മരുഭൂമിയിൽ കുഴിച്ചുമൂടലായിരുന്നു അമവികളുടെയും അബ്ബാസി രാജാക്കന്മാരുടെയും പ്രധാന ദൗത്യം. അവരിൽ ഏറ്റവും ഭീകരനായിരുന്നു ഹജ്ജാജ് ബ്നു യൂസഫ് എന്ന അമവി ഗവർണർ.

ഖുർആനിലെ ആ കൽപ്പന നബിയുടെ പേരിൽ കള്ളക്കഥയുണ്ടാക്കി തകർത്താണ് മുആ

**ഖുർആനിലെ ആദ്യത്തെ വചനം വായിക്കാനും വായിച്ചു വളരാനുമുള്ള കൽപ്പനയാണെന്നിരിക്കേ, മരണം വരെ ഖുർആനിലെ പ്രഥമവും പ്രധാനവുമായ ആ കൽപ്പന നബി പോലും സ്വീകരിച്ചിട്ടില്ലെന്നും എഴുത്തും വായനയും അറിയാത്ത കാട്ടറബി യായിരുന്നു നബിയെന്നുമാണ് കള്ള ഹദീസിലൂടെ അബൂ ഹുറൈറയും മുആവിയയും അറേബ്യൻ സുന്നികളെ പഠിപ്പിച്ചത്. ഇന്നും സുന്നി-മുജാഹിദ്-ജമാഅത്ത് മൗലവിമാർ അതു വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നു.**

വിയ സുന്നത്ത് ജമാഅത്ത് എന്ന തന്റെ സുന്നീ മതം ഉണ്ടാക്കിയത്. അതെങ്ങനെയെന്ന് ശ്രദ്ധിക്കുക. അല്ലാഹുവിന്റെ സന്ദേശങ്ങളായ ഖുർആൻ സൂക്തങ്ങൾ ജിബ്രീൽ എന്ന മലക്കുവഴി മുഹമ്മദിന്റെ മനസ്സിലേക്ക് അവതരിപ്പിക്കുന്നത് അല്ലാഹുവാണ് എന്ന് ഖുർആൻ വ്യക്തമാക്കുന്നു. (2:97). മതം പഠിപ്പിക്കാൻ മലക്കുകളെ അല്ലാഹുവിന്റെ മനുഷ്യരൂപത്തിൽ അയക്കില്ല എന്നും ഖുർആൻ വ്യക്തമാക്കുന്നു. (11:12-13, 6:8-9). ഖുർആനിലെ അത്തരം സത്യങ്ങളൊക്കെ സാധാരണക്കാരിൽ നിന്ന് മറച്ചുവച്ച്, ജിബ്രീൽ എന്ന മലക്ക് നബിയുടെ മുന്നിൽ മനുഷ്യരൂപത്തിൽ വന്നുവെന്നും ഹിറാഗുഹയിൽ ധ്യാനനിരതനായിരുന്ന മുഹമ്മദ് നബിയോട് വായിക്കുക എന്നു പറഞ്ഞെന്നും നബി ഞാൻ വായനക്കാരനല്ല എന്നു മറുപടി പറഞ്ഞെന്നും അപ്പോൾ നബിയെ ജിബ്രീൽ മൂന്നു പ്രാവശ്യം പിടിച്ചു ഞെരുക്കിയെന്നും മൂന്നു പ്രാവശ്യം ഇഖ്റഅ് എന്നാജ്ഞാപിച്ചെന്നും തുടർന്നു നബി പരിഭ്രാന്തനായി പനിച്ചു വിറച്ചു ഖദീജയുടെ അടുത്തേക്ക് ഓടിയെന്നുമാണ് ആ കള്ളക്കഥ.

പേനയുടെയും വിദ്യാഭ്യാസത്തിന്റെയും മാഹാത്മ്യം പ്രത്യേകം പരാമർശിച്ച് വായിക്കാനും വായിച്ചുവളരാനുമുള്ള ഖുർആന്റെ ആഹ്വാനം, അബൂ ഹുറൈറ കേവലം ഖുർആൻ വായിക്കാനുള്ള കൽപ്പനയായി വ്യാഖ്യാനിച്ചു അട്ടിമറിച്ചു. മുആവിയയുടെയും അബൂ ഹുറൈറയുടെയും ആ കള്ള ഹദീസ് 200 വർഷത്തിനുശേഷം വന്ന ബുഖാരി ഗ്രന്ഥരൂപത്തിലാക്കിയപ്പോൾ പേനയുടെ ഭാഗം മറച്ചുവച്ചാണ് രേഖപ്പെടുത്തിയത്. ചില അമവി പ്രഭുക്കന്മാരുടെയും അക്കാലത്ത് ഭരിച്ചിരുന്ന അബ്ബാസി രാജാക്കന്മാരുടെയും പ്രീതിയും ആദരവും നേടിയെടുക്കാനാണ് അവരിൽ നിന്ന് വമ്പിച്ച പ്രതിഫലങ്ങളും പാരിതോഷികങ്ങളും ഏറ്റുവാങ്ങി ബുഖാരി അടക്കമുള്ള സുന്നീ-ഷിയാ പണ്ഡിതന്മാർ ഖുർആൻ വിരുദ്ധമായ ഹദീസു ഗ്രന്ഥങ്ങൾ രചിക്കാൻ തുടങ്ങിയത് എന്ന ചരിത്രസത്യം നാം ഒരുകാലത്തും മറന്നുപോകരുത്. സഹീഹുൽ ബുഖാരി എന്ന സുന്നികളുടെ ഒന്നാം പ്രമാണത്തിലെ ആദ്യത്തെ ഹദീസിൽ തന്നെ അബൂ ഹുറൈറയും മുആവിയയും ബുഖാരിയും പേനയുടെ ഭാഗം മോഷ്ടിച്ചത് ഇന്നും കണ്ണുള്ളവർക്കു കാണാം.

ഖുർആനും മുഹമ്മദ് നബിയും അറബികളെ വിദ്യാഭ്യാസത്തിലൂടെയും സ്വതന്ത്ര ചിന്തയിലൂടെയും പുരോഗതിയിലേക്കു നയിക്കാൻ ശ്രമിച്ചപ്പോൾ, വിദ്യാഭ്യാസത്തിന്റെയും പേനയുടെയുമൊക്കെ മഹത്വം അറബികളിൽ നിന്ന് മറച്ചുവച്ച് അവരെ തങ്ങളുടെ രാജകീയമായ ദുർഭരണത്തിൽ ചൂഷണം ചെയ്യാൻ പാകത്തിൽ എന്നും പാമരൻമാരായി നിലനിർത്തുക എന്നതായിരുന്നു അക്കാലത്ത് അത്തരം ദുർവ്യാഖ്യാനങ്ങളിലൂടെ അബൂ ഹുറൈറയും മുആവിയയും ഉദ്ദേശിച്ചത്. അതിലവർ വിജയിക്കുകയും ചെയ്തു. ഇന്നു ഭൂരിപക്ഷം സുന്നി മുസ്ലിംകളും ഒ.ബി.സിയിൽ പെട്ടതാവാൻ കാരണം വിദ്യാഭ്യാസത്തിന്റെയും സ്വതന്ത്ര ചിന്തയുടെയും കുറവാണല്ലോ.

നാം ഇന്നനുഭവിക്കുന്ന സുഖസൗകര്യങ്ങളുടെ ആയിരത്തിൽ ഒരംശംപോലും ഇല്ലാത്ത അക്കാലത്ത് ഖുർആൻ എന്ന വേദം തനിച്ചു പ്രബോധനം ചെയ്യാൻ പാടുണ്ടായിരുന്നില്ല! അബൂ ഹുറൈറയും 800 ശിഷ്യന്മാരും അവരുടെ ഏജന്റുമാരും അടങ്ങുന്ന സംഘം പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്ന ഹദീസുകളുടെ അടിസ്ഥാനത്തിലുള്ള ഖുർആനല്ലാതെ, ആരെങ്കിലും ഖുർആൻ തനിച്ചു പ്രബോധനം ചെയ്താൽ അവനെ അടുത്ത പ്രഭാതം കാട്ടാതെ, മതവിരുദ്ധനും രാജ്യദ്രോഹിയുമായി മുദ്രകുത്തി കൊത്തിനുറുക്കി ആ മരുഭൂമിയിൽ കുഴിച്ചുമൂടുന്ന ഹജ്ജാജിനെപ്പോലുള്ള ഗവർണർമാർ മുആവിയക്കും മർവാനും മക്കൾക്കും ഉണ്ടായിരുന്നു.

ഉമ്മിയ്യുകളായ അറബികളിലേക്ക് ഒരു നബിയും വന്നിട്ടില്ലെന്നും നബിമാർ വരാതിരിക്കാൻ കാരണം അല്ലാഹു അവരെ ശപിച്ചതുകൊണ്ടാണെന്നും അങ്ങനെ ആ ശപിക്കപ്പെട്ട വർഗത്തെ ചൂഷണം ചെയ്യുന്നതിൽ വേദക്കാരായ തങ്ങളെ ദൈവം ശിക്ഷിക്കില്ലെന്നും (2:111-114, 5:41, 5:57-59, 5:66-68, 3:72-75) അറബികളെ ചൂഷണം ചെയ്യുന്നതിലോ അവരോട് ഏതെങ്കിലും തരത്തിലുള്ള അനീതി കാട്ടുന്നതിലോ തങ്ങളെ ശിക്ഷിക്കുകയാണെങ്കിൽ തന്നെ ഏതാനും ദിവസത്തെ നരകശിക്ഷയേ തങ്ങളെ സ്പർശിക്കൂവെന്നും ജൽപ്പിച്ച ജൂതന്മാരും ക്രിസ്ത്യാനികളും അന്ന് അറേബ്യയിൽ ഉണ്ടായിരുന്നു. വേദക്കാരുടെ ആ മനോഭാവത്തിനെതിരായും അക്രമത്തിനെതിരായും അറബികളിലെ സാത്വി

കരും നല്ലവരുമായ വ്യക്തികൾ അല്ലാഹുവിനോടു പ്രാർഥിക്കാറുണ്ടായിരുന്നുവത്രെ. (2:89). ഒടുവിൽ അവരുടെ ആ പ്രാർഥനയ്ക്കുത്തരമായാണ് അല്ലാഹു മുഹമ്മദിനെ ഉമ്മിയ്യുകളിലേക്കുള്ള നബിയായി നിയോഗിച്ചത്. (2:129). ജൂതന്മാരിലേക്കു മൂസാ നബി വന്നതുപോലെ, ക്രിസ്ത്യാനികളിലേക്ക് ഈസാ നബി വന്നതുപോലെ, അറബികളിലേക്ക് നബിയ്യിൽ ഉമ്മിയ്യ് വന്നു.... എന്നാൽ നബിയ്യിൽ ഉമ്മിയ്യ് എന്നു പറഞ്ഞാൽ എഴുത്തും വായനയും അറിയാത്ത നബി എന്നാണ് അർഥമെന്നും അതുകൊണ്ട് മുഹമ്മദും അന്നത്തെ ഉമ്മിയ്യുകളെപ്പോലെ വിവരംകെട്ട നബിയായിരുന്നു എന്നുമാണ് അബൂ ഹുറൈറ കള്ള ഹദീസിലൂടെ പഠിപ്പിച്ചത്.

## നബിയാണ് വേദഗ്രന്ഥം പഠിപ്പിക്കുന്നതെന്നന്ന് ഖുർആൻ; നബിക്ക് എഴുത്തും വായനയും അറിയില്ലെന്ന് അബൂ ഹുറൈറ

അക്ഷരജ്ഞാനമില്ലാത്തവർക്കിടയിൽ നിന്ന് തന്റെ വചനങ്ങൾ അവർക്കു വായിച്ചു കേൾപ്പിക്കാനും അവരെ (അറബികളെ) സംസ്കരിക്കാനും അവർക്കു വേദഗ്രന്ഥവും തത്വജ്ഞാനവും പഠിപ്പിക്കാനും അവരിൽ നിന്നു തന്നെയുള്ള ദൂതനെ നിയോഗിച്ചവനാകുന്നു അവൻ. തീർച്ചയായും അവർ മുമ്പ് വ്യക്തമായ വഴികേടിൽത്തന്നെയായിരുന്നു. (2:151).

കാവ്യഭംഗിയും പ്രാസഭംഗിയും പ്രതീകാത്മക വർണനയും ഒത്തിണങ്ങിയ, ഖുർആനിലെ ഏറ്റവും മനോഹരമായ ഒരധ്യായമാണ് അർ റഹ്മാൻ. അതാരംഭിക്കുന്നതു തന്നെ അർ റഹ്മാൻ അല്ലമൽ ഖുർആൻ -അത്യുദാരനായ അവൻ മനുഷ്യനെ വായന പഠിപ്പിച്ചു- എന്നു പറഞ്ഞാണ്. അറബി ഭാഷയിൽ ഖുർആൻ എന്ന പദത്തിനു വായന എന്നൊരർഥമുണ്ട്. അർ റഹ്മാൻ എന്ന 55-ാം അധ്യായം മുഴുവൻ മാനവരാശിക്കു ജാതി-മത ഭേദമന്യേ അല്ലാഹു നൽകിയ മുപ്പതോളം മഹാനുഗ്രഹങ്ങളുടെ ചെറുവിവരണമാണ്.

മനുഷ്യനെ സൃഷ്ടിച്ചതും അവന്ന് മറ്റു ജീവികളിൽ നിന്ന് വ്യത്യസ്തമായി സംസാരിക്കാനുള്ള കഴിവു നൽകിയതും അവന്റെ നിലനിൽപ്പിന്നാധാരമായി സൂര്യ-ചന്ദ്രൻമാരെ ആകാശലോകത്ത് വിന്യസിച്ചതും ആകാശത്തെ മനോഹരമായ നക്ഷത്രദീപങ്ങൾകൊണ്ടലങ്കരിച്ചതും വായുവും വെള്ളവും സസ്യങ്ങളും വൃക്ഷങ്ങളും പക്ഷിമൃഗാദികളും സസ്യലതാദികളുമായി ഈ ഭൂമിയെ മനുഷ്യർക്കു സന്തോഷത്തോടെയും സംതൃപ്തിയോടെയും ജീവിക്കാൻ പാകത്തിൽ ഒരുക്കിവച്ചതും മനുഷ്യർക്കു വിശേഷബുദ്ധി നൽകിയതും കടലിലും കരയിലും അവനെ വാഹനത്തിലേറ്റിയതും ന്യായവും അന്യായവും തിരിച്ചറിയാൻ പാകത്തിൽ നീതിബോധത്തിന്റെ തുലാസ്സ് നൽകിയതും... അങ്ങനെ മുപ്പതോളം അനുഗ്രഹങ്ങളെക്കുറിച്ചാണ് പ്രസ്തുത അധ്യായത്തിലുള്ളത്. അത്തരം അനുഗ്രഹങ്ങളെല്ലാം എണ്ണിപ്പറയുമ്പോൾ ആദ്യം തന്നെ ഖുർആനും നബിയും പ്രത്യേകം പരാമർശിക്കുന്നത് മനുഷ്യന്നു വായിക്കാനുള്ള കഴിവ് നൽകി എന്ന കാര്യമാണ്. നബി മദീനയിൽ പ്രബോധനം ചെയ്തിരുന്ന കാലത്ത് പഠിപ്പിച്ചിരുന്നതും അങ്ങനെയാണ്. എന്നാൽ നബിയുടെ മരണം കഴിഞ്ഞ് സുമാർ 20 വർഷത്തിനുശേഷം നബിക്കു പകരം മുആവിയ രാജാവായപ്പോൾ വായന എന്നർഥം വരുന്ന ഖുർആൻ എന്ന പദത്തിന് 'സുന്നികളുടെ വേദഗ്രന്ഥമായ ഖുർആൻ'എന്ന അർഥം നൽകി പ്രചരിപ്പിക്കാൻ തുടങ്ങി. അങ്ങനെ അർഥം പറയാനും പ്രചരിപ്പിക്കാനും വിസമ്മതിച്ചവരെ ഹജ്ജാജും മറ്റമവി ഗവർണർമാരും ഭീഷണിപ്പെടുത്തുകയും കൊന്നൊടുക്കുകയും ചെയ്തു.

ഖുർആൻ സർവലോകത്തിനും അനുഗ്രഹമാണ്. സംശയമില്ല. എന്നാൽ അതു മുസ്‌ലിംകളുടെ വേദഗ്രന്ഥമാണ്. എങ്കിലും വായിക്കാനുള്ള കഴിവ് ജാതി-മത ഭേദമന്യേ ദൈവം എല്ലാ മനുഷ്യർക്കും നൽകിയതാണ്. ആ അധ്യായത്തിൽ തുടർന്നു പറയുന്ന അനുഗ്രഹങ്ങൾ എല്ലാ മതക്കാർക്കും ജാതികൾക്കും ദേശക്കാർക്കും ഭാഷക്കാർക്കും ഒരുപോലെ ബാധകമാണെന്നിരിക്കേ, ഖുർആന്റെ സാഹിത്യനിയമമനുസരിച്ച് ആ അധ്യായത്തിന്റെ തുടക്കത്തിൽ തന്നെ പരാമർശിക്കുന്ന ആ അനുഗ്രഹം എല്ലാ മതക്കാർക്കും ജാതിക്കാർക്കും ഒരുപോലെ ബാധകമാവേണ്ടതും ആ രീതിയിൽ വ്യാഖ്യാനിക്കേണ്ടതുമാണ്. അപ്പോൾ അവിടെ ഖുർആൻ എന്ന പദം കൊണ്ടുള്ള വിവക്ഷ വായനയാണെന്നും അതു മുസ്‌ലിംകളുടെ വേദഗ്രന്ഥമായ ഖുർആൻ അല്ല എന്നും സാമാന്യ ബുദ്ധിയുള്ള ഏതു സഹൃദയനും മനസ്സിലാകുന്ന കാര്യമാണ്. ഇനി ഖുർആൻ എന്നാണ് അബൂ ഹുറൈറയും സഹോദരസുന്നികളും അർഥം വയ്ക്കുന്നതെങ്കിൽ തൗറാത്തും ഇഞ്ചീലും പോലെ ഖുർആൻ എന്ന വേദം പഠിപ്പിച്ചു എന്നു പറയണമായിരുന്നു. കാരണം ഭൂമുഖത്തു വന്നുപോയ എല്ലാ ദൈവദൂതൻമാരേയും എല്ലാ വേദഗ്രന്ഥങ്ങളെയും ഒരുപോലെ കാണുക എന്നതാണ് മുസ്‌ലിംകളുടെ നിലപാട് (2:285, 5:59, 3:84, 3:119, 3:136) എന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. അബൂ ഹുറൈറ പഠിപ്പിച്ചതുപോലെ സുന്നികളല്ലാത്ത ഭൂമിയിലുള്ള എല്ലാ മതക്കാരും മുഴുവനായും പിഴച്ചുപോയിട്ടില്ല. അല്ലാഹുവിന്റെ ഒരു വേദഗ്രന്ഥവും നശിച്ചുപോയിട്ടുമില്ല. യഥാർഥ ബൈബിൾ പഴയ നിയമവും പുതിയ നിയമവും അനുസരിച്ചു ജീവിക്കുന്ന ധാരാളം ജൂതൻമാരും ക്രിസ്ത്യാനികളും ഇന്നുമുണ്ട്. (3:199,

5:66, 5:43-48, 3:75). എന്നുമുണ്ടായിരിക്കുകയും ചെയ്യും. മസ്ലീംകൾ ഖുർആനിൽ നിന്നകന്നു സുന്നികളും ഷിയാക്കളും ആയി അമുസ്ലിംകൾ ആയതുപോലെ, ഹിന്ദുക്കളിൽ 95 ശതമാനവും ബ്രഹ്മം എന്തെന്നറിയാത്ത അബ്രാഹ്മണർ ആയതുപോല, ആ വേദക്കാരിലെ വലിയ വിഭാഗം വഴി തെറ്റിപ്പോയി എന്നു മാത്രം. എന്നാൽ ഒരു ചെറിയ ന്യൂനപക്ഷം ജൂതന്മാരും ക്രിസ്ത്യാനികളും ഹിന്ദുക്കളും മുസ്ലിംകളും എല്ലാ മതക്കാരും ഇപ്പോഴും നിലനിൽക്കുന്നു. അവരുടെ കയ്യിൽ അവരുടെ വേദ ഗ്രന്ഥം സുരക്ഷിതമാണ്. അങ്ങനെ അതതുകാലത്തെ ദൈവദൂതനെയും വേദഗ്രന്ഥത്തെയും പിൻപറ്റുന്ന മറ്റു മതക്കാരിലെ യഥാർഥ വിശ്വാസികൾ ഒരിക്കലും അവരുടെ മതം ഉപേക്ഷിച്ചു സുന്നി മതത്തിൽ ചേർന്ന് അഞ്ചുനേരം അറബി ഭാഷയിൽ പ്രാർഥിക്കണമെന്നോ, ബാങ്കുകൊടുക്കണമെന്നോ ചേലാകർമം ചെയ്യണമെന്നോ ഉള്ള ഒരു നിയമം നബിയോ നാലു ഖലീഫമാരോ നടപ്പാക്കിയിരുന്നില്ല. നബിക്ക് ഖുർആനിൽ ഇല്ലാത്തത് ചെയ്യാൻ പാടുണ്ടായിരുന്നില്ല. നബിയുടെ ഇസ്ലാംമതത്തെ സുന്നത്ത് ജമാഅത്ത് എന്ന ദുരാചാരമതമാക്കി, അറേബ്യയിൽനിന്ന് തബ്ലീഗ് പ്രവർത്തനത്തിലൂടെ സംഘടിതമായി പ്രചരിപ്പിച്ച മുആവിയയും അബൂ ഹുറൈറയുമാണ് അത്തരം വഷളൻ സുന്നിനിയമങ്ങൾ ലോകത്ത് പരത്തിയത്.

ചുരുക്കത്തിൽ, ഒരൊറ്റ ദൈവം, ഒരൊറ്റ ജനത, മനുഷ്യരെല്ലാം ഒരേ മാതാപിതാക്കളുടെ മക്കൾ - ഈ രീതിയിലുള്ള തൗഹീദും സർവമത സത്യവാദവും ലോകസാഹോദര്യവും മതസഹിഷ്ണുതയും (49:13, 23:52, 39:6, 2:213) അറേബ്യയിൽ കൊണ്ടുവന്ന നബിയുടെ ഇസ്ലാമിക പ്രസ്ഥാനത്തെ കേവലം അറേബ്യൻ വർഗീയ സംഘടനയാക്കി മാറ്റാൻ മുആവിയയുടെ കൂടെയുള്ള ജൂതലോബി വർഷങ്ങളോളം കിണഞ്ഞു പരിശ്രമിച്ചതിന്റെ അനന്തരഫലമാണ് അഹ്ലുസ്സുന്നത്തു വൽ ജമാഅത്ത്. അത്തരം ഞെട്ടിപ്പിക്കുന്ന കുറേ സത്യങ്ങളിലേക്കാണ് മൗലവി ചേകനൂരിന്റെ ഓരോ ഗ്രന്ഥവും നമ്മെ കൂട്ടിക്കൊണ്ടു പോകുന്നത്.

ഖുർആനിലെ ദശക്കണക്കിനു അധ്യായങ്ങൾ അറബി അക്ഷരങ്ങളെക്കൊണ്ടും പേനയെക്കൊണ്ടും സത്യം ചെയ്തു തുടങ്ങുന്നതുകാണാം. അലിഫ്, ലാം, മീം, സ്വാദ് എന്നിങ്ങനെ... (അധ്യായങ്ങൾ 2, 7, 10, 11, 12, 13, 14, 15, 19).

"നൂൻ (എന്ന അറബി അക്ഷരവും അതെഴുതുന്ന) പേനയും അവർ എഴുതുന്നതും തന്നെയാണ് സത്യം..." (68:1). മൗലവി ചേകനൂർ തന്റെ പ്രശസ്തമായ ഇസ്ലാം കാര്യം ഖുർആനിൽ അഞ്ചല്ല; പത്തുണ്ട് എന്ന ഗ്രന്ഥത്തിൽ എഴുതിയതു ശ്രദ്ധിക്കുക: പേനകൊണ്ടു ഞാൻ സത്യം ചെയ്യുന്നു എന്നാണ് 68:1ൽ അല്ലാഹു പറഞ്ഞത്. അതായത് പ്രപഞ്ചത്തിൽ വമ്പിച്ച പുരോഗതികളും പരിവർത്തനങ്ങളുമുണ്ടാക്കുന്ന സൂര്യ-ചന്ദ്ര-നക്ഷത്രാദികളെക്കൊണ്ടും പരിവർത്തനങ്ങളുടെ സാക്ഷാൽ ഉൽപ്പത്തിയായ കാലത്തെ (103:1) കൊണ്ടും സത്യം ചെയ്യുന്ന കൂട്ടത്തിൽ, അക്കാലത്ത് നിരക്ഷരകുക്ഷികളായ അറബികൾ അരപ്പൈസ പോലും വില കൽപ്പിക്കാത്ത പേനകൊണ്ടും സത്യം ചെയ്യുകയാണല്ലോ അല്ലാഹു ചെയ്തത്. ആയിരക്കണക്കിനു തൊഴിലുപകരണങ്ങൾ ലോകത്തുണ്ടെന്നിരിക്കേ അവയിൽ തന്നെ എത്രയോ വിലപിടിപ്പുള്ള പല വസ്തുക്കളുമുണ്ടായിട്ടും അവയിലൊന്നുകൊണ്ടും അല്ലാഹു സത്യം ചെയ്യുകയുണ്ടായില്ല. അപ്പോൾ മനുഷ്യ സമൂഹത്തിന്റെ പുരോഗതിയിലും പരിവർത്തനത്തിലും അക്ഷരാഭ്യാസത്തിനുള്ളത്ര പ്രാധാന്യം മറ്റൊരഭ്യാസത്തിനുമില്ലെന്നല്ലേ അത് ചൂണ്ടിക്കാട്ടുന്നത്. പക്ഷേ അബൂ ഹുറൈറാ താവഴിക്കാരായ സുന്നത്ത് ജമാഅത്തിലെ ഒറ്റ പുരോഹിതനും ഖുർആൻ ചൂണ്ടിക്കാട്ടിയ ആ മഹത്വങ്ങളോ പ്രാധാന്യങ്ങളോ അക്ഷരാഭ്യാസം വേണമെന്ന ഖുർആന്റെ ഏറ്റവും ആദ്യത്തെ ആവർത്തിച്ചുള്ള കൽപ്പനയോ യാതൊന്നും സമുദായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയില്ല. അക്ഷരാഭ്യാസത്തെ ഏറ്റവും പ്രധാനപ്പെട്ട ഇസ്ലാം കാര്യമായി ഖുർആൻ വേണ്ടത്ര ബോധ്യപ്പെടുത്തി തന്നിട്ടും ഒറ്റ പുരോഹിതനും അതിനെ ഒരു ചെറിയ ഇസ്ലാം കാര്യമായിട്ടു പോലും എണ്ണിയതുമില്ല. എന്നാൽ അല്ലാഹുവിന്റെ ആ ആവർത്തിച്ചുള്ള കൽപ്പന ഒരു നിർബന്ധ കാര്യമായി അവരംഗീകരിച്ചോ? അതുമില്ല. പോകട്ടെ, അക്ഷരാഭ്യാസം മുസ്ലിംകൾക്കു പൊതുവെ സുന്നത്താണെന്നെങ്കിലും പറയാൻ സുന്നത്തു ജമാഅത്തിലെ ഏതെങ്കിലും പുരോഹിതൻ തയ്യാറായോ?

*(അവസാനിക്കുന്നില്ല)*

**ചില അമവി പ്രഭുക്കന്മാരുടെയും അക്കാലത്ത് ഭരിച്ച അബ്ബാസി രാജാക്കന്മാരുടെയും പ്രീതിയും ആദരവും നേടാനാണ് അവരിൽ നിന്ന് വമ്പിച്ച പ്രതിഫലങ്ങളും പാരിതോഷികങ്ങളും ഏറ്റുവാങ്ങി ബുഖാരി അടക്കമുള്ള സുന്നീ-ഷിയാ പണ്ഡിതന്മാർ ഖുർആൻ വിരുദ്ധമായ ഹദീസ് ഗ്രന്ഥങ്ങൾ രചിക്കാൻ തുടങ്ങിയത് എന്ന ചരിത്രസത്യം നാം ഒരുകാലത്തും മറന്നുപോകരുത്.**

# മീർസാ ഗുലാം അഹമ്മദ് പ്രവാചകനോ?



**അഹ്മദിയാ ജമാഅത്തിന്റെ വാദഗതികളിലേക്ക് ഒരെത്തിനോട്ടം**

**ബീരാൻകുട്ടി കുനിയിൽ**

മുഹമ്മദ് നബിക്കുശേഷം ഒരു നബി കൂടി മുസ്‌ലിം സമുദായത്തിലേക്ക് വന്നിട്ടുണ്ടെന്നും അത് മീർസാ ഗുലാം അഹമ്മദ് ആണെന്നും വാദിക്കുന്നവരത്രെ അഹ്മദിയാ ജമാഅത്തുകാർ. ഇവരെ സകല സാമുദായിക സംഘടനകളും എതിർക്കുകയും അവർ മുസ്‌ലിംകളല്ലെന്ന് വാദിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നു. ഈ വിഷയത്തിൽ കൊടിയത്തൂരിൽ മുബാഹല വരെ നടന്നിട്ടുണ്ട്. മൗലവി ചേകനൂർ ചെറുവാടിയിലും അഹ്മദിയാ വിഭാഗത്തിന്റെ ശക്തി കേന്ദ്രമായ കൊടിയത്തൂരിലും വച്ച് പ്രസംഗത്തിലൂടെ അഹ്മദിയാക്കളെ സംവാദത്തിനും ചർച്ചയ്ക്കും ക്ഷണിച്ചിട്ട് അവർ വന്നിട്ടില്ല. 1989ൽ കോഴിക്കോട് പോർട്ട്ലാന്റ് ഹോട്ടൽ ഓഡിറ്റോറിയത്തിൽ അഹ്മദിയാ ജമാഅത്ത് പണ്ഡിതന്മാരെ അഞ്ച് നേര നമസ്കാര വിഷയത്തിൽ ചേകനൂരുമായി സംവാദത്തിന് സംഘടിപ്പിച്ചു തരാമെന്ന് ചില മുസ്‌ലിം ബുദ്ധിജീവികൾ ഏറ്റിരുന്നു. നിശ്ചയിച്ച തിയ്യതിക്കു മൗലവി സ്ഥലത്തെത്തിയെങ്കിലും അഹ്മദിയാക്കൾ വന്നില്ല. ഇപ്പോൾ സംവാദത്തിന്ന് തയ്യാറായി വന്നിട്ടില്ലെന്നും പിന്നീടതിന് ഒരുങ്ങാമെന്നും ആ വിവരം മുൻകൂട്ടി അറിയിക്കാമെന്നും പറഞ്ഞതല്ലാതെ മൗലവിയുടെ മരണംവരെ അവർ വന്നില്ല. എന്നാൽ മൗലവിക്കെതിരിൽ അവർ നോട്ടീസ് ഇറക്കിയിരുന്നു. മറുപടി നോട്ടീസ് മൗലവിയും ഇറക്കി. മീർസാ ഗുലാം നബിയാണെന്നതിന് തെളിവുകൾ ഹാജരാക്കണം, ശേഷം നമുക്ക് ചർച്ച തുടങ്ങാമെന്ന് 1963 മുതൽ ചേകനൂർ ആവശ്യപ്പെട്ടുപോന്നെങ്കിലും മൗലവിയുടെ കാലശേഷവും അവർക്കതിനു കഴിഞ്ഞിട്ടില്ല.

ചേകനൂരിന്റെ ജീവിതകാലത്ത് അഹ്മദിയാക്കളുടെ വാദം ഇങ്ങനെയായിരുന്നു: “ഒരാൾ പ്രബലമായി കരുതുന്ന രേഖ മറ്റൊരാൾക്ക് അത്ര സ്വീകാര്യമായി തോന്നിയെന്ന് വരില്ല. നിങ്ങൾ ഒരു പ്രത്യേകതരം തത്വവും

ആദർശവും സ്വീകരിച്ചവരാകയാൽ മറ്റു മുസ്‌ലിം കൾക്ക് സ്വീകാര്യമായ തെളിവുകൾ നിങ്ങൾക്ക് സ്വീകാര്യമാവില്ല. പ്രവാചകത്വത്തിന്ന് വ്യക്തമായ ഒരളവുകോൽ നിങ്ങളിൽ നിന്ന് കിട്ടാത്ത കാല ത്തോളം നിങ്ങൾക്ക് ഈ പ്രശ്നം ബോധ്യപ്പെ ടുത്തിത്തരാൻ സാധ്യമല്ല."

എന്തൊരു വിചിത്രമായ വാദം! ഓരോ മ ദ്ഹബുകാരിൽ നിന്നും വേറെവേറെ അളവുകോൽ വാങ്ങിവച്ചിട്ടാണോ ദൈവം പ്രവാചകന്മാരെ തെളി വുമായയക്കുക? അതല്ലെങ്കിൽ ഓരോ പ്രവാചകനും തങ്ങൾ നിയോഗിക്കപ്പെട്ട സമുദായത്തിലെ വ്യത്യസ്ത വീക്ഷണക്കാരിൽ നിന്ന് എന്തെങ്കിലും അളവുകോലുകൾ ആദ്യം ആവശ്യപ്പെടാറുണ്ടോ? മുഹമ്മദ് പ്രവാചകത്വം വാദിച്ചപ്പോൾ "മക്കാ നിവാ സികളേ, മദീനാ നിവാസികളേ, നിങ്ങളുടെ അളവു കോൽ കൊണ്ടുവരൂ. എന്നാൽ എന്റെ നുബുവ്വത്ത് തെളിയിച്ചുതരാം" എന്നാണോ പറഞ്ഞിരുന്നത്? മുമ്പേതെങ്കിലും പ്രവാചകൻ അപ്രകാരം പറഞ്ഞി ട്ടുണ്ടോ? ഇതൊന്നുമില്ലാതിരിക്കേ മീർസ നബിയായി വന്നപ്പോൾ തെളിവ് പറയണമെങ്കിൽ തെളിവ് ചോദി ക്കണമെന്നും ചോദിച്ചാലും പോരാ തെളിവിന്റെ രൂപവും കോലവും അളവുമൊക്കെ ആദ്യം അങ്ങോട്ട് പറഞ്ഞുകൊടുക്കണമെന്നും എങ്കിലേ തെളിവ് പറ യാനും അത് ബോധ്യപ്പെടുത്താനും തയ്യാറു ള്ളൂവെന്നും പറയുന്നതിന്റെ കാരണമെന്ത്? ഇതെല്ലാം കാണുമ്പോൾ കള്ള നുബുവ്വത്ത് വാദ ക്കാരാണിവരെന്ന് പറയാൻ തോന്നുകയാണ്. തങ്ങ ളുടെ നുബുവ്വത്ത് വാദത്തിന്റെ തെളിവുദ്ധരിക്കാൻ പ്രയാസമുണ്ടെന്ന് ചൂണ്ടിക്കാട്ടിയശേഷം അഹ്മദി കൾ പറയുന്നത് ശ്രദ്ധിക്കുക.

"നുബുവ്വത്ത് വാദം കൊണ്ടുവരുന്നത് വരെ മീർസാ സത്യസന്ധനായിരുന്നുവെന്ന് തെളിഞ്ഞിരി ക്കുന്നു. അതുകൊണ്ട് നുബുവ്വത്ത് വാദത്തിലും അദ്ദേഹം സത്യസന്ധനായിരിക്കാനേ തരമുള്ളൂ." ഇത് നുബുവ്വത്ത് സ്ഥാപിക്കാൻ പറ്റിയ തെളിവല്ല. അതിന് മറ്റു വല്ല തെളിവും കൊണ്ടുവരിക തന്നെ വേണം. തീരെ പൊള്ളു പറഞ്ഞതായി തെളിയാത്ത ഒരാൾ താൻ ജിബ്‌രീലാണെന്ന് പറഞ്ഞാൽ അതും സമ്മതിച്ചു കൊടുക്കേണ്ടിവരും. ജിബ്‌രീൽ മനുഷ്യ രൂപത്തിൽ വരാറുണ്ടെന്ന് വിശ്വസിക്കുന്നവർ വിശേ ഷിച്ചും. മീർസ മുമ്പ് കളവൊന്നും പറഞ്ഞിട്ടില്ലെങ്കിൽ നുബുവ്വത്ത് വാദത്തോടെ കള്ളം പറഞ്ഞുവെന്നാണ് നമുക്ക് പറയാനുള്ളത്. അദ്ദേഹം ഖുർആനിക ശരീ അത്ത് ഉദ്ധരിക്കാൻ വന്ന യഥാർഥ നബിയായിരു ന്നുവെങ്കിൽ ഇന്ന് നിലവിലുള്ള ജാഹിലിയാ നിയമ ങ്ങളൊന്നും അദ്ദേഹം അറിയാതെപോകുമായിരുന്നി ല്ല. ഖുർആൻ പറയുന്നത് നോക്കുക. "നീ പറയുക (ഞാൻ ഈ ഖുർആൻ ഓതരുതെന്ന്) ദൈവം ഉദ്ദേ ശിച്ചിരുന്നുവെങ്കിൽ ഞാൻ നിങ്ങൾക്ക് ഓതിത്തരു മായിരുന്നില്ല. അവൻ നിങ്ങൾക്കതറിയിക്കുകയും ചെയ്യുമായിരുന്നില്ല. എന്നാൽ കുറേക്കാലം ഞാൻ

**"നുബുവ്വത്ത് വാദം കൊണ്ടുവരുന്നത് വരെ മീർസാ സത്യസന്ധനായിരുന്നുവെന്ന് തെളിഞ്ഞിരിക്കുന്നു. അതുകൊണ്ട് നുബുവ്വത്ത് വാദത്തിലും അദ്ദേഹം സത്യസന്ധനായിരിക്കാനേ തരമുള്ളൂ " എന്ന വാദം ഇത് നുബുവ്വത്ത് സ്ഥാപിക്കാൻ പറ്റിയ തെളിവല്ല. അതിന് മറ്റു വല്ല തെളിവും കൊണ്ടുവരിക തന്നെ വേണം.**

ജീവിച്ചത് നിങ്ങളുടെ ഇടയിലാണല്ലോ. അന്നി തൊന്നും പഠിക്കാനുള്ള സാഹചര്യമുണ്ടായിരുന്നി ല്ല എന്നതിനെക്കുറിച്ചൊന്നും നിങ്ങൾ ചിന്തിക്കു ന്നില്ലേ? (അപ്പോൾ ഞാനുദ്ധരിക്കുന്ന സൂക്തങ്ങ ളൊന്നും അല്ലാഹുവിങ്കൽ നിന്നല്ലാതിരിക്കാൻ തര മില്ലെന്ന കാര്യം തീർച്ചയാണ്)." (10:16).

മേലുദ്ധരിച്ച ആയത്തിന്റെ ആശയം മനസ്സി ലാക്കുന്നതിലാണ് അഹ്മദികൾക്ക് അമളി പിണ ഞ്ഞത്. ഞാൻ കുറേക്കാലം നിങ്ങളോടൊപ്പം ജീവി ച്ചതിനെക്കുറിച്ച് നിങ്ങൾ ചിന്തിക്കുന്നില്ലേ എന്ന് ചോദിച്ചതിനെ അഹ്മദികൾ വ്യാഖ്യാനിച്ചതിപ്രകാ രമാണ്. "ഞാൻ കുറേക്കാലം നിങ്ങളുടെ ഇടയിൽ ജീവിക്കുകയും അതുവരെ കള്ളമൊന്നും പറഞ്ഞി രുന്നില്ലെന്ന് നിങ്ങൾക്ക് ബോധ്യപ്പെടുകയും ചെയ്തി ട്ടില്ലേ? അതിനാൽ ഇപ്പോൾ ഞാൻ പറയുന്നത് കള്ള മല്ലെന്നും നിങ്ങൾക്ക് വിശ്വസിച്ചുകൂടെ?" ഈ അർഥം തികച്ചും തെറ്റാണ്. കാരണം ഒരാൾ ഒരു പുതിയ വാദം അവതരിപ്പിക്കുമ്പോൾ മുമ്പയാൾ സത്യസന്ധനായിരുന്നുവെന്നത് പുതിയ വാദം സത്യ മാണെന്നതിന്ന് തെളിവാക്കാൻ പറ്റില്ല. ഇക്കാര്യം മുമ്പ് വിവരിച്ചുകഴിഞ്ഞു. അപ്പോൾ അർഥശൂന്യമായ ഈ ജല്പനം നബിയെയും അവിടുത്തെ നുബുവ്വത്തിനെയും അവഹേളിക്കാൻ മാത്രമാണ്. അതിനാൽ ആയത്തിന്റെ വിവക്ഷ ആദ്യം പറഞ്ഞ തുപോലെ ആയിരിക്കാനേ നിർവാഹമുള്ളൂ. അതാ യത് മുമ്പ് കുറേക്കാലം ഞാൻ ജീവിച്ചത് നിങ്ങൾക്കി ടയിലായിരുന്നുവെന്നും ആ ജീവിതത്തിൽ നിന്ന് ഇത്തരം സൂക്തങ്ങൾ പഠിക്കാനുള്ള ഒരു സാഹച ര്യവുമുണ്ടായിരുന്നില്ലെന്നുമുള്ളതിനെ കുറിച്ച് നിങ്ങൾ ചിന്തിക്കുന്നില്ലേയെന്നാണ് വിവക്ഷ.

ചുരുക്കത്തിൽ, പൂർവകാലത്ത് മിർസ സത്യസന്ധനായിരുന്നുവെന്ന് തെളിഞ്ഞിരുന്നാലും അദ്ദേഹത്തിന്റെ നുബുവ്വത്ത് വാദം സത്യമാണെന്ന് തെളിയാൻ പോകുന്നില്ല. അത് വേണമെങ്കിൽ അതിനു പറ്റിയ വേറെ തെളിവ് കൊണ്ടുവരണം. അഹ്മദികൾ ഇതുവരെ അത് കൊണ്ടുവന്നിട്ടില്ല. കൊണ്ടുവരുമ്പോൾ അതേക്കുറിച്ച് നമുക്ക് ചർച്ച തുടരാം.

## ഹെൽപ്പ്ലൈൻ

**മുഫക്കിർ**

# സർവമത സത്യവാദം

*ചോദ്യം: സർവമത സത്യവാദം കൊണ്ട് എല്ലാ മതക്കാർക്കും സ്വർഗമുണ്ടെന്നാണോ ഖുർആൻ സുന്നത്ത് സൊസൈറ്റി ഉദ്ദേശിക്കുന്നത്?*

**-നവാസ് തിണ്ടലം**

ഉത്തരം: ഒരിക്കലുമല്ല. എല്ലാ ദൈവിക മതക്കാർക്കും സ്വർഗമുണ്ടെന്നാണ് ഖുർആൻ സുന്നത്ത് സൊസൈറ്റിയുടെ വാദം. എല്ലാ മതക്കാരും എന്ന് പറയുന്നതും എല്ലാ ദൈവിക മതക്കാരും എന്ന് പറയുന്നതും തമ്മിൽ വലിയ അന്തരമുണ്ട്. മുസ്‌ലിം സമുദായത്തിലെ തന്നെ എല്ലാവർക്കും സ്വർഗം ലഭിക്കില്ല എന്നുറച്ച് വിശ്വസിക്കുന്ന ഖുർആൻ സുന്നത്ത് സൊസൈറ്റിയെ കുറിച്ച് ചോദ്യകർത്താവ് സൂചിപ്പിച്ച വിധം ഒരു തെറ്റിദ്ധാരണയുണ്ടെന്നത് ശരിയാണ്. ആ തെറ്റിദ്ധാരണയ്ക്ക് പ്രസ്ഥാനശത്രുക്കൾ വലിയ പ്രചാരവും നൽകിയിട്ടുണ്ട്. ഈ തെറ്റിദ്ധാരണ നീക്കാൻ സംഘടന പലപ്പോഴും രംഗത്തിറങ്ങിയിട്ടുമുണ്ട്. വൻ ഭൂരിപക്ഷം പ്രചാരവേല നടത്തുമ്പോൾ ഒരു കൊച്ചു സംഘം അത് തിരുത്തിയാൽ ശ്രദ്ധിക്കപ്പെടില്ലല്ലോ. എല്ലാ ദൈവിക മതക്കാർക്കും മോക്ഷമുണ്ടെന്നത് ഖുർആന്റെ പ്രഖ്യാപനമാണ്. (2:62, 5:69). അത് തുറന്നുപറയുകയാണ് സൊസൈറ്റിയുടെ കർത്തവ്യം.

### അമുസ്‌ലിംകളുമായുള്ള വിവാഹബന്ധം

*ചോദ്യം: ജൂത-ക്രൈസ്തവ വിഭാഗങ്ങളിൽ നിന്ന് മുസ്‌ലിംകൾക്ക് വിവാഹം കഴിക്കാമെന്നും അവരുടെ ഭക്ഷണം അനുവദനീയമാണെന്നും ഖുർആൻ 5:5ൽ പറയുന്നുണ്ടല്ലോ. വിശ്വാസപരമായി പിഴച്ചുപോയ ഇന്നത്തെ ജൂത, ക്രൈസ്തവർ തന്നെയാണോ ഇവിടെ ഉദ്ദേശിക്കപ്പെട്ടത്?*

**-ഫസ്‌ലുള്ള, കാസർകോട്**

ഉത്തരം: ഖുർആൻ അവതരിക്കുന്നതിനു മുമ്പ് തന്നെ ജൂത-ക്രൈസ്തവർ വിശ്വാസപരമായി പിഴച്ചുപോയിട്ടുണ്ട്. ഏകത്വത്തിന് പകരം ത്രിയേകത്വം സ്വീകരിച്ചതാണ് ക്രൈസ്തവരുടെ വലിയ പിഴവ്. (ഖു: 5:73). ദൈവം ജനികനോ ജാതനോ അല്ലെന്നതിന്റെ വിപരീത വിശ്വാസം വച്ചുപുലർത്തിയവരാണ് ജൂതൻമാർ. അവർ പിഴച്ചതിന്റെ കാരണവും അതുതന്നെ. ഉസൈർ ദൈവ പുത്രനാണെന്ന് ജൂതർ പറഞ്ഞു. (ഖു: 9:30). ഇതിനേക്കാൾ വലിയ പിഴവൊന്നും ഈ വിഭാഗങ്ങൾക്ക് പിന്നീട് സംഭവിച്ചിട്ടില്ല. അപ്പോൾ, ഇത്തരം പിഴവുകളൊക്കെ അവർക്ക് സംഭവിച്ചിട്ടുണ്ടെന്ന് നമ്മെ പഠിപ്പിച്ച ഖുർആൻ തന്നെയാണ് അവരിൽനിന്നുള്ള വിവാഹവും അവരുടെ ഭക്ഷണവും നമുക്ക് അനുവദിച്ചത്. അതിനാൽ ഇന്നത്തെ ജൂത-ക്രൈസ്തവരെന്നോ അന്നത്തേതെന്നോ മറ്റോ ഉള്ള ഒരു വ്യത്യാസവും ഇവിടെയില്ല.

### അനുവാദം

*ചോദ്യം: അഹ്‌ലുൽ കിതാബിൽനിന്ന് നമുക്ക് വിവാഹം അനുവദിച്ച അല്ലാഹു എന്തുകൊണ്ടാണ് നമ്മുടെ സ്ത്രീകളെ അവർക്ക് വിവാഹം ചെയ്തു കൊടുക്കാൻ അനുവദിക്കാതിരുന്നത്?*

***-ഹൈദരലി, പൊന്നാനി***

ഉത്തരം: പരിപൂർണ നീതിയിലും സ്ത്രീ-പുരുഷ ഭേദമന്യേ എല്ലാവരുടെയും അവകാശ സംരക്ഷണത്തിലും ശ്രദ്ധയൂന്നിയ പ്രത്യയ ശാസ്ത്രമാണ് ഇസ്‌ലാം. ഇസ്‌ലാമിൽ ഒരു സ്ത്രീ; അവർ വിവാഹിതയാണെങ്കിലും അല്ലെങ്കിലും അനന്തരാവകാശത്തിന് അർഹയാണ്. അഹ്‌ലുൽ കിതാബികളിൽ സ്ഥിതി പക്ഷേ ഇതല്ല. അവരിലെ ഒരു സ്ത്രീ വിവാഹം ചെയ്യപ്പെടുന്നതോടെ ഒരു അനന്തര സ്വത്തിനും അവകാശിയല്ലാതായിത്തീരുന്നു. അതേ സമയം അവരിലെ ഒരു സ്ത്രീയെ നാം വിവാഹം ചെയ്യുമ്പോൾ, അവൾക്കവിടെ നിഷേധിക്കപ്പെടുന്ന നീതിയും സ്വത്തവകാശവും ഇസ്‌ലാമിലുണ്ടാവുകയും തിരിച്ചാകുമ്പോൾ അത് നഷ്ടപ്പെടുകയും ചെയ്യുന്നു. അതുകൊണ്ടാണ് ഇങ്ങോട്ട് വിവാഹം ചെയ്യാൻ അനുവദിച്ച അല്ലാഹു തിരിച്ചങ്ങോട്ട് അനുവദിക്കാതിരുന്നത്.



മുസ്‌ലിംകളിൽ
ഇന്ന് നിലവിലുള്ള
പിന്തുടർച്ചാവകാശ
നിയമങ്ങൾ
ഖുർആൻ വിരുദ്ധവും
ന്യായവിരുദ്ധവുമാണെന്ന്
കാണാം.

# ഖുർആനും മുസ്‌ലിം പിന്തുടർച്ചാവകാശവും

■ എം.എസ്. റഷീദ്

മുസ്‌ലിംകളിൽ ഇന്ന് നിലവിലുള്ള പിന്തുടർച്ചാവകാശ നിയമങ്ങൾ മുസ്‌ലിംകളുടെ ഏക പ്രമാണമായ ഖുർആന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ ആ നിയമങ്ങളിൽ പലതും ഖുർആൻ വിരുദ്ധവും ന്യായവിരുദ്ധവുമാണെന്നു കാണാം. അത്തരം പല ഓഹരിക്രമവും ഉണ്ടെങ്കിലും വേദദർശനത്തിന്റെ സ്ഥലപരിമിതി കണക്കിലെടുത്ത് അവയിൽ ഒന്നു മാത്രമാണ് ഈ ലേഖനത്തിൽ വിവരിക്കാൻ ഉദ്ദേശിക്കുന്നത്.

**അടുത്തവരുണ്ടായിരിക്കേ അകന്നവർക്ക് അവകാശം**

രക്തബന്ധുക്കളിൽ അടുത്തവർ അവകാശത്തിന്ന് കൂടുതൽ അർഹതപ്പെട്ടവരാണ് എന്ന് ഖുർആൻ പറയുമ്പോൾ ശരീഅത്തിൽ അതിന്നെതിരായ തീരുമാനങ്ങളാണ് മതപണ്ഡിതന്മാരും ഇമാമുകളും ഉണ്ടാക്കിവച്ചത്. നാലു മദ്ഹബുകാരും മുജാഹിദ്, ജമാഅത്തെ ഇസ്‌ലാമി, അഹ്‌മദിയാ ജമാഅത്ത് ഉൾപ്പെടെ അത് നടപ്പാക്കിവരുന്നുമുണ്ട്.

ഒരാൾക്ക് മക്കളുണ്ടെങ്കിൽ പിന്നെ അയാളുടെ സഹോദരീ സഹോദരന്മാർക്കും മറ്റും അവകാശം കൊടുക്കുന്ന രീതി ഖുർആൻ പ്രകാരം (4:176) തെറ്റാണെങ്കിലും അങ്ങനെ കൊടുക്കാനാണ് ശരീഅത്തിലുള്ളത്. അത് പ്രയോഗിക്കുന്നത് മരിച്ച ആൾക്ക് പെൺമക്കൾ ഉണ്ടാകുമ്പോഴാണ്. അഥവാ ആൺമക്കളാണെങ്കിൽ അവർക്ക് തന്നെയാണ് മുൻഗണന കൊടുക്കുന്നത്. (അപ്പോൾ സഹോദരീ സഹോദരന്മാർക്ക് അവകാശമില്ല). പെൺമക്കളാണെങ്കിൽ ഒരു പെൺകുട്ടിയാണെങ്കിൽ അവൾക്ക് നിശ്ചയിച്ച 1/2 ഓഹരി കഴിച്ചു ബാക്കിയുള്ളതും ഒന്നിലധികം പെൺകുട്ടികളാണെങ്കിൽ അവരുടെ ഓഹരിയായ 2/3 കഴിച്ചു ബാക്കിയുള്ളതും സഹോദരീ സഹോദരന്മാർക്കാണ് നൽകുന്നത്.

ഉദാഹരണം 1) (സന്താനമായി ഒരു പെൺകുട്ടിയും സഹോദരീ സഹോദരന്മാരും ഉള്ളത്).

മകൾ = 1/2 = 3/6
സഹോദരൻ
സഹോദരി = 1/2 = സഹോദരൻ = 2/6
സഹോദരി = 1/6

ഉദാഹരണം 2) (സന്താനമായി രണ്ടു പെൺകുട്ടികളും സഹോദരീ സഹോദരന്മാരും ഉള്ളത്).

രണ്ടു പെൺമക്കൾ = 2/3 (പെൺകുട്ടി 1 = 3/9, പെൺകുട്ടി 2 = 3/9)
സഹോദരൻ
സഹോദരി = 1/3 = സഹോദരൻ = 2/9
സഹോദരി = 1/9

*(അവസാനിക്കുന്നില്ല)*

# മറ്റു മതങ്ങൾ അസാധുവാക്കാനാണ് ഖുർആൻ വന്നതെന്ന വാദം ഖുർആൻ വിരുദ്ധം

മൗലവി ചേകനൂർ

സർവമത സത്യവാദം ഖുർആനിൽ 2



ഖുർആൻ ഒറ്റ ഭാഷയിലേക്കും പരിഭാഷപ്പെടുത്താൻ പാടില്ലെന്നുപറഞ്ഞു മുസ്‌ലിം മതപുരോഹിതൻമാർ 1350 വർഷം വരെ ഖുർആൻ പൂഴ്ത്തിവച്ചതിനാലാണ് ഖുർആനിലെ എത്രയും മഹത്തായ അത്തരം ആദർശങ്ങളൊന്നും നമുക്കും നമ്മുടെ പൂർവികർക്കും ഇതേവരെ പഠിയാതിരിക്കാൻ കാരണമായത്.

ഖുർആൻ പണ്ഡിതരും സമുദായസ്നേഹികളുമായിരുന്ന ചുരുക്കം ചില മുസ്‌ലിം നേതാക്കൾ കുറേ മുമ്പുതന്നെ ചില ഭാഷകളിലേക്ക് ഖുർആൻ വിവർത്തനം ചെയ്തിരുന്നെങ്കിലും അത് പ്രചാരത്തിലാവാൻ അക്കാലത്തെ മതപുരോഹിതൻമാർ തീരെ അനുവദിക്കുകയുണ്ടായില്ല. തന്നിമിത്തം കോടാനുകോടി മുസ്‌ലിംകൾക്കും അമുസ്‌ലിംകൾക്കും ഖുർആനിലെ അത്തരം അമൂല്യസത്യങ്ങൾ മനസ്സിലാക്കാൻ ഈ അടുത്തകാലം വരെ സൗകര്യം ലഭിച്ചിരുന്നില്ല. ഇന്നിപ്പോൾ ഖുർആനിലെ ഏതൊരുസത്യവും കണ്ടുപിടിക്കാൻ മതപുരോഹിതന്മാരല്ലാത്തവർക്കും കഴിയുന്ന അവസ്ഥ വന്നുചേർന്നിട്ടുണ്ട്. പുരോഹിത ശിങ്കിടികളുടെ വിലക്കും വിരോധവും വലിച്ചെറിഞ്ഞ് വിവിധ ഭാഷകളിലേക്ക് ഖുർആൻ പരിഭാഷപ്പെടുത്തിയതുതന്നെ കാരണം. വ്യാഖ്യാനങ്ങളിൽ പലരും പല കൃത്രിമങ്ങളും ചെയ്തിട്ടുണ്ടെങ്കിലും ചർച്ചകളിലൂടെയോ ഗവേഷണത്തിലൂടെയോ അവ കണ്ടുപിടിക്കൽ ഇക്കാലത്ത്

**കോടാനുകോടി മുസ്‌ലിംകൾക്കും അമുസ്‌ലിംകൾക്കും ഖുർആനിലെ അമൂല്യ സത്യങ്ങൾ മനസ്സിലാക്കാൻ ഈ അടുത്ത കാലം വരെ സൗകര്യം ലഭിച്ചിരുന്നില്ല. ഇന്നിപ്പോൾ ഖുർആനിലെ ഏതൊരു സത്യവും കണ്ടുപിടിക്കാൻ മതപുരോഹിതന്മാരല്ലാത്തവർക്കും കഴിയുന്ന അവസ്ഥ വന്നുചേർന്നിട്ടുണ്ട്.**

വലിയ പ്രയാസമുള്ള കാര്യമല്ല. മുൻകാലങ്ങളെപ്പോലെ ഖുർആനിലെ സത്യങ്ങൾ പൂഴ്ത്തിവയ്ക്കൽ ഇനിയുള്ള കാലം അത്ര എളുപ്പമല്ലെന്ന് താൽപര്യം. ഈ സ്ഥിതിവിശേഷമാണ് ഇന്നേവരെ ആരും പ്രചരിപ്പിച്ചിട്ടില്ലാത്ത മേൽ പ്രസ്താവിച്ചത് പോലുള്ള ഖുർആനിക സത്യങ്ങൾ ഇവിടെ വിളംബരം ചെയ്യാൻ ഈയുള്ളവന് പ്രചോദനം നൽകിയത്.

ഇന്ത്യയിലെ പ്രഗത്ഭനായൊരു ഖുർആൻ പണ്ഡിതനായിരുന്ന മൗലാനാ അബുൽ കലാം ആസാദ് ഖുർആനിലെ സർവമത സത്യവാദം ശരിക്കും മനസ്സിലാക്കിയിരുന്നതായി അദ്ദേഹത്തിന്റെ ഖുർആൻ പരിഭാഷയിൽനിന്ന് ഗ്രഹിക്കാൻ കഴിയുന്നുണ്ട്. പക്ഷേ സർവമതൈക്യം പോലും പറയാൻ പാടില്ലാത്ത അക്കാലത്ത് സർവമത സത്യവാദം പറയാൻ സമയമായില്ലെന്ന് കണ്ടതിനാലാവാം കേവലം സർവമതൈക്യത്തെപ്പറ്റിയുള്ള വിവരണവും വ്യാഖ്യാനവും മാത്രമേ അദ്ദേഹം തന്റെ പരിഭാഷയിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളൂ.

25 വർഷം മുമ്പ് മുതൽ ഈ ലേഖകൻ പല സ്റ്റേജുകളിലും ഖുർആനിലെ സർവമത സത്യവാദത്തെപ്പറ്റി പ്രസംഗിക്കാറുണ്ടെങ്കിലും ഖുർആനിൽ അങ്ങനെയൊരു സിദ്ധാന്തമുണ്ടെന്ന് പറയാൻ മറ്റാരും രംഗത്ത് വരാറില്ല. എങ്കിലും 1985 ഫെബ്രുവരിയിൽ ജമാഅത്തെ ഇസ്‌ലാമിയുടെ യുവസംഘടനയായ എസ്.ഐ.ഒ. കേരള ഘടകം ഫറോക്കിൽ നടത്തിയ സംസ്ഥാന സമ്മേളനത്തിലെ ഒരു പ്രമുഖ പ്രാസംഗികനും ഇസ്‌ലാം മതചിന്തകനുമായ റജാഗരോഡി, ഖുർആനിലെ സർവമത സത്യവാദത്തിലേക്ക് തന്റെ പ്രസംഗത്തിൽ സൂചന നൽകിയത് ഈയുള്ളവൻ പ്രത്ര്യേകം ശ്രദ്ധിക്കുകയുണ്ടായി. പക്ഷേ മറ്റു പ്രാസംഗികന്മാരാരും തന്നെ അത് സ്ഥിരീകരിക്കാനോ നിരാകരിക്കാനോ മുതിർന്ന് കണ്ടില്ല.

ഏതായാലും അനേകം മതസമുദായങ്ങളുള്ള ഇന്ത്യയിൽ സർവമത സത്യവാദമെന്ന ഖുർആനിലെ മഹത്തായ സന്ദേശം ഒരിക്കലും വിലമതിക്കാനാകാത്തതും കാലഘട്ടത്തിന്റെ ഏറ്റവും വലിയൊരാവശ്യവുമാണെന്ന് പറയേണ്ടതില്ലല്ലോ. സമുദായൈക്യവും ദേശീയോദ്ഗ്രഥനവും ഊട്ടിയുറപ്പിക്കുവാനെന്താണ് മാർഗമെന്ന് സമുദായ നേതാക്കളും രാഷ്ട്രത്തലവൻമാരും തലപുകഞ്ഞാലോചിച്ചുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ വിശേഷിച്ചും.

ഇസ്‌ലാം മാത്രമാണ് സത്യമായ ഏകമതമെന്നും ഇതര സമുദായങ്ങളുടെ മതങ്ങളും മതഗ്രന്ഥങ്ങളുമെല്ലാം ഇസ്‌ലാം വന്നതോടെ അസാധുവായിപ്പോയെന്നുമാണ് മുസ്‌ലിംകളുടെ പൊതുവെയുള്ള വിശ്വാസമെന്ന് രേഖപ്പെടുത്തേണ്ടിവന്നതിൽ ഖേദമുണ്ട്. എന്നാൽ പ്രസ്തുത വിശ്വാസം തികച്ചും തെറ്റാണെന്നാണ് ഖുർആൻ പലതവണ വ്യക്തമാക്കിയിരിക്കുന്നത്. അവയിൽ ചിലത് കാണുക:

(1) "നസ്സല-അലൈക്കൽ-കിത്താബ-ബിൽഹഖ്ഖി-മുസ്വദ്ദിഖൻ-ലിമാ-ബൈന-യദൈഹി-വ അൻസല-ത്തൗറാത്ത-വൽ-ഇഞ്ചീല-മിൻ ഖബ്‌ലു-ഹുദല്ലിന്നാസി-വഅൻസലൽ-ഫുർഖാൻ."

അർഥം: "(ഓ നബീ) ഇതിന് മുമ്പുള്ള സകല ദിവ്യഗ്രന്ഥങ്ങളെയും ശരിവയ്ക്കുന്ന ഗ്രന്ഥമായിട്ടാണ് സത്യസന്ദേശവും കൊണ്ട് ഈ ഗ്രന്ഥം (ഖുർആൻ) നിനക്ക് അല്ലാഹു അവതരിപ്പിച്ചുതന്നിരിക്കുന്നത്. " എന്നു പറഞ്ഞാൽ തൗറാത്തും ഇഞ്ചീലും അഥവാ ബൈബിൾ പഴയ നിയമവും പുതിയ നിയമവുമൊക്കെ ലോകജനതയ്ക്കാകമാനം മാർഗദർശനമായാണ് ദൈവം മുമ്പവതരിപ്പിച്ചിരിക്കുന്നത്. (അതേ പ്രകാരം ലോകജനതയ്ക്കുള്ള മാർഗദർശനമായി ഖുർആനെയും ദൈവം അവതരിപ്പിച്ചിരിക്കുന്നു. (വി.ഖു. 3:3).

(2) "വഅൻസൽനാ-ഇലൈക്കൽ-കിത്താബ-ബിൽ-ഹഖ്ഖി-മുസ്വദ്ദിഖൻ-ലിമാ-ബൈനയദൈഹി-മിനൽ-കിത്താബി, വ-മുഹൈമിനൻ-അലൈഹി."

അർഥം: "(ഓ നബീ) ഇതിനുമുമ്പുള്ള ദൈവികമായ എല്ലാ മതഗ്രന്ഥങ്ങളേയും ശരിവയ്ക്കുന്നതും അവയെ കാത്തുസൂക്ഷിക്കുന്നതുമായ ഒരു ഗ്രന്ഥമായാണ് ഈ ഗ്രന്ഥം-ഖുർആൻ-നിനക്ക് നാം അവതരിപ്പിച്ചിരിക്കുന്നത്." (വി.ഖു: 5:51).

ശ്രദ്ധിക്കുക! ഓരോ സമുദായത്തിനും ഓരോ ദൈവദൂതൻ ഉണ്ടായിരുന്നുവെന്ന് ഖു: 10:47ലും എല്ലാ ദൈവദൂതൻമാർക്കും ദിവ്യഗ്രന്ഥങ്ങളുണ്ടായിരുന്നുവെന്ന് 2:213ലും 35:25ലും ഓരോ സമുദായത്തിനും അവരവരുടെ ഭാഷയിലുള്ള ഗ്രന്ഥവുമായിട്ടല്ലാതെ ഒറ്റ ദൈവദൂതനേയും ദൈവം നിയോഗിച്ചിട്ടില്ലെന്ന് 14:4ലും ശരിക്കും വ്യക്തമാക്കിയതാണ്. "ഖുർആനിലുള്ള ആദർശസിദ്ധാന്തങ്ങൾ പൂർവിക മതഗ്രന്ഥങ്ങളിലുമുണ്ടെന്ന്" 26:196ലും പ്രസ്താവിച്ചിട്ടുണ്ട്. ഇതു കൊണ്ടൊക്കെയാണ് ഒരു മനുഷ്യൻ യഥാർഥ മുസൽമാൻ ആവണമെങ്കിൽ മുസൽമാന്റെ മതഗ്രന്ഥമായ ഖുർആനിൽ വിശ്വസിക്കുന്നതോടൊപ്പം തന്നെ, മറ്റെല്ലാ ദൈവിക മതഗ്ര

ന്ഥങ്ങളും സത്യമാണെന്ന് വിശ്വസിക്കണമെന്ന് ഖുർആൻ നിഷ്കർഷിക്കാൻ കാരണം.

ലോകത്തെവിടെയും വിവിധ ഭാഷകളിലായി ദൈവദൂതൻമാർ കൊണ്ടുവന്ന സകല മതഗ്രന്ഥങ്ങളും സത്യമാണെന്നംഗീകരിക്കണമെന്നും അവയെല്ലാം ശരിവച്ചുകൊണ്ടാണ് ഖുർആൻ അവതരിപ്പിച്ചതെന്നും മേൽപ്രകാരമെല്ലാം ഖുർആൻ പലതവണ ആവർത്തിച്ചു പ്രഖ്യാപിച്ചിട്ടും ഖുർആൻ അല്ലാത്ത സകല മതഗ്രന്ഥങ്ങളും അസാധുവാക്കുവാനും ദുർബലപ്പെടുത്തുവാനും വേണ്ടിയാണ് ഖുർആൻ വന്നതെന്ന ശുദ്ധ അസംബന്ധം അതേ ഖുർആന്റെ അനുയായികളായ മതപുരോഹിതൻമാർ തന്നെ സമുദായത്തെ പഠിപ്പിച്ചുപോന്നു എന്നുവരുമ്പോൾ, ഖുർആൻ ഒരു കാലത്തും പരിഭാഷപ്പെടുത്താൻ പാടില്ലെന്ന് അവർ ശഠിച്ചതിന്റെ പിന്നിലുണ്ടായിരുന്ന രഹസ്യമെന്തെന്ന് മനസ്സിലാക്കാൻ വല്ല പ്രയാസവുമുണ്ടോ?

## എല്ലാ ദൈവിക മതങ്ങളും സത്യം

ഓരോ മതഗ്രന്ഥവും അതാതിന്റെ കാലങ്ങളിൽ മാത്രമേ സത്യമായിരുന്നുള്ളൂവെന്നും ഖുർആൻ അവതരിച്ചതോടെ അതെല്ലാം അസത്യമായിത്തീർന്നെന്നും പറയുന്ന പുരോഹിതൻമാർക്ക് വായടപ്പൻ മറുപടിയാണ് വി:ഖു: 5:46ലും 5:47ലും മറ്റുമുള്ളത്. അതായത്, തൗറാത്ത് (ബൈബിൾ പഴയ നിയമം) കൈവശമുള്ള ജൂതന്മാർ ആ തൗറാത്തിലുള്ള വിധികൾ നടപ്പാക്കാതെ നിന്നോട് (നബിയോട്) മതവിധിയന്വേഷിക്കാൻ വരേണ്ട ആവശ്യം അവർക്കെന്താണെന്നാണ് 5:46ൽ അല്ലാഹു ചോദിക്കുന്നത്. തൗറാത്തനുസരിച്ച് വിധി നടപ്പാക്കാൻ തയ്യാറില്ലാത്ത അവർ കാഫിറുകളും സാലിമുകളും (സത്യനിഷേധികളും അക്രമികളും) ആണെന്ന് ഖുർആൻ തുടർന്ന് പ്രഖ്യാപിക്കുന്നു. അതേപോലെ ഇഞ്ചീലിന്റെ (ബൈബിൾ പുതിയ നിയമത്തിന്റെ) ആൾക്കാരായ ക്രിസ്ത്യാനികൾ ആ ഇഞ്ചീലിലുള്ളതനുസരിച്ചും മതവിധികൾ നടപ്പാക്കിക്കൊള്ളട്ടെ എന്ന് ഖു: 5:50 തുടർന്ന് കല്പിക്കുന്നു. ഇഞ്ചീലനുസരിച്ച് വിധിക്കാത്തവരെപ്പറ്റി ഫാസിഖുകൾ (തെമ്മാടികൾ) ആണെന്ന് അവിടെ ത്തന്നെ ഖുർആൻ മുദ്രകുത്തുകയും ചെയ്യുന്നു.

അപ്പോൾ ഖുർആൻ അവതരിപ്പിച്ചശേഷവും പൂർവമതഗ്രന്ഥങ്ങൾ കൈവശമുള്ളവർ അതേ മത ഗ്രന്ഥങ്ങൾക്കനുസൃതമായാണ് ജീവിക്കേണ്ടതെന്നും ഒരു മതഗ്രന്ഥവും കൈവശമില്ലാതിരിക്കുകയോ അല്ലെങ്കിൽ കൈവശമുള്ളത് ദൈവിക ഗ്രന്ഥങ്ങളല്ലാത്ത ബുഖാരി, മുസ്‌ലിംപോലുള്ള മതഗ്രന്ഥങ്ങളാവുകയോ ചെയ്താൽ അത്തരം മതഗ്രന്ഥക്കാരൊക്കെ ഖുർആനനുസരിച്ച് ജീവിക്കൽ നിർബന്ധമാണെന്നുമാണ് ഖുർആൻ കല്പിക്കുന്നത്. ഈ അർഥത്തിലാണ് മുഹമ്മദ്

**ഇതര സമുദായങ്ങളുടെ മതങ്ങളും മതഗ്രന്ഥങ്ങളുമെല്ലാം ഇസ്‌ലാം വന്നതോടെ അസാധുവായിപ്പോയെന്നാണ് മുസ്‌ലിംകളുടെ പൊതുവെയുള്ള വിശ്വാസമെന്ന് രേഖപ്പെടുത്തേണ്ടിവന്നതിൽ ഖേദമുണ്ട്. എന്നാൽ പ്രസ്തുത വിശ്വാസം തികച്ചും തെറ്റാണെന്നാണ് ഖുർആൻ പലതവണ വ്യക്തമാക്കിയിരിക്കുന്നത്.**

നബി തിരുമേനി, എല്ലാ ജനവിഭാഗങ്ങൾക്കും വേണ്ടി നിയോഗിക്കപ്പെട്ട ദൈവദൂതനാണെന്ന് ഖുർആൻ പ്രഖ്യാപിച്ചതും. അല്ലാതെ, ലോക സമുദായങ്ങളെല്ലാം അവർക്ക് ലഭിച്ച എല്ലാ ദൈവിക ഗ്രന്ഥങ്ങളും വലിച്ചെറിഞ്ഞ് ഖുർആന്റെ മാത്രം അനുയായികളായി മാറണമെന്ന നിർബന്ധം ഖുർആനിലില്ല; ഇസ്‌ലാമിലുമില്ല. അതുണ്ടെന്ന് തെളിയിക്കാൻ ലോകത്തൊരാൾക്കും സാധ്യവുമല്ല. ഏതൊരാളും അനുവർത്തിക്കുന്ന മതം ഏതെങ്കിലുമൊരു ദൈവിക ഗ്രന്ഥമനുസരിച്ചായിരിക്കണമെന്ന് മാത്രമേ ഖുർആൻ കല്പിക്കുന്നുള്ളൂ.

ഖുർആനിലെ ഏറ്റവും മഹത്തരവും വളരെ സത്യസന്ധവും തികച്ചും നീതിപൂർവകവുമായ ഈ സുന്ദരാദർശം മുസ്‌ലിം മതപുരോഹിതന്മാർ പൊതുവെ സമുദായത്തെ പഠിപ്പിക്കാറില്ലെന്നതാണ് ഏറ്റവും ദുഃഖകരമായ സത്യം. മാത്രമല്ല, തീർത്തും ഖുർആൻ വിരുദ്ധവും വളരെയേറെ അപകടകരവുമായ വിശ്വാസം മുസ്‌ലിംകളിൽ അവർ കുത്തിവയ്ക്കുകയും ചെയ്തുപോന്നു. അതായത്, ഖുർആൻ അവതരിച്ചശേഷം ഖുർആനല്ലാത്ത ഒറ്റ മതഗ്രന്ഥവും സാധുവല്ലെന്നും ഖുർആനിലെ അനുഷ്ഠാനക്രമങ്ങൾക്കനുസരിച്ച് ജീവിക്കാത്തവരെല്ലാം കാഫിറുകൾ (സത്യനിഷേധികൾ) ആണെന്നും മുസ്‌ലിം സമുദായത്തെ ഇന്നോളം അവർ പഠിപ്പിച്ചുപോന്നു. ഇതേപോലെ തെറ്റായവിശ്വാസം സ്വസമുദായത്തിൽ കുത്തിവയ്ക്കുന്നതിൽ മറ്റു മതപുരോഹിതന്മാരും ഒട്ടും പിന്നിലല്ലെന്ന് വേണം പറയാൻ. അതായത്, ക്രിസ്തുമതം വിശ്വസിക്കാത്തവരെല്ലാം പിഴച്ചവരാണെന്ന് ക്രിസ്താനികളും ജൂതമതക്കാരല്ലാത്തവരൊക്കെ പാപികളാണെന്ന് ജൂതന്മാരും ബ്രാഹ്മണമതം ആചരിക്കാത്തവരാരും നല്ലവരല്ലെന്ന് ബ്രാഹ്മണരും തങ്ങളുടെ സമുദായത്തെ പഠിപ്പിച്ചുപോന്നു. എല്ലാ മതവിഭാഗക്കാരുടേയും പഠന രീതികൾ ഇതേപോലെ പക്ഷപാതാധിഷ്ഠിതം തന്നെയാണ്. ഏറ്റവുമധികം മതസമുദായങ്ങളുള്ള ഇന്ത്യയിൽ ഏറ്റവുമധികം വർഗീയ കലാപങ്ങൾ നടക്കുന്നതിന്റെ കാരണങ്ങളും ഇതൊക്കെത്തന്നെ

**എല്ലാ ദൈവിക മതക്കാർക്കും മോക്ഷമുണ്ട്. (2:62, 5:69).**
**എല്ലാ ദൈവിക മതത്തെയും ഖുർആൻ ശരിവയ്ക്കുന്നു. (5:48, 3:3).**
**വേദഗ്രന്ഥങ്ങളാകെ അട്ടിമറിച്ച ജൂതസമുദായത്തിൽ നിന്നുപോലും മുസ്ലിംകൾക്ക് വിവാഹം കഴിക്കുകയും അവർ അറുത്തത് തിന്നുകയും ചെയ്യാം. (5:5).**
**എല്ലാ സമുദായത്തിലും പ്രവാചകന്മാർ വന്നിട്ടുണ്ട്. അവരെ മുഴുവൻ അംഗീകരിക്കൽ മുസ്ലിംകൾക്ക് നിർബന്ധമാണ്. (2:285).**
**മുസ്ലിം പള്ളികളെപ്പോലെ അമുസ്ലിം ദേവാലയങ്ങളും തകർക്കപ്പെടരുത്. (22:40).**
**ഓരോ മതക്കാർക്കും ഓരോ ആരാധനാരീതി നാം (ദൈവം) നിശ്ചയിച്ചുകൊടുത്തിട്ടുണ്ട്. അതിനാൽ അക്കാര്യത്തിൽ ആരും വഴക്കുണ്ടാക്കാൻ പാടില്ല. (22:67).**

യാണെന്ന് നിസ്സംശയം പറയാം. അതിനാൽ ഖുർആൻ പഠിപ്പിച്ച ആ മഹത്തായ ആദർശം -ഏതൊരു മതക്കാരനും തന്റെ മതത്തിലെ യഥാർഥ മതഗ്രന്ഥമനുസരിച്ച് ജീവിച്ചാൽ മതി എന്ന ആദർശം- എത്രയും വേഗം ലോകത്ത് പ്രചരിപ്പിക്കാൻ എല്ലാ മനുഷ്യസ്നേഹികളും സാമൂഹിക പരിഷ്കർത്താക്കളും തീവ്രശ്രമം നടത്തേണ്ടതും ശക്തിയായി പ്രവർത്തിക്കേണ്ടതുമാണ്.

## എല്ലാ മതക്കാർക്കും മോക്ഷമുണ്ടെന്ന് വിശുദ്ധ ഖുർആൻ (2:62, 5:69)

ദൈവികമായ എല്ലാ മതഗ്രന്ഥങ്ങളും സത്യമാണെന്ന് എപ്പോഴും വിശ്വസിക്കണമെന്ന ആദർശം ഖുർആൻ പഠിപ്പിച്ചശേഷം അത് കേവലം ഒരു നയമോ ഭരണതന്ത്രമോ അല്ലെന്ന് ബോധ്യപ്പെടുത്താനും മറിച്ച് ശാശ്വതവും സാക്ഷാൽക്കരിക്കപ്പെടുന്നതുമായ ഒരുറച്ച ആദർശമാണെന്ന് മുസ്ലിംകളെ പഠിപ്പിക്കാനും വേണ്ടി, എല്ലാ സത്യമതക്കാർക്കും പരലോകത്തിൽ മോക്ഷമുണ്ടെന്നും ഖുർആൻ വെട്ടിത്തുറന്ന് പ്രഖ്യാപിക്കുകയാണ്. അതെവിടെ എന്ന് കാണുക.

"ഇന്നല്ലദീന-ആമനൂ-വല്ലദീന-ഹാദൂ-വസ്സാബിഊന-വന്നസ്വാറാ-മൻആമന-ബില്ലാഹി-വൽ-യൗമിൽ-ആഖിരി-ഫലാ-ഖൗഫുൻ-അലൈഹിം-വലാഹും-യഹ്സനൂൻ."

അർഥം: "(മുഹമ്മദ് നബിയിലും മറ്റും) വിശ്വസിച്ച മുസ്ലിംകളും, മാത്രമല്ല ജൂതന്മാരും സാബികളും (അന്ന് അറേബ്യയിലുണ്ടായിരുന്ന വേറൊരു മതക്കാർ) ക്രിസ്ത്യാനികളും ആരുമാകട്ടെ! അവരിൽ ദൈവത്തിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും നല്ല പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നവരാരുണ്ടോ? അവർക്ക് യാതൊന്നും ഭയപ്പെടേണ്ടതില്ല. അവർക്ക് ദുഃഖിക്കേണ്ടിവരികയുമില്ല; തീർച്ച." (വി.ഖു. 5:72) "ഇന്നല്ലദീന-ആമനൂ-വല്ലദീന-ഹാദൂ-വന്നസ്വാറാ-വസ്സ്വബിഈന-മൻ-ആമനബില്ലാഹി-വൽ-യൗമിൽ-ആഖിരി-ഫലഹും-അജ്റുഹും-ഇന്തറബ്ബിഹിം-ലാ-ഖൗഫുൻ-അലൈഹിം-വലാഹും-യഹ്സനൂൻ."

അർഥം: "(മുഹമ്മദ് നബിയിലും മറ്റും) വിശ്വസിച്ച മുസ്ലിംകളും, മാത്രമല്ല, ജൂതന്മാരും ക്രിസ്താനികളും സാബികളും ആരുമാകട്ടെ! അവരിൽ ദൈവത്തിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും നല്ല പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നവരാരുണ്ടോ? അവർക്ക് അവരുടെ നാഥങ്കൽ അർഹമായ പ്രതിഫലമുണ്ട്; തീർച്ച. (എന്ന് മാത്രമല്ല) അവർ യാതൊന്നും ഭയപ്പെടേണ്ടതില്ല; അവർ ദുഃഖിക്കേണ്ടിവരികയുമില്ല." (വി:ഖു: 2:62).

നോക്കണം; ദൈവിക മതവും ദൈവിക ഗ്രന്ഥവും മുച്ചൂടും മാറ്റി മറിക്കുകയും അവ അലങ്കോലപ്പെടുത്തുകയും ചെയ്തവരാണ് ജൂതന്മാരെന്നും ഖുർആന്റെയും മുസ്ലിംകളുടെയും ഏറ്റവും കടുത്ത ശത്രുക്കളാണവരെന്നും ഖുർആൻ തന്നെ ആവർത്തിച്ചു വ്യക്തമാക്കിയതാണ്. എന്നിട്ടുപോലും കേവലം രണ്ട് കാര്യത്തിലെങ്കിലും (ദൈവത്തിലും അന്ത്യദിനത്തിലും ) വിശ്വസിച്ചുകൊണ്ട് ആ ജൂതന്മാരിൽ പെട്ടവർതന്നെ എന്തെങ്കിലും സാമൂഹികനന്മയുള്ള നല്ല പ്രവർത്തനങ്ങൾ നടത്തിയാൽ അതിനൊക്കെ അവർക്കും പരലോകത്തിൽ ഉത്തമമായ പ്രതിഫലമുണ്ടെന്നും ശാശ്വതമായ മോക്ഷമുണ്ടെന്നും ഖുർആൻ അസന്നിഗ്ധമായി പ്രഖ്യാപിച്ചിരിക്കുകയാണ്. എന്നിരിക്കുമ്പോൾ മറ്റേത് മതക്കാർക്കാണ് നല്ല കാര്യങ്ങൾ ചെയ്താൽ ദൈവം മോക്ഷം നൽകാതിരിക്കുക? അതൊരിക്കലുമില്ല. അതൊരു പൊതുനിയമമാണെന്ന് ഖുർആൻ ആവർത്തിച്ചു വ്യക്തമാക്കിയിരിക്കേ വിശേഷിച്ചും.

നല്ല പ്രവർത്തനങ്ങൾക്ക് ഇവിടെ നിന്ന് തന്നെ പ്രതിഫലം വസൂലാക്കണമെന്ന സ്വാർഥത ഉദിക്കാതിരിക്കാനും സേവനങ്ങൾ നിസ്വാർഥപരമായിരിക്കാനും വേണ്ടിയാണ് ദൈവത്തിലും പരലോകത്തിലും വിശ്വസിക്കണമെന്ന് ഖുർആൻ നിഷ്കർഷിക്കാൻ കാരണം. അതായത്, എത്ര നല്ല പ്രവർത്തനം നടത്തിയിരുന്നാലും അതിനൊന്നും

പരലോകത്ത് വച്ച് ദൈവത്തിങ്കൽ നിന്ന് പ്രതിഫലം ലഭിക്കണമെന്ന ആഗ്രഹമില്ലാത്തവന് പരലോക മോക്ഷം ഖുർആൻ വാഗ്ദത്തം ചെയ്യുന്നില്ലെന്ന് താൽപര്യം. അതിലൊട്ടും നീതികേടുമില്ലല്ലോ. കാരണം, ദൈവത്തിലും പരലോകത്തിലും വിശ്വസിക്കാത്തവർക്കെന്തിനാണ് പരലോകത്ത് ചെല്ലുമ്പോൾ ദൈവം മോക്ഷം നൽകുന്നത്?

ഇനി ദൈവത്തിലും പരലോകത്തിലും വിശ്വസിക്കാൻ പറ്റിയ തെളിവുകൾ ബോധ്യപ്പെടുത്തിക്കൊടുക്കാൻ മതാചാര്യന്മാർക്ക് കഴിയാത്തതുകൊണ്ടാണ് ചില സാമൂഹിക സേവകന്മാർ ദൈവത്തിലോ പരലോകത്തിലോ വിശ്വസിക്കാത്തതെങ്കിൽ അവരക്കാര്യത്തിൽ നിരപരാധികളാണെന്നേ ആർക്കും പറയാൻ പറ്റുകയുള്ളൂ. അത്തരം നിരപരാധികളെ ശിക്ഷിക്കുമെന്നതിനും ഖുർആനിൽ യാതൊരു തെളിവുമില്ല. സത്യം ബോധ്യപ്പെട്ടിട്ടും അത് നിഷേധിക്കുന്നുവെങ്കിൽ അത്തരക്കാരെ ശിക്ഷിക്കുമെന്ന് മാത്രമേ ഖുർആൻ പറഞ്ഞിട്ടുള്ളൂ. സത്യമെന്തെന്നുപോലും ബോധ്യപ്പെടാത്തവരെപ്പറ്റി സത്യനിഷേധികളെന്നെങ്ങനെയാണ് പറയാൻ പറ്റുക? അതൊരിക്കലുമില്ല. അവരെപ്പറ്റി കേവലം 'സംശയാലുക്കൾ' എന്നുവേണമെങ്കിൽ പറയാം. സംശയാലുക്കൾ കാഫിറുകളുമല്ലല്ലോ.

## ദൈവിക മതങ്ങളെല്ലാം ഖുർആന്റെ ഭാഷയിൽ 'ഇസ്‌ലാം' തന്നെ

"അല്ലാഹുവിങ്കൽ സ്വീകാര്യമായ മതം ഇസ്‌ലാം മാത്രമാണെന്ന്" ഖു: 3:19ലും "ഇസ്‌ലാമല്ലാത്ത മതം സ്വീകാര്യമല്ലെന്ന്" 3:85ലും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഖുർആൻ അനുസരിച്ചുള്ള മതം മാത്രമേ ഇസ്‌ലാമാകൂ എന്ന് ഖുർആനിൽ എവിടെയും പറഞ്ഞിട്ടില്ല. പ്രത്യുത ഏതൊരു ദൈവിക ഗ്രന്ഥമനുസരിച്ചുള്ള മതവും ഇസ്‌ലാമാണെന്നതാണ് ഖുർആനിലെ അത്ഭുതകരമായ മറ്റൊരു സത്യം. ആയതിന് ഖുർആനിൽ ധാരാളം തെളിവുകളുണ്ട്. ഖു: 2:123, 2:128, 2:132, 5:111, 5:44, 27:31 മുതലായ സൂക്തങ്ങൾ അവയിൽ ചിലത് മാത്രമാണ്. അപ്പോൾ എല്ലാ പ്രവാചകന്മാർക്കും അവതരിപ്പിച്ചുകൊടുത്തിരുന്ന മതങ്ങൾക്കെല്ലാം 'ഇസ്‌ലാം' എന്നുതന്നെയാണ് ഖുആന്റെ ഭാഷയിൽ പറയുക എന്നും അതിനാൽ ദൈവത്തിങ്കൽ സ്വീകാര്യമായ മതം ഇസ്‌ലാം മാത്രമാണെന്ന് പറഞ്ഞതിൽ സകല പ്രവാചകന്മാരുടെയും മതങ്ങൾ പെട്ടിട്ടുണ്ടെന്നും പഠിക്കൽ നമുക്ക് നിർബന്ധമാണ്. മുഹമ്മദീയമതം, ക്രിസ്തീയമതം, ജൂതമതം, ഹിന്ദുമതം, ബുദ്ധമതം, ജൈനമതം മുതലായ പേരുകളെല്ലാം പരസ്പരം വേർതിരിച്ചറിയാൻവേണ്ടി ഓരോ സമുദായങ്ങൾ പറഞ്ഞുണ്ടാക്കിയവ മാത്രമാണ്. അതുകൊണ്ടൊന്നും ദൈവം അവതരിപ്പിച്ച ഇസ്‌ലാം ഇസ്‌ലാമല്ലാതാവില്ല.



**ഓരോ മതഗ്രന്ഥവും അതാതിന്റെ കാലങ്ങളിൽ മാത്രമേ സത്യമായിരുന്നുള്ളൂവെന്നും ഖുർആൻ അവതരിച്ചതോടെ അതെല്ലാം അസത്യമായിത്തീർന്നെന്നും പറയുന്ന പുരോഹിതൻമാർക്ക് വായടപ്പൻ മറുപടിയാണ് വി:ഖു: 5.46ലും 5:47ലും മറ്റുമുള്ളത്.**

ഓരോ സമുദായത്തിന്നും ദൈവം അവതരിപ്പിച്ചുകൊടുത്ത മതങ്ങളെല്ലാം ഇസ്‌ലാം തന്നെയാണെങ്കിലും വിവിധ സമുദായങ്ങൾക്ക് വ്യത്യസ്ത ശരീഅത്തുകളും വിഭിന്ന നടപടിക്രമങ്ങളും ദൈവം തന്നെ നിശ്ചയിച്ച് കൊടുത്തിട്ടുണ്ടെന്നും തന്നിമിത്തം ഓരോരുത്തരുടെയും ആചാരങ്ങളും അനുഷ്ഠാനങ്ങളും വ്യത്യസ്തങ്ങളായിരിക്കുമെന്നും അതിന്റെ പേരിൽ സമുദായങ്ങൾ തമ്മിൽ ഒരിക്കലും വഴക്കുണ്ടാക്കാൻ പാടില്ലെന്നുമൊക്കെ ഖു: 5:48ലും 22:67ലും മററും വ്യക്തമാക്കിയിരിക്കുന്നു.

ഒരു ജനതയും മറ്റൊരു ജനതയെ പരിഹസിക്കാൻ പാടില്ലെന്നും ഒരുപക്ഷേ പരിഹസിക്കപ്പെടുന്നവരായിരിക്കാം പരിഹസിക്കുന്നവരേക്കാൾ ഉത്തമന്മാരെന്നും ഖുർആൻ 49:11ൽ നമ്മെ ഓർമപ്പെടുത്തുകയും ചെയ്യുന്നു.

ഇത്തരത്തിലെല്ലാം വ്യക്തമായ വിവരണങ്ങൾ ഖുർആൻ ആവർത്തിച്ചു നൽകുമ്പോൾ അതേ ഖുർആൻ മുന്നിൽ വച്ചുകൊണ്ട്, ഖുർആനികമതക്കാർക്ക് മാത്രമേ പുണ്യവും മോക്ഷവും ഉള്ളൂവെന്ന് നാം എങ്ങനെയാണ് വാദിക്കുക? ആര് തന്നെ അങ്ങനെ വാദിച്ചിരുന്നാലും അതെല്ലാം ഖുർആൻ വിരുദ്ധവും വ്യക്തമായ അസംബന്ധവുമാണ്.

*(അവസാനിക്കുന്നില്ല)*

ഹദീസ് നിരൂപണം

2 ഖുർആനിലൂടെ

# എറിഞ്ഞുകൊല്ലൽ ശിക്ഷ



■ മുതൂർ അബൂബക്കർ

"ഇബ്നു ഉമറിൽ നിന്ന്: മുഹമ്മദ് നബിക്ക് സത്യസന്ധമായി അല്ലാഹു ഖുർആൻ അവതരിപ്പിച്ചപ്പോൾ വ്യഭിചാരിയെ എറിഞ്ഞ് കൊല്ലണമെന്ന ആയത്ത് (സൂക്തം)അതിലുണ്ടായിരുന്നു. അത് ഞങ്ങൾ പാരായണം ചെയ്യുകയും ഹൃദിസ്ഥമാക്കുകയും ചെയ്തിട്ടുണ്ട്. കാലം കുറേ കഴിഞ്ഞാൽ 'ഖുർആനിൽ അത് കാണുന്നില്ല' എന്ന് പറയുക വഴി അല്ലാഹു അവതരിപ്പിച്ച ഒരു നിർബന്ധ കാര്യത്തെ ഉപേക്ഷിക്കുക മൂലം ജനം വഴിപിഴച്ചുപോകുന്നതിനെ ഞാൻ ഭയപ്പെടുന്നു." (ബുഖാരി-6830).

മുഹമ്മദ് നബിക്ക് ഖുർആൻ ഇറക്കിയപ്പോൾ വ്യഭിചാരിയെ എറിഞ്ഞ് കൊല്ലണമെന്ന് കല്പിക്കുന്ന ഭാഗമുണ്ടായിരുന്നുവെന്നും ഇപ്പോൾ അത് കാണുന്നില്ല എന്നുമാണ് മേൽ ഹദീസ് പഠിപ്പിക്കുന്നത്. ഖുർആൻ സത്യസമ്പൂർണമാണെന്നും കുറ്റമറ്റതാണെന്നും അടിക്കടി ഖുർആൻതന്നെ ലോകരെ ഓർമപ്പെടുത്തിക്കൊണ്ടിരിക്കുമ്പോൾ അതിന്റെ സുന്ദരമുഖം വികൃതമാക്കാൻ ഈ രണ്ടാം പ്രമാണത്തിൽ വരച്ചുവച്ചത് ധാരാളം മതി. ഖുർആനിൽ ദൈവം തമ്പുരാൻ അവതരിപ്പിച്ചത് മുഴുവനുമുണ്ടെന്ന് ഒഴുക്കൻ മട്ടിലാണെങ്കിലും സർവ ഖുർആൻ വിശ്വാസികളും പറയുമ്പോൾ, രണ്ടാം പ്രമാണക്കാരന്റെ മേൽ പരാമർശത്തിന് എന്ത് വ്യാഖ്യാനം നൽകും? ഒരായത്ത് നഷ്ടപ്പെട്ടുവെന്ന് പറയലും 100 ആയത്ത് നഷ്ടപ്പെട്ടുവെന്ന് പറയലും ഖുർആനെ സംബന്ധിച്ച് ഫലത്തിൽ ഒന്ന് തന്നെയാണ്. ഖുർആന്റെ യഥാർഥ ശത്രുക്കളും ഒരുവേള ഖുർആൻ മനസ്സിലാക്കാൻ അവസരം കിട്ടാത്തവരും ഖുർആനും ഹദീസും രണ്ടാണെന്ന് മനസ്സിലാക്കിയിട്ടില്ലാത്തവരും പല ഖുർആൻ വിമർശനങ്ങളുമായി മുമ്പും രംഗത്തിറങ്ങിയിട്ടുണ്ട്. മേൽ പ്രസ്താവം നടത്തിയ ഇബ്നു ഉമറിനെയും അത് രേഖപ്പെടുത്തിയ ബുഖാരിയെയും നാം ഏത് ഗണത്തിൽ പെടുത്തണം? ഹദീസുകൾ ഖുർആന്റെ വ്യാഖ്യാനങ്ങളാണെന്നാണ് ഹദീസ് പ്രചാരകർ വാദിക്കാറ്. ഈ ഹദീസ് ഖുർആനിലെ ഏത് ആയത്തിന്റെ വ്യാഖ്യാനമാണെന്ന് ഇന്ന് വരെ ആരും പറഞ്ഞതായി അറിവില്ല. ഖുർആനെ പല നിലയ്ക്കും വിമർശിക്കാൻ രംഗത്തിറങ്ങിയ സൽമാൻ റുഷ്ദിയും ഇടമറുകുമൊക്കെ ഇത് കാണാതെ പോയത് അവർക്ക് അറബി അറിയില്ല എന്ന ഒറ്റക്കാരണം കൊണ്ട് മാത്രമായിരിക്കും. അവർക്കതറിയുമായിരുന്നെങ്കിൽ അവർ ആദ്യം രംഗത്തിറക്കുക ഇതായിരുന്നേനേ. കാരണം മുസ്‌ലിം ഭൂരിപക്ഷം മുഖ്യപ്രമാണമായി കരുതുന്ന ഹദീസ് കൊണ്ട്; വിശേഷിച്ച് ബുഖാരിയുടെ ഹദീസ് കൊണ്ട് തന്നെ ഖുർആനെ വിമർശിക്കാൻ സാധിച്ചാൽ അവർക്ക് അതിലും വലിയ നേട്ടമെന്താണ്?

**ഒരായത്ത് നഷ്ടപ്പെട്ടുവെന്ന് പറയലും 100 ആയത്ത് നഷ്ടപ്പെട്ടുവെന്ന് പറയലും ഖുർആനെ സംബന്ധിച്ച് ഫലത്തിൽ ഒന്ന് തന്നെയാണ്.**

വ്യഭിചാരിക്ക് എന്ത് ശിക്ഷയാണ് നൽകേണ്ടതെന്ന് ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. വ്യഭിചാരിക്കും വ്യഭിചാരിണിക്കും നിങ്ങൾ 100 വീതം അടി നൽകുക എന്നാണ് 24:3ൽ പറയുന്നത്.

അല്ലാതെ എറിഞ്ഞ് കൊല്ലലല്ല ശിക്ഷ. എറിഞ്ഞ് കൊല്ലൽ ശിക്ഷ ജൂതഗ്രന്ഥങ്ങളിൽ മാത്രം കാണപ്പെടുന്നതും അവരുടെ ആചാരവുമാണ്. അത്തരം മനുഷ്യത്വരഹിതവും കിരാതവുമായ നിയമങ്ങൾ ഹദീസിന്റെ മറവിൽ ഇസ്‌ലാമിൽ വിളക്കിച്ചേർക്കലായിരുന്നു ഇത് പ്രചരിപ്പിച്ചതിന് പിന്നിലുള്ള ഉദ്ദേശ്യം. വ്യഭിചാരിയെ എറിഞ്ഞ് കൊല്ലലാണ് ഇസ്‌ലാമിലെ ശിക്ഷയെങ്കിൽ അപകടം വേറെയുമുണ്ട്. അടിമകൾ തെറ്റ് ചെയ്താൽ-ഏത് തെറ്റായാലും ശരി- സ്വതന്ത്രർക്കുള്ള ശിക്ഷയുടെ പകുതി ശിക്ഷയാണ് നൽകേണ്ടതെന്ന് ഖുർആൻ പറയുന്നു. (4:25). അപ്പോൾ ഒരടിമ വ്യഭിചരിച്ചാൽ ഖുർആൻ അനുസരിച്ച് 50 അടി കൊടുത്ത് അവനെ ശിക്ഷിക്കാം. പക്ഷേ ഖുർആൻ വിരുദ്ധമായ എറിഞ്ഞ് കൊല്ലൽ നടപ്പാകുമ്പോൾ അടിമയെ പകുതി എറിഞ്ഞ് കൊല്ലാൻ പറ്റുമോ?

*(അവസാനിക്കുന്നില്ല)*

മതേതര ഇന്ത്യയിൽ
2 മത ന്യൂനപക്ഷങ്ങളുടെ പങ്ക്

# മൗലവി ചേകനൂരും സാമൂഹിക പരിഷ്കരണവും

ഷംസു പേങ്ങാട്
shamsu47@gmail.com

ഇന്ത്യയിൽ എല്ലാ മതങ്ങൾക്കും തുല്യ പരിഗണനയാണ് ഭരണഘടന അനുശാസിക്കുന്നത്. ഇവിടത്തെ ഭരണകൂടങ്ങൾ ജനാധിപത്യ-മതേതര തത്വങ്ങൾക്കനുസൃതമായിട്ടായിരിക്കണം പ്രവർത്തിക്കേണ്ടതെന്നും ചട്ടമുണ്ട്. എന്നാൽ വർഗീയ-തീവ്രവാദ പ്രവർത്തനങ്ങൾക്ക് എതിരെ ശക്തമായ നടപടികൾ സ്വീകരിക്കാൻ പലപ്പോഴും അധികൃതർ മടിക്കുന്നതായി ആക്ഷേപമുണ്ട്. ഇതേപോലെ ചില സർക്കാർ ഓഫീസുകളിലും മറ്റും പ്രത്യേക അവസരങ്ങളിൽ മതാനുഷ്ഠാനങ്ങൾ നടത്തുന്നുവെന്ന ആക്ഷേപവുമുണ്ട്. ഉദ്യോഗസ്ഥരേയും മറ്റു ഉത്തരവാദപ്പെട്ടവരേയും സർക്കാർ നിയന്ത്രിക്കേണ്ടതുണ്ട്. മതവിശ്വാസം വ്യക്തിപരമാണ്. അത് സർക്കാർ തലത്തിലേക്ക് വ്യാപിപ്പിക്കുമ്പോൾ പ്രശ്നങ്ങൾക്ക് കാരണമാകുമെന്നു അവരെ ബോധ്യപ്പെടുത്തേണ്ട ബാധ്യത ഭരണകൂടത്തിനുണ്ട്.

ഇതേപോലെ ആഘോഷ വേളകളിലും മറ്റും റോഡുകളിലൂടെ മതപരമായ റാലികൾ നടത്തുന്നത് മറ്റു വിഭാഗങ്ങൾക്ക് അലോസരമുണ്ടാക്കും. ഭക്തി മനുഷ്യന്റെ ഹൃദയത്തിലാണ് വേണ്ടതെന്നു അറിയുക. ആകാശം പ്രകമ്പനം കൊള്ളുന്ന വിധത്തിൽ ശബ്ദകോലാഹലങ്ങളുയർത്തി മുദ്രാവാക്യം വിളിച്ചാൽ കേൾക്കുന്നവനല്ല ഈശ്വരൻ, മനസ്സിന്റെ അഗാധതയിലുള്ളതുപോലും ഈശ്വരനറിയുമെന്നാണ് വിശ്വാസമെന്നിരിക്കേ ഭക്തി പ്രകടിപ്പിച്ചുള്ള ഈ പൊങ്ങച്ചങ്ങൾ യഥാർഥത്തിൽ ഈശ്വര നിന്ദയാണ്; മതനിരാസമാണ്.

മതവിശ്വാസത്തേയും ഭക്തിയേയും ഹൃദയത്തിൽ ഒതുക്കുന്നതിന് പകരം പ്രകടനങ്ങളിലൂടെ പൊങ്ങച്ചങ്ങൾ കാണിക്കുന്നവർ യഥാർഥ വിശ്വാസികളായിരിക്കില്ല. തന്നെയുമല്ല ഇത്തരം പ്രവർത്തനങ്ങൾ ആരിൽ നിന്നുണ്ടായാലും ആ മതത്തോടോ മതവിഭാഗത്തോടോ അനുകമ്പയല്ല അത് മറ്റുള്ളവരിൽ ഉണ്ടാക്കുകയെന്ന ബോധം ഇവർക്ക് നഷ്ടപ്പെടുകയാണ്. ആത്മീയാചാരങ്ങളെ ഭൗതികവൽക്കരിക്കുമ്പോൾ അത് രാജ്യത്തിനും നാടിന്റെ മതേതര പൈതൃകത്തിനും ഏൽപ്പിക്കുന്ന മുറിവുകളെക്കുറിച്ച് ആരും കാണാതെ പോകരുത്. മാനവ സൗഹാർദത്തിന് പേരുകേട്ട ഭാരതത്തിൽ മതസഹിഷ്ണുത ഊട്ടിയുറപ്പിക്കുന്ന പ്രവർത്തനങ്ങൾ അനവരതം ഇനിയും തുടരേണ്ടിയിരിക്കുന്നു. ഇതിനു പകരം സങ്കുചിത താല്പര്യങ്ങൾ വച്ച് പുലർത്തുകയും മത വിശ്വാസങ്ങളെ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നവരെ ഭരണകൂടങ്ങൾ നിയന്ത്രിക്കേണ്ടിയിരിക്കുന്നു. ജനാധിപത്യം, സോഷ്യലിസം, മതേതരത്വം തുടങ്ങിയ ആദർശങ്ങൾക്ക് പോറലേൽക്കുന്ന പ്രവൃത്തികൾ; അതെത്ര ചെറുതായാലും ആരിൽ നിന്നും ഉണ്ടായിക്കൂടാ. സാക്ഷരതയിലും വിദ്യാഭ്യാസത്തിലും ഇന്ത്യാ രാജ്യം ഏറെ പുരോഗതി നേടിയപ്പോൾ സാംസ്കാരികമായി അധഃപതനമാണുണ്ടായതെന്നും നാം കാണാതിരുന്നുകൂടാ. മുൻകാലങ്ങളിൽ മതേതര വീക്ഷണത്തിനു ശക്തി പകരാൻ എവിടേയും നല്ലൊരു യുവജനനിര ഉണ്ടായിരുന്നു. ആ നിര ഇന്നു ക്രമേണ സങ്കുചിത വീക്ഷണ ധാരയിൽ അലിഞ്ഞു ചേരുന്ന കാഴ്ചയാണ് എവിടേയും ദൃശ്യമാകുന്നത്. ഇവിടെ വിപരീത ശക്തികളാണ് ബലപ്പെടുന്നത്. ഇതിനു മാറ്റം വരാതെ പോയാൽ ആത്യന്തിക നഷ്ടം രാജ്യത്തിനായിരിക്കും.

വിശുദ്ധ ഖുർആൻ ആവർത്തിച്ച് ഉണർത്തിയ സർവമത സത്യവാദം, സഹിഷ്ണുത, വിനയം, കരുണ, സാഹോദര്യം തുടങ്ങിയ ഉന്നത

ആശയങ്ങൾ ഉൾക്കൊള്ളുന്നപക്ഷം ന്യൂനപക്ഷ സമുദായങ്ങൾക്ക് ഭാരതത്തെ പോലുള്ള ഒരു ബഹുമുഖ സമൂഹത്തിൽ നല്ല സഹവർത്തിത്വം സൃഷ്ടിച്ചെടുക്കാൻ സാധിക്കും. യാ അയ്യുഹന്നാസ് ഇന്നാ ഹലഖ്നാക്കും മിൻ ദകരിൻ വ ഉൻസാ, വജഅൽനാക്കും ശുഊബൻ വ കബാഇല ലി തആറഫു... മനുഷ്യരെ ഒരാണിൽ നിന്നും പെണ്ണിൽ നിന്നുമാണ് സൃഷ്ടിച്ചിരിക്കുന്നതെന്നും കുടുംബപരമോ വംശീയമോ ജാതീയമോ വർഗപരമോ ആയ വേർതിരിവുകൾക്കൊന്നും ഒരു പ്രാധാന്യവും ഇല്ലെന്നും ഖുർആൻ പറയുമ്പോൾ നല്ല സഹവർത്തിത്വത്തിനെന്ത് തടസ്സമാണുള്ളത്?

വിവാഹം അതത് മതത്തിൽ നിന്നേ പാടുള്ളൂവെന്ന പാരമ്പര്യ വിശ്വാസം വിശുദ്ധ ഗ്രന്ഥം ഉയർത്തുന്ന ഉന്നത മൂല്യങ്ങൾക്കും സർവമത സത്യവാദത്തിനും നിരക്കുന്നതല്ല. മിശ്രവിവാഹം പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണെന്ന കാര്യത്തിൽ തർക്കമുള്ളത് യാഥാസ്ഥിതികർക്ക് മാത്രമാണ്. മതംമാറ്റം വഴി മാത്രമേ അന്യ സമുദായത്തിൽ നിന്ന് വിവാഹ ബന്ധം ആകാവൂ എന്നതാണ് യാഥാസ്ഥിതികരുടെ നിലപാട്. ഭാരതത്തെ പോലുള്ള ഒരു രാജ്യത്ത് മിശ്രവിവാഹം പ്രോത്സാഹിപ്പിക്കപ്പെടുമ്പോൾ മാത്രമേ സമുദായങ്ങൾക്കിടയിൽ നിലനിൽക്കുന്ന സ്പർധയ്ക്ക് ഒരു പരിധിവരെയെങ്കിലും ശമനം കൈവരൂ. ന്യൂനപക്ഷങ്ങൾക്കിടയിൽ വ്യാപകമായ മതാവേശമുണ്ടാവുന്നത് ഭൂരിപക്ഷ സമുദായത്തിൽ വർഗീയത തഴച്ചു വളരാനേ സഹായകമാവൂ. മതം തെരുവിൽ പോലും പ്രതീകാത്മകവും കമ്പോളച്ചരക്കുമായി മാറുന്ന കാഴ്ച ദയനീയമാണ്.

ഇന്നിപ്പോൾ മുസ്ലിം സമുദായത്തിലെ സ്ത്രീകൾക്ക് മേൽ പുരോഹിത വർഗം അടിച്ചേൽപ്പിക്കുന്ന പർദ ഇസ്ലാമികമല്ല. അലങ്കാര വസ്ത്രം ധരിക്കാനാണ് ഖുർആന്റെ കൽപ്പന. പർദ അലങ്കാര വസ്ത്രമല്ല. ഇക്കാര്യം പർദവാദികളും സമ്മതിക്കാതിരിക്കില്ല. പർദ ധാരണം വ്യാപകമായതോടെ ഭൂരിപക്ഷ സമുദായത്തിൽ മുസ്ലിം ന്യൂനപക്ഷത്തോട് അകൽച്ച വർധിച്ചിരിക്കുകയാണ്. പുരുഷന്മാരുടെ തൊപ്പി ധരിക്കലും താടി നീട്ടലും ഇതേപോലെ ഭൂരിപക്ഷ സമുദായത്തിൽ ആശങ്ക സൃഷ്ടിക്കാനും വർഗീയമായ ചേരിതിരിവിന് ആക്കം കൂട്ടാനും മാത്രമേ ഉപകരിച്ചിട്ടുള്ളൂ. യഥാർഥ മതം സഹിഷ്ണുതയുടേയും പുരോഗമനത്തിന്റേയും ദർശനമാണ്. പൊങ്ങച്ചങ്ങൾക്കും ആഭാസങ്ങൾക്കും പ്രതീകാത്മക വേഷങ്ങൾക്കും മതത്തിൽ സ്ഥാനമില്ല.

മതേതര രാജ്യത്താണ് ജീവിക്കുന്നതെന്ന ബോധം മതന്യൂനപക്ഷങ്ങൾക്ക് എപ്പോഴും ഉണ്ടാവണം. നിർഭാഗ്യവശാൽ മുസ്ലിം ന്യൂനപക്ഷം പുരോഹിത ജൽപ്പനങ്ങൾക്കും അന്ധമായ അനുകരണങ്ങൾക്കും വഴങ്ങി പലപ്പോഴും ഈ യാഥാർഥ്യം മറന്നു ജീവിക്കുന്നു. തെറ്റായ മതബോധത്തിന്റെ

**വിവാഹം അതത് മതത്തിൽ നിന്നേ പാടുള്ളൂവെന്ന പാരമ്പര്യ വിശ്വാസം വിശുദ്ധ ഗ്രന്ഥം ഉയർത്തുന്ന ഉന്നത മൂല്യങ്ങൾക്കും സർവമത സത്യവാദത്തിനും നിരക്കുന്നതല്ല. മിശ്രവിവാഹം പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണെന്ന കാര്യത്തിൽ തർക്കമുള്ളത് യാഥാസ്ഥിതികർക്ക് മാത്രമാണ്. മതംമാറ്റം വഴി മാത്രമേ അന്യ സമുദായത്തിൽ നിന്ന് വിവാഹ ബന്ധം ആകാവൂ എന്നതാണ് യാഥാസ്ഥിതികരുടെ നിലപാട്. ഭാരതത്തെ പോലുള്ള ഒരു രാജ്യത്ത് മിശ്രവിവാഹം പ്രോത്സാഹിപ്പിക്കപ്പെടുമ്പോഴേ സമുദായങ്ങൾക്കിടയിൽ നിലനിൽക്കുന്ന സ്പർധയ്ക്ക് ഒരു പരിധിവരെയെങ്കിലും ശമനം കൈവരൂ.**

ഫലമായി കാണപ്പെടുന്ന ആഭാസങ്ങൾ ഭൂരിപക്ഷ സമുദായത്തിലും വർഗീയത തഴച്ചു വളരുന്നതിനു കാരണമാവുന്നു. ഇതിന്റെ ഫലമായി രാജ്യത്ത് കുഴപ്പങ്ങൾ ആവർത്തിക്കുമ്പോൾ ഭരണാധികാരികൾ കാഴ്ചക്കാരായി നോക്കി നിൽക്കുന്നു. യാഥാസ്ഥിതിക-പിന്തിരിപ്പൻ ആചാരങ്ങളിൽ നിന്നു മുസ്ലീം സമുദായം പുരോഗമന വീക്ഷണത്തിലേക്ക് കടക്കുമ്പോൾ മാത്രമേ ഒരു മതേതര രാജ്യത്ത് മാതൃകാപരമായ ജീവിതം നയിക്കാൻ സാധിക്കൂ. ക്രിസ്ത്യൻ ന്യൂനപക്ഷത്തിന്റെ സ്ഥിതിയും ഇതിൽ നിന്നു വ്യത്യസ്തമല്ല. എങ്കിൽപ്പോലും ഒരു പരിധിവരെ മുസ്ലിംകളെക്കാൾ കൂടുതൽ ബഹുമുഖ സംസ്കാരവുമായി ഇണങ്ങിച്ചേരാൻ ക്രിസ്ത്യൻ ന്യൂനപക്ഷ സമുദായാംഗങ്ങൾക്ക് കഴിയുന്നുണ്ടെന്ന കാര്യം സമ്മതിച്ചേ തീരു.

ആധുനിക ഭാരതം ദർശിച്ച ഏറ്റവും ഉന്നതനായ സാമൂഹിക പരിഷ്കർത്താവായിരുന്നു പി.കെ മുഹമ്മദ് അബുൽ ഹസൻ ബാഖവി എന്ന മൗലവി ചേകനൂർ, ഭാരതത്തിലെ പ്രധാന ന്യൂനപക്ഷമായ മുസ്ലിം സമുദായത്തിൽ നിലനിന്നു പോന്ന അന്ധവിശ്വാസങ്ങൾക്കും ദുരാചാരങ്ങൾക്കുമെതിരെ ശക്തമായി ശബ്ദിച്ച അദ്ദേഹം എഴുത്തുകാരനും പത്രപ്രവർത്തകനും കൂടിയായിരുന്നു. പിതാവ് ജീവിച്ചിരിക്കേ മകൻ മരണപ്പെട്ടാൽ മകന്റെ ഭാര്യയ്ക്കും മക്കൾക്കും സ്വത്തിൽ അവകാശമില്ലെന്ന പാരമ്പര്യവാദത്തിനെതിരെ വിശുദ്ധ ഖുർആൻ കൊണ്ട് പോരാടി മൗലവി ചേകനൂർ ലോകശ്രദ്ധ പിടിച്ചുപറ്റി. നീണ്ട 25 വർഷത്തെ ഖുർആൻ ഗവേഷണം

**ആധുനിക ഭാരതം ദർശിച്ച ഏറ്റവും ഉന്നതനായ സാമൂഹിക പരിഷ്കർത്താവായിരുന്നു പി.കെ. മുഹമ്മദ് അബുൽ ഹസൻ ബാഖവി എന്ന മൗലവി ചേകനൂർ. ഭാരതത്തിലെ പ്രധാന ന്യൂനപക്ഷമായ മുസ്‌ലിം സമുദായത്തിൽ നിലനിന്നുപോന്ന അന്ധവിശ്വാസങ്ങൾക്കും ദുരാചാരങ്ങൾക്കുമെതിരെ ശക്തമായി ശബ്ദിച്ച അദ്ദേഹം എഴുത്തുകാരനും പത്രപ്രവർത്തകനും കൂടിയായിരുന്നു. പിതാവ് ജീവിച്ചിരിക്കേ മകൻ മരണപ്പെട്ടാൽ മകന്റെ ഭാര്യയ്ക്കും മക്കൾക്കും സ്വത്തിൽ അവകാശമില്ലെന്ന പാരമ്പര്യ വാദത്തിനെതിരെ വിശുദ്ധ ഖുർആൻ കൊണ്ട് പോരാടി മൗലവി ചേകനൂർ ലോകശ്രദ്ധ പിടിച്ചുപറ്റി.**

വഴി അദ്ദേഹം പുറത്തുവിട്ട യാഥാർഥ്യങ്ങൾ പുരോഹിത ജൽപ്പനങ്ങളെ നിരാകരിക്കുന്നവയായിരുന്നു. അദ്ദേഹത്തിന്റെ സാമൂഹിക പരിഷ്കരണ നടപടികളിൽ കടുത്ത നിരാശ പൂണ്ടവർ ചതിയിലൂടെ വകവരുത്തിയെങ്കിലും ഗവേഷണത്തിന്റെ വാതായനങ്ങൾ മലർക്കെ തുറന്ന അദ്ദേഹം സമർഥിച്ച ആശയങ്ങൾ മുസ്‌ലിംകൾക്കിടയിൽ ഇന്നു പ്രചാരം നേടി വരികയാണ്.

പ്രവാചകൻ മുഹമ്മദ് നബിയുടേയും നാല് ഖലീഫമാരുടേയും ഭരണകാലം അറേബ്യയെ സംബന്ധിച്ചിടത്തോളം സുവർണ കാലഘട്ടമായിരുന്നു. സച്ചരിതരും ഋജുതൽപ്പരരുമായിരുന്നു അബൂബക്കർ, ഉമർ, ഉസ്മാൻ, അലി എന്നീ നാലു ഖലിഫമാർ. ഈ ഖലീഫമാരുടെ ഭരണ ശേഷം മുമ്പ് മുഹമ്മദ് നബി എതിർത്ത അറബി യാഥാസ്ഥികത ചിലർ വീണ്ടും ഇസ്‌ലാമിൽ അടിച്ചേൽപ്പിക്കാൻ ശ്രമിച്ചതാണ് തീർത്തും പുരോഗമനപരമായ മതത്തെ ജനം ഏറെ തെറ്റിദ്ധരിക്കാൻ കാരണമായത്.

നാലാം ഖിഫ അലിക്കു ശേഷം ഇസ്‌ലാമിക സാമ്രാജ്യം പിടിച്ചടക്കാൻ കഠിനശ്രമം നടത്തിയ ചിലർ വിശ്വാസികളെ തങ്ങളുടെ ചൊൽപ്പടിക്കു നിർത്താൻ ഖുർആൻ വിരുദ്ധങ്ങളായ പല വ്യാജ ഹദീസുകളും നിർമിച്ചു. പ്രവാചകന്റെ കുടുംബത്തെ നിശ്ശേഷം തുടച്ചു നീക്കി ചിലർ അധികാര സോപാനങ്ങൾ കീഴടക്കിയതോടെ ഇസ്‌ലാമിൽ ഖുർആൻ മാത്രമല്ല പ്രമാണം എന്ന അവസ്ഥ ഉണ്ടായി. സ്ഥാപിത താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ആയിരക്കണക്കിനു വ്യാജ ഹദീസുകൾ ഭരണകൂടത്തിന്റെ അറിവോടെ കൊട്ടാര പുരോഹിതർ എഴുതിയുണ്ടാക്കിയെന്ന പരമാർഥത്തെ ഇസ്‌ലാമിക ചരിത്രം അറിയുന്ന ആർക്കും നിഷേധിക്കുക സാധ്യമല്ല. ഇത്തരം ഹദീസുകൾ പ്രമാണമാക്കിയതോടെ സമുദായത്തിൽ ദുരാചാരങ്ങൾ ഏറിവന്നു. നൂറ്റാണ്ടുകൾ മാറിമാറി വന്നതോടെ ഖുർആൻ വല്ലപ്പോഴും അർഥമറിയാതെ പാരായണം ചെയ്യപ്പെടുന്ന ഗ്രന്ഥം മാത്രമായി മാറി. പകരം വ്യാജ ഹദീസുകൾ മതപ്രമാണങ്ങളായിത്തീർന്നു. ഇത് നിമിത്തം സമുദായത്തിൽ നിലനിന്ന ദുരാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും ചോദ്യം ചെയ്യുന്നവർ മുഴുവൻ മതവിരുദ്ധരാണെന്ന ധാരണ സൃഷ്ടിക്കപ്പെട്ടു. മുഹമ്മദ് അബുൽ ഹസ്സൻ ബാഖവി എന്ന മൗലവി ചേകനൂരിനേയും സമുദായത്തിലെ ഒരു വിഭാഗം ഇങ്ങനെ തെറ്റിദ്ധരിച്ചിരിക്കുകയാണ്.

സമൂഹത്തിൽ വിദ്യാഭ്യാസപരമായും സാമൂഹിക-സാംസ്കാരികപരമായും മുന്നാക്കം നിൽക്കേണ്ട മുസ്‌ലിം സമുദായം എന്നും പിന്നാക്കക്കാരായി അധഃപതിക്കാൻ കാരണം ഖുർആനെ പാടേ ഉപേക്ഷിച്ചു ഹദീസുകളെ പ്രമാണമാക്കിയതായിരുന്നു. അക്ഷരാഭ്യാസം ഖുർആൻ മുസ്‌ലിംകൾക്ക് നിർബന്ധമാക്കിയപ്പോൾ ഹദീസ് പ്രകാരം അത് നിർബന്ധമല്ല. എന്നു മാത്രമല്ല; അക്ഷരാഭ്യാസം നേടുന്നത് പുരോഹിതർ തടയുകയും ചെയ്തതിന്റെ ഫലമായി വിദ്യാഭ്യാസ കാര്യത്തിൽ മുസ് ലിംകൾ പിന്നാക്കക്കാരായി. പുരോഹിതന്മാർ സാംസ്കാരിക നവോത്ഥാന രംഗത്ത് നേതൃത്വം നൽകുന്നതിനു പകരം പള്ളികളിൽ ഒതുങ്ങിക്കൂടി സമുദായത്തെ നിരന്തം ചൂഷണം ചെയ്തു. കേവലാരാധനകൾക്ക് പ്രാമുഖ്യം നൽകി ജനത്തെ അന്ധവിശ്വാസങ്ങളിൽ തളച്ചിട്ടു. ശ്രേഷ്ഠ സമുദായമായി ഖുർആൻ പ്രഖ്യാപിച്ചവർ അങ്ങനെ ഒരു പറ്റം പുരോഹിതരുടെ പണിയാളുകളായി.

പ്രവാചകന്റെ അനുചരന്മാർക്കുപോലും സൽക്കർമങ്ങൾ അനുഷ്ഠിച്ചിട്ടുണ്ടെങ്കിലേ ഗുണമുള്ളൂവെന്ന് ഖുർആൻ പ്രഖ്യാപിക്കുന്നു. കേവല ആരാധനകൾ കൊണ്ടു മാത്രം ഒരു പ്രയോജനവും ഇല്ലെന്ന് വ്യക്തമാക്കുകയാണിവിടെ. മൗലവി ചേകനൂർ ആവർത്തിച്ചു പറഞ്ഞ ഇക്കാര്യം ഉൾക്കൊള്ളാൻ വൈകുന്തോറും സമുദായം കൂടുതൽ അധഃപതിക്കുകയാണ് ചെയ്യുക. ഖുർആനെ അവഗണിച്ച് ഹദീസുകൾക്കാണ് സമുദായം പ്രത്യേകം പ്രാമുഖ്യം കൽപ്പിക്കുന്നതെന്ന് മൗലവി പറഞ്ഞതറിഞ്ഞ് ആരും നെറ്റി ചുളിക്കേണ്ട ആവശ്യമില്ല. ഇന്നും നമ്മുടെ മതപഠന കേന്ദ്രങ്ങളിൽ ഹദീസ് പഠനത്തിനാണ് ഒന്നാം സ്ഥാനം. ഖുർആൻ വ്യാഖ്യാനമാണ് ഹദീസെന്നാണ് ചിലർ പറയുന്നത്. ഇത് തെറ്റാണെന്ന് പറയാതെ വയ്യ. ഖുർആനും ഹദീസും തമ്മിൽ വളരെ വൈരുധ്യങ്ങളുണ്ട്. മതപരമായ എല്ലാ കാര്യങ്ങൾക്കുമുള്ള പരിപൂർണ വിശദീകരണ ഗ്രന്ഥമായാണ് ഖുർആനെ അവതരിപ്പിച്ചതെന്ന് ഖുർആനിൽ തന്നെയുള്ളപ്പോൾ ഖുർആൻ പഠനത്തിനെന്തിനാണ് വൈരുധ്യങ്ങളുടെ കലവറയായ ഹദീസുകൾ?

*(അവസാനിക്കുന്നില്ല)*

# വേദ ദർശനം പ്രകാശനം

ഖുർആൻ സുന്നത്ത് സൊസൈറ്റി മുഖപത്രം വേദ ദർശനത്തിന്റെ പ്രകാശനം സൊസൈറ്റിയുടെ സ്ഥാപക നേതാക്കളിൽ പ്രമുഖനായ കെ. ശാഹുൽ ഹമീദ് നിർവഹിച്ചു.

2009 ഡിസംബർ 27ന് കോഴിക്കോട് മാനാഞ്ചിറ സ്ക്വയറിലെ സ്പോർട്സ് കൗൺസിൽ ഹാളിലെ തിങ്ങിനിറഞ്ഞ സദസ്സിനെ സാക്ഷിയാക്കി നടന്ന ചടങ്ങിൽ അബ്ദുൽ റഹ്മാൻ കൂത്തുപറമ്പ് ആദ്യപ്രതി ഏറ്റുവാങ്ങി. കെ.എസ്.എസ്. പ്രസിഡന്റും വേദ ദർശനം പ്രിന്റർ & പബ്ലിഷറുമായ കെ.കെ. സാലിം ഹാജി അധ്യക്ഷത വഹിച്ചു. സുലൈമാൻ നല്ലളം, അബ്ദു വെള്ളേങ്ങര, സുലൈമാൻ കാസർകോട്, ബഷീർ താനാളൂർ, എം. ബാവ മൂപ്പൻ, സി.എം.എ. സലാം എന്നിവർ സംസാരിച്ചു.

ചീഫ് എഡിറ്റർ മുതൂർ അബൂബക്കർ സ്വാഗതവും കോ-ഓർഡിനേറ്റർ എൻ.ടി.എ. കരീം നന്ദിയും പറഞ്ഞു.



വേദ ദർശനം പ്രകാശനം അബ്ദുൽ റഹ്മാൻ കൂത്തുപറമ്പിന് നൽകി കെ. ശാഹുൽ ഹമീദ് നിർവഹിക്കുന്നു.



## മാറഞ്ചേരി യൂണിറ്റ് ഭാരവാഹികൾ



***ടി.വി. ഹമീദ്***
**പ്രസിഡന്റ്**



***ഇ.കെ. ഹനീഫ***
**സെക്രട്ടറി**



***ടി.കെ. ഇബ്രാഹിം***
**ട്രഷറർ**

മുഹമ്മദുണ്ണി മൗലവി മാറഞ്ചേരിയുടെ അധ്യക്ഷതയിൽ ചേർന്ന കെ.എസ്.എസ് മാറഞ്ചേരി യൂണിറ്റ് യോഗം താഴെ പറയുന്നവരെ പുതിയ ഭാരവാഹികളായി തിരഞ്ഞെടുത്തു.

ടി.വി. ഹമീദ് (പ്രസിഡന്റ്), ടി.കെ. മൂസ (വൈസ് പ്രസിഡന്റ്), ഇ.കെ. ഹനീഫ (സെക്രട്ടറി), പി.എ. മജീദ് (ജോയിന്റ് സെക്രട്ടറി), ടി.കെ. ഇബ്രാഹിം (ട്രഷറർ).

# സാലിം ഹാജി വീണ്ടും പ്രസിഡന്റ്

ഖുർആൻ സുന്നത്ത് സൊസൈറ്റി കേന്ദ്ര കമ്മിറ്റി പ്രസിഡന്റായി കെ.കെ. സാലിം ഹാജിയും ജനറൽ സെക്രട്ടറിയായി മുതൂർ അബൂബക്കറും സെക്രട്ടറിയായി ബി.വി. സക്കീറും ട്രഷററായി എൻ. ടി.എ. കരീമും വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. ഡോ. അബ്ദുൽ ജലീൽ പുറ്റെക്കാട്, കെ. ശാഹുൽ ഹമീദ് എന്നിവരെ വൈസ് പ്രസിഡന്റുമാരായും ബീരാൻകുട്ടി കുനിയിലിനെ സെക്രട്ടറിയായും തിരഞ്ഞെടുത്തു. അബ്ദുൽ റഹ്മാൻ കൂത്തുപറമ്പ്, അബൂബക്കർ മേനപ്രം, ബഷീർ താനാളൂർ, മൂസ മാറഞ്ചേരി, ഇമ്പിച്ചിക്കോയ ചെനക്കലങ്ങാടി, ഇഖ്ബാൽ കക്കിടി, അബ്ദു വെള്ളേങ്ങര, ചെമ്പ്ര കുഞ്ഞുമുഹമ്മദ്, എം.എസ്. റഷീദ്, പി.കെ. ഫിയാസ്, കരീം പുറ്റെക്കാട് എന്നിവരാണ് 18 അംഗ പ്രവർത്തക സമിതിയിലെ മറ്റു അംഗങ്ങൾ.

പ്രസിഡന്റ് സാലിം ഹാജിയുടെ അധ്യക്ഷതയിൽ കോഴിക്കോട്ട് ചേർന്ന വാർഷിക ജനറൽബോഡി യോഗമാണ് അടുത്ത രണ്ട് വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തത്. കെ.എസ്.എസ്. കോഴിക്കോട് ജില്ലാ പ്രസിഡന്റ് മൻസൂർ ചെറുവണ്ണൂർ അവതരിപ്പിച്ച പാനൽ ഐക്യകണ്ഠേന അംഗീകരിക്കുകയായിരുന്നു. റിട്ടേണിങ് ഓഫീസറായ സി.എം.എ. സലാം തിരഞ്ഞെടുപ്പ് നിയന്ത്രിച്ചു. ബി.വി. സക്കീർ റിപ്പോർട്ട് അവതരിപ്പിച്ചു. മുതൂർ അബൂബക്കർ സ്വാഗതവും എൻ.ടി.എ.കരീം നന്ദിയും പറഞ്ഞു. കേന്ദ്ര പ്രവർത്തക സമിതിയിൽ സൊസൈറ്റിയുടെ ജില്ലാ-ഏരിയാ-യൂണിറ്റ് കമ്മിറ്റികളുടെ പ്രസിഡന്റ്, സെക്രട്ടറി, ഖജാൻജി എന്നിവർ പ്രത്യേക ക്ഷണിതാക്കളായിരിക്കും.

പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ എല്ലാവരും വേദ ദർശനം പത്രാധിപ സമിതി അംഗങ്ങളാണ്. പ്രസിഡന്റായിരുന്ന ഡോ. വി.പി.പി. കുഞ്ഞബ്ദുല്ലയുടെ നിര്യാണത്തെത്തുടർന്നാണ് ആദ്യമായി സാലിം ഹാജി അധ്യക്ഷ സ്ഥാനത്തെത്തുന്നത്. തുടർന്ന് വർഷങ്ങളായി സൊസൈറ്റിയെ നയിക്കുന്ന ഇദ്ദേഹം എടപ്പാളിനടുത്ത മാണൂർ സ്വദേശിയാണ്. എടപ്പാൾ കോ-ഓപ്പറേറ്റീവ് ബാങ്ക് ഡയരക്ടറും വട്ടംകുളം പഞ്ചായത്ത് മെമ്പറുമായിരുന്നു. വൈസ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ഡോ. അബ്ദുൽ ജലീൽ പുറ്റെക്കാട് മുൻ ജനറൽ സെക്രട്ടറിയും പ്രസ്ഥാനത്തിന്റെ സജീവ പ്രവർത്തകനുമാണ്. ഇന്ത്യയ്ക്കകത്തും പുറത്തും സൊസൈറ്റിയുടെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിൽ നിർണായക പങ്കുവഹിച്ച ഡോ. അബ്ദുൽ ജലീൽ കോഴി

## ചേകനൂർ വെബ്സൈറ്റിന് ഹിറ്റുകളേറെ

മൗലവി ചേകനൂരിന്റെ പേരിൽ ഖുർആൻ സുന്നത്ത് സൊസൈറ്റി കേന്ദ്ര കമ്മിറ്റി രൂപം നൽകിയ വെബ്സൈറ്റായ www.chekanoormoulavi.com ന് റിക്കാർഡ് ഹിറ്റ്. കേവലം ഒരു വർഷത്തിനുള്ളിൽ തന്നെ 15,000 ഹിറ്റുകൾ ഈ വെബ്സൈറ്റിനുണ്ടായി. (ഇന്റർനെറ്റിൽ സൈറ്റ് സന്ദർശിക്കുന്നവരുടെ എണ്ണത്തെ സൂചിപ്പിക്കുന്ന പദമാണ് ഹിറ്റ്). 2009 ജനുവരി 26ന് നടന്ന കെ.എസ്.എസ്. കോഴിക്കോട് ജില്ലാ സമ്മേളനത്തിൽ വച്ചാണ് വെബ്സൈറ്റ് ഉദ്ഘാടനം ചെയ്യപ്പെട്ടത്. ഒരു പരസ്യവും നൽകാതിരുന്നിട്ടും കേട്ടറിഞ്ഞവർ നൽകിയ പബ്ലിസിറ്റിയാണ് ഇതിനെ ഇത്രയേറെ ജനകീയമാക്കിയത്.

ഇംഗ്ലീഷ്, മലയാളം ഭാഷകളിലായാണ് വെബ്സൈറ്റ് രൂപപ്പെടുത്തിയിരിക്കുന്നത്. ചേകനൂരിന്റെ ഓഡിയോ-വീഡിയോ പ്രഭാഷണങ്ങൾ, അദ്ദേഹത്തിന്റെ ലേഖനങ്ങൾ, മൗലവിയെക്കുറിച്ച് എഴുതപ്പെട്ട റിപ്പോർട്ടുകൾ, ആശയസംവാദങ്ങൾ തുടങ്ങിയവയ്ക്ക് പുറമെ സൊസൈറ്റി ജനറൽ സെക്രട്ടറി മുതൂർ അബൂബക്കറിന്റെ പ്രസംഗത്തിന്റെ വീഡിയോയും ഈ വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വേദ ദർശനത്തിന്റെ മുൻലക്കങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

Printed & Published by K.K. Salim Hajee @ Guru Offset & Graphics, Clt-4, for Khur-aan Sunnath Society (K.S.S.) Central Committee, Moulavi Chekanoor Memorial Building, Kozhikode-16. Chief Editor: Mudur Aboobacker.

INTERNAL CIRCULATION ONLY.



കെ.കെ. സാലിം ഹാജി
പ്രസിഡന്റ്



മുതൂർ അബൂബക്കർ
ജനറൽ സെക്രട്ടറി



എൻ.ടി.എ. കരീം
ട്രഷറർ

ക്കോട് ജില്ലയിലെ ഫറോക്കിനടുത്ത പുറ്റെക്കാട് സ്വദേശിയാണ്. കോഴിക്കോട് ഡെന്റൽ കോളജിലെ പ്രഥമ ബാച്ചിലെ വിദ്യാർഥിയായിരുന്ന ഇദ്ദേഹം ഇപ്പോൾ ബഹ്റൈനിലെ ഷിഫ അൽ ജസീറ മെഡിക്കൽ സെന്ററിൽ ഡെന്റൽ സർജനായി പ്രവർത്തിച്ചുവരുന്നു. മറ്റൊരു വൈസ് പ്രസിഡന്റ് കെ. ശാഹുൽ ഹമീദ് കോട്ടക്കലിനടുത്ത പറപ്പൂര് സ്വദേശിയാണ്. സൊസൈറ്റിയുടെ സ്ഥാപക നേതാക്കളിലൊരാളായ അദ്ദേഹം മൗലവി ചേകനൂരിനൊപ്പം ആശയപ്രചാരണ രംഗത്ത് നിരവധി കാലം ഉണ്ടായിരുന്നു. മുജാഹിദ് പ്രസ്ഥാനത്തിന്റെ യുവ നേതാക്കളിൽ ശ്രദ്ധേയനായിരുന്നു ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട മുതൂർ അബൂബക്കർ. രണ്ടായിരാമാണ്ടിലാണ് അദ്ദേഹം ഖുർആൻ സുന്നത്ത് സൊസൈറ്റിയിലെത്തുന്നത്. മികച്ച വാഗ്മിയായ ഇദ്ദേഹം ചേകനൂരിനടുത്ത മുതൂർ സ്വദേശിയാണ്. പുതിയ സെക്രട്ടറിമാരിലൊരാളായ ബി.വി. സക്കീർ കെ.എസ്.എസ്സിന്റെ മുൻ കോഴിക്കോട് ജില്ലാ പ്രസിഡന്റാണ്. കാലിക്കറ്റ് യൂനിവേഴ്സിറ്റിയിൽ നിന്ന് മലയാളത്തിൽ ബിരുദവും ഭാരതീയ വിദ്യാഭവനിൽ നിന്ന് പത്രപ്രവർത്തനത്തിൽ ബിരുദാനന്തര ഡിപ്ലോമയും നേടിയ ഇദ്ദേഹം ഇപ്പോൾ മലയാള മനോരമയിൽ ഇൻഡെക്സിങ് അസിസ്റ്റന്റായി പ്രവർത്തിച്ചുവരുന്നു. മറ്റൊരു സെക്രട്ടറി കുനിയിൽ ബീരാൻകുട്ടി അരീക്കോടിനടുത്ത കുനിയിൽ സ്വദേശിയാണ്. പ്രസ്ഥാനത്തിന്റെ പ്രാസംഗികനും സീനിയർ നേതാക്കളിലൊരാളുമായ ഇദ്ദേഹം അരീക്കോട്, കുനിയിൽ, ചെറുവാടി തുടങ്ങിയ ഭാഗങ്ങളിൽ പ്രസ്ഥാനത്തിന് വേരോട്ടമുണ്ടാക്കുന്നതിൽ മുഖ്യ പങ്കുവഹിച്ചു. കോഴിക്കോട് മാങ്കാവ് സ്വദേശിയായ ട്രഷറർ എൻ.ടി.എ. കരീം സൊസൈറ്റിയുടെ ഗവേഷണ വിഭാഗമായ ഖുർആൻ റിസേർച്ച് സെന്റർ ട്രസ്റ്റിന്റെ ഫൈനാൻസ് ട്രസ്റ്റിയാണ്. ബിൽഡിങ്ങ് കോൺട്രാക്റ്ററായ ഇദ്ദേഹം ബിൽഡേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ കോഴിക്കോട് ചാപ്റ്റർ സെക്രട്ടറിയാണ്. ലയൺസ് ക്ലബ്ബ് ഉൾപ്പെടെയുള്ള വിവിധ സംഘടനകളുമായും ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന കരീം കെ.എസ്.എസ്. സ്ഥാപകനേതാക്കളിലൊരാളും മൗലവി ചേകനൂരിന്റെ സന്തതസഹചാരിയുമായിരുന്നു.

സൊസൈറ്റി സ്ഥാപകൻ മൗലവി ചേകനൂരിന്റെ കുടുംബത്തിൽ നിന്ന് മൂന്നുപേർ പുതിയ പ്രവർത്തക സമിതിയിലുണ്ട്. മൗലവിയുടെ അമ്മാവൻ സാലിം ഹാജി, മൗലവിയുടെ മകൻ പി.കെ. ഫിയാസ്, മരുമകൻ ഇഖ്ബാൽ കക്കിടി എന്നിവരാണവർ.

Veda Darsanam

Donation Rs. 12/-

# അട്ടിമറിക്കപ്പെട്ട ഇസ്‌ലാം?

നാളിതുവരെ നാം വഞ്ചിക്കപ്പെടുകയായിരുന്നു...
മുആവിയയിലൂടെ, അബൂ ഹുറൈറയിലൂടെ,
അട്ടിമറിക്കപ്പെട്ട ഇസ്‌ലാമിലൂടെ...

ഇസ്‌ലാമിക ചരിത്രത്തിന്റെ തുടക്കത്തിൽ നടന്ന
ആ അട്ടിമറിയെക്കുറിച്ച് പഠിക്കാൻ,
വിശുദ്ധ ഖുർആന് പകരം അവിശുദ്ധ ഹദീസുകൾ
മുഖ്യ പ്രമാണമായി മാറിയതെങ്ങനെ എന്നറിയാൻ,
ജൂത ഗൂഢാലോചനകൾ തിരിച്ചറിയാൻ,
അഹ്‌ലുസ്സുന്നത്തിന് പകരം
ഖുർആൻ സുന്നത്തിലേക്ക് മടങ്ങാൻ...

പഠിക്കുക;
പരിശോധിക്കുക;
ചിന്തിക്കുക.
റോബോട്ടുകളാവാതെ പ്രതികരിക്കുക!



സന്ദർശിക്കുക
**www.chekanoormoulavi.com**

ഖുർആൻ അലങ്കാരമല്ല; ആത്മാവാണ്!!